
PRICE ₹ 50/-

കേരള നിയമസഭയുടെ
ഔദ്യോഗിക ന്യൂസ് മാഗസിൻ

VOL 5 I ISSUE 5 I BIMONTHLY I OCTOBER 2025 I 48 PAGES



ജയവും തോൽവിയും 04

പാലിയേറ്റീവ് കെയർ–
ക്രിയാത്മകതയുടെ
മറ്റൊരു 'കേരള മോഡൽ' 07

സാമൂഹ്യസുരക്ഷാ പെൻഷൻ –
ചരിത്രവും പ്രസക്തിയും 11

സുസ്ഥിര കാർഷിക സമ്പദ്‌വ്യവസ്ഥ;
വെല്ലുവിളികളും പ്രതീക്ഷകളും 13

കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ് മാഗസിൻ

# ആസ്ഥാനം

വാല്യം 5 ലക്കം 5 ഒക്ടോബർ 2025

പത്രാധിപ സമിതി

ചീഫ് എഡിറ്റർ
**എ.എൻ.ഷംസീർ**
നിയമസഭാ സ്പീക്കർ

എക്സിക്യൂട്ടീവ് എഡിറ്റർ
**ഡോ.എൻ. കൃഷ്ണ കുമാർ**
സെക്രട്ടറി

അംഗങ്ങൾ

**റ്റി. മനോഹരൻ നായർ**
സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

**എം.കെ.റിജു**
സ്പീക്കറുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി

**ഷാജി സി. ബേബി**
സ്പെഷ്യൽ സെക്രട്ടറി

**പി. ഹരി**
അഡീഷണൽ സെക്രട്ടറി

**രജനി വി.ആർ.**
അഡീഷണൽ സെക്രട്ടറി

**വി.ജി.റിജു**
ജോയിന്റ് സെക്രട്ടറി

**ജ്യോതി എൽ.**
ജോയിന്റ് സെക്രട്ടറി

**റീന വി. ആർ.**
ജോയിന്റ് സെക്രട്ടറി

പ്രത്യേക ക്ഷണിതാക്കൾ

**ഇ. കെ. മുഷ്താഖ്**
സ്പീക്കറുടെ പ്രസ്സ് സെക്രട്ടറി

**പ്രീജിത്ത് രാജ്**
സ്പീക്കറുടെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി

പ്രസിദ്ധീകരണ വിഭാഗം
**വിവര വിഭവ വികസന 'ബി' വിഭാഗം**

രൂപകൽപ്പന
**ബിജി ജോൺ**

അച്ചടി
**നിയമസഭാ പ്രിന്റിംഗ് പ്രസ്സ്**

**കേരള നിയമസഭാ പ്രസിദ്ധീകരണം**
ഇ-മെയിൽ: kladrd@gmail.com
ഫോൺ : 0471-2512493, 2353

## മൊഴിമുഴക്കം

"മനുഷ്യൻ മനുഷ്യൻ ഞാനെന്നിൽനിന്നാരംഭിച്ചു
മഹത്താം പ്രപഞ്ചത്തിൻ ഭാസുരസങ്കല്പങ്ങൾ!
എന്നിലുണ്ടിന്നേവരെ ജീവിച്ച സംസ്കാരങ്ങൾ,
എന്നിലുണ്ടിനിയത്തെ വിടരും സംസ്കാരങ്ങൾ!"

– വയലാർ രാമവർമ്മ



# ഉൾത്താളുകളിലൂടെ ..........


ജയവും തോൽവിയും — 04
**എ.എൻ. ഷംസീർ**

പാലിയേറ്റീവ് കെയർ– ക്രിയാത്മകതയുടെ മറ്റൊരു 'കേരള മോഡൽ' — 07
**പിണറായി വിജയൻ**

സാമൂഹ്യസുരക്ഷാ പെൻഷൻ – ചരിത്രവും പ്രസക്തിയും — 11
**വി.ഡി. സതീശൻ**

സുസ്ഥിര കാർഷിക സമ്പദ്‌വ്യവസ്ഥ; വെല്ലുവിളികളും പ്രതീക്ഷകളും — 13
**ചിറ്റയം ഗോപകുമാർ**

സ്പീക്കറുടെ പൊതുപരിപാടികൾ — 18

സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ — 18

ചിത്രജാലകം — 24

സഭാ സമ്മേളന വാർത്ത — 26

പാർലമെന്റ് സമ്മേളന വാർത്ത — 26

വിജ്ഞാനപഥം — 27

നിയമസഭാ സമുച്ചയത്തിലെ പരിപാടികൾ — 28

സുപ്രധാന കോടതി വിധികൾ — 31

വേർപാട് — 32

മുൻ സാമാജികർ മനസ്സ് തുറക്കുന്നു — 35

സഭാ നായകരുടെ ജീവിതരേഖയിലൂടെ — 38

സഭാതലത്തിലെ മായാത്ത വ്യക്തിത്വങ്ങൾ — 39

നിയമസഭാ പ്രസംഗങ്ങളിലൂടെ — 40

കേരള നിയമസഭയുടെ ജനസൗഹൃദ നിയമങ്ങൾ — 43
**റ്റി. മനോഹരൻ നായർ**

നിയമസഭാ ലൈബ്രറിയിലെ പുതിയ പുസ്തകങ്ങളിലൂടെ — 46



# ജയവും തോൽവിയും

**എ. എൻ. ഷംസീർ**
സ്പീക്കർ

ജയിച്ചവർ തോറ്റവരെ കളിയാക്കരുത്. ഒരു കുഞ്ഞു മനസ്സിൽ നിന്ന് ഉയർന്ന മാനവികതയാണ് ഈ നിർദ്ദേശം. മൂന്നാം ക്ലാസുകാരനായ അഹാൻ അനൂപിന്റെ ഉത്തരക്കടലാസിൽ, ഇഷ്ടപ്പെട്ട കളി വ്യക്തമാക്കുകയും അതിനുള്ള നിയമാവലി തയ്യാറാക്കുകയും ചെയ്തുകൊണ്ട് എഴുതിയ നിർദ്ദേശങ്ങളിൽ അവസാനത്തേതായിരുന്നു ജയിച്ചവർ തോറ്റവരെ കളിയാക്കരുതെന്ന നിർദ്ദേശം. എന്റെ മണ്ഡലത്തിലെ, തലശ്ശേരി ഒ. ചന്തുമേനോൻ സ്മാരക വലിയമാടാവിൽ ഗവ. യു.പി. സ്കൂളിലാണ് അഹാൻ പഠിക്കുന്നത്. നന്മയുടെ ലോകത്തെ കൂടുതൽ പ്രകാശിപ്പിക്കുന്ന ഒരു ചിന്ത പാകപ്പെടാൻ മാത്രം മികച്ച രീതിയിൽ നമ്മുടെ പൊതുവിദ്യാഭ്യാസ മേഖല ഉയർന്നു നിൽക്കുന്നു എന്നത് നമുക്കേവർക്കും അഭിമാനമേകുന്ന കാര്യമാണ്. മാത്രമല്ല, അഹാന്റെ മാതാപിതാക്കൾ അടക്കമുള്ള മുതിർന്നവർ മുന്നോട്ടുവയ്ക്കുന്ന മനുഷ്യസ്നേഹത്തിന്റെ ബഹിർസ്ഫുരണം കൂടിയാവണം ആ ഉത്തരം. ഇങ്ങനെയുള്ള കുട്ടികളാണ് നാളത്തെ വാഗ്ദാനങ്ങൾ. അവർ ഈ നാടിന്റെ പ്രതീക്ഷകളുമാണ്.

അഹാൻ തോൽവിയെയും വിജയത്തെയും ഈ വിധത്തിൽ നോക്കി കാണുമ്പോൾ മറ്റൊരു സംഭവവും എനിക്കോർമ്മ വരുന്നു. കെനിയൻ അത്‌ലറ്റ് ആബേൽ മ്യുടായും സ്പാനിഷ് അത്‌ലറ്റ് ഇവാൻ ഫെർണാണ്ടസും പങ്കെടുത്ത ദീർഘദൂര ഓട്ടമത്സരത്തിന്റെ വേദിയാണ്. മത്സരത്തിൽ ആബേലാണ് മുന്നിലുണ്ടായിരുന്നത്. വിജയക്കുതിപ്പിനായി മുന്നോട്ടാഞ്ഞ ആബേലിന് ഫിനിഷിംഗ് ലൈൻ മനസിലാക്കാനായില്ല. ലൈൻ മറികടക്കുന്നതിന് മുൻപായി ആബേൽ വിജയിച്ചു എന്ന് കരുതി ഓട്ടം അവസാനിപ്പിച്ചു. തൊട്ടുപിന്നിലുള്ള ഇവാന് ആബേലിന് പറ്റിയ അബദ്ധം മനസ്സിലായി. അയാൾ ഓട്ടത്തിനിടയിൽ ആബേലിനോട് മുന്നോട്ടേക്കോടാനായി ഉറക്കെ വിളിച്ചു പറഞ്ഞു. പക്ഷേ, ഇവാന്റെ ഭാഷ ആബേലിന് അറിയില്ലായിരുന്നു. ആബേലിനരികിലേക്ക് ഓടിയെത്തിയ ഇവാൻ ആബേലിനെ മറികടന്ന് വിജയിയാവുകയല്ല ചെയ്തത്. ആബേലിനെ പിറകിൽനിന്നു തള്ളി ഒന്നാമതെത്തിച്ചു. കുറച്ചുകഴിഞ്ഞപ്പോൾ കാഴ്ചക്കാരിലൊരാൾ ഇവാനോട്, താങ്കൾ അയാളെ തള്ളിവിട്ടില്ലായിരുന്നെങ്കിൽ വിജയം താങ്കളുടേതാകുമായിരുന്നില്ലേ? എന്ന് ചോദിച്ചു. വിജയപാതയിലായ ഒരാളുടെ ആശയക്കുഴപ്പത്തിൽനിന്ന് ഞാൻ നേടുന്ന വിജയത്തിന് എന്തു മേന്മയാണുള്ളത്? എന്നായിരുന്നു ഇവാന്റെ മറുപടി. എങ്ങനെയായാലും മറ്റുള്ളവരെ തോൽപ്പിക്കണമെന്ന് കരുതി ഏത് മാർഗവും പിന്തുടരുന്നവർക്ക് ഇവാനെ ഉൾക്കൊള്ളാനാവില്ല. എന്നാൽ, മാനവികതയെയും മനുഷ്യസ്നേഹത്തെയും ഹൃദയത്തിലേറ്റുന്നവർക്ക് ഇവാൻ ഒരു മാതൃകയാണ്. വിജയത്തെയും തോൽവിയെയും മനുഷ്യർ സമീപിക്കുന്നത് പല വിധത്തിലാണ്. ജീവിതത്തിലെ രണ്ട് മുഖങ്ങളാണല്ലോ അവ. തോൽവി എന്നത് ഇല്ലാതാവുക എന്നതല്ല. അത് അവസാനവുമല്ല. പുതിയൊരു തുടക്കത്തിന്റെയും പഠനത്തിന്റെയും വിത്താണ്

തോൽവി. ഇന്ന് തോൽക്കുന്നയാൾ നാളെ വിജയിച്ചുകൂടാ എന്നില്ല. അതിനാൽ വിജയിച്ചവൻ തോറ്റവനെ പരിഹസിക്കുന്നതിൽ അർഥമില്ല. വിനയത്തോടെ ജയിക്കുന്നവനാണ് യഥാർഥ വിജയി.

തലശ്ശേരിയിലിരുന്ന് അഹാൻ തന്റെ ഉത്തരക്കടലാസിൽ അപരനെ വിഷമിപ്പിക്കാൻ പാടില്ലെന്ന നിയമാവലി എഴുതുമ്പോൾ, അങ്ങ് ദൂരെ ഗാസയിൽ പതിനായിരക്കണക്കിന് കുഞ്ഞുങ്ങളെ പട്ടിണിക്കിട്ട് കൊല്ലുന്ന ഇസ്രയേലിന്റെ കൊടുംക്രൂരത തുടരുകയാണ്. ഇത്രമേൽ ക്രൂരത ലോക ചരിത്രത്തിൽ വേറെയുണ്ടോ എന്നറിയില്ല. ഗാസയിൽ പിടഞ്ഞുവീഴുന്ന കുഞ്ഞുങ്ങൾ, ഞങ്ങളെ എന്തിന് കൊന്നു എന്ന ചോദ്യമുയർത്തുമ്പോൾ, ഇസ്രയേൽ തങ്ങൾ ജയിച്ചു എന്ന ഭാവേന ലോകത്തെ നോക്കി കൊഞ്ഞനംകുത്തുകയാണ്. ഇസ്രയേലിന്റേത് ജയിക്കാനുള്ള യുദ്ധമാണോ?

പലസ്തീനിൽ കൂട്ടക്കുരുതി നടത്തുന്ന സയണിസ്റ്റ് അധിനിവേശത്തിന്റെ ഹൃദയരാഹിത്യത്തിന് പതിറ്റാണ്ടുകളുടെ ചരിത്രമാണുള്ളത്. ഓരോ ഘട്ടങ്ങളിലായി പിറന്നുവീണ ഭൂമികയിൽ നിന്ന് നിരപരാധികളായ മനുഷ്യർ ആട്ടിയിറക്കപ്പെടുന്നു. ഗാസയിൽ ഇരുപത്തിയൊന്ന് ലക്ഷത്തിലേറെ പലസ്തീനിയർ വസിക്കുന്നുണ്ട്. അവിടെ ഒരു തരിമണ്ണുപോലും പലസ്തീനിയർക്ക് നൽകില്ലെന്നാണ് ഇസ്രയേലിന്റെ നിലപാട്. ആ തീരുമാനം നടപ്പിലാക്കാനുള്ള മനുഷ്യക്കുരുതിയാണ് ഇപ്പോൾ നടപ്പിലാക്കുന്നത്. ഇസ്രയേൽ ഇന്റലിജൻസിനെ ഞെട്ടിച്ച് ഹമാസ് അതിർത്തിക്കുള്ളിൽ കടന്നുകയറി ആക്രമിച്ചതിനെ തുടർന്ന് 2023 ഒക്ടോബർ ഏഴിന് ഗാസയിൽ ആരംഭിച്ച കടന്നാക്രമണം ഇപ്പോഴും തുടരുന്നു. അരലക്ഷത്തിലേറെ പലസ്തീനിയർ ഇതുവരെ കൊല്ലപ്പെട്ടിട്ടുണ്ടെന്നാണ് ഗാസ ആരോഗ്യമന്ത്രാലയത്തിന്റെ ഔദ്യോഗിക റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. 1,51,688 പേർക്ക് പരിക്കേറ്റു. കൊല്ലപ്പെട്ടവരിൽ 51 ശതമാനവും കുട്ടികളാണ് എന്നതാണ് നടുക്കുന്ന യാഥാർഥ്യം. സ്ത്രീകളും കുട്ടികളും ചേർന്നാൽ 70 ശതമാനം. 20,000 ൽ അധികം കുട്ടികൾ കൊല്ലപ്പെട്ടതായാണ് യു.എൻ. ഏജൻസികളുടെ കണക്ക്. ലോകരാജ്യങ്ങളും യു.എൻ. ഉൾപ്പെടെയുള്ള സംഘടനകളും മനുഷ്യമന:സാക്ഷിയെ ഞെട്ടിക്കുന്ന ഈ കണക്കുകൾക്ക് മുന്നിൽ ഒന്നുംചെയ്യാനാകാതെ നിൽക്കുകയാണ്.



ഇന്ന് ഭൂമിയിലെ ഏറ്റവും വലിയ ശവപ്പറമ്പ് ഏതാണെന്ന ചോദ്യത്തിനുള്ള ഉത്തരമാണ് ലോകത്തിലെ ഏറ്റവും വലിയ ജയിൽ എന്ന വിശേഷണമുള്ള ഗാസ. നാല്പത് കിലോമീറ്റർ നീളവും ശരാശരി എട്ടു കിലോമീറ്റർ വീതിയുമായി മെഡിറ്ററേനിയൻ തീരത്ത് നിലകൊള്ളുന്ന ഗാസ എന്ന മൺചിന്തിൽ ദിനേന ചിതറിവീഴുന്ന ശവങ്ങളിൽ ഏറെയും പിഞ്ചുകുഞ്ഞുങ്ങളുടേതാണ് എന്നത് നെഞ്ചുലക്കുന്ന യാഥാർഥ്യമാണ്. ലോകത്തിന്റെ വിവിധ കോണുകളിൽ അസംഖ്യം പ്രതിഷേധങ്ങളിലൂടെ ഗാസയിലെ കുഞ്ഞുങ്ങളെ കൊല്ലരുതെന്ന് വിളിച്ചുപറയുമ്പോഴും അതൊന്നും കേൾക്കാതെയും കണ്ടില്ലെന്ന് നടിച്ചും ലാഭം കുന്നുകൂട്ടാനുള്ള സാമ്രാജ്യത്വ താൽപര്യത്തോടെ, സ്വാർഥജഡിലമായ നിസ്സംഗതയോടെ അമേരിക്കയുടെ നേതൃത്വത്തിൽ പല രാജ്യങ്ങളും നേതാക്കളും ഈ കൂട്ടക്കൊലകൾക്ക് കൂട്ടുനിൽക്കുന്നു. നമ്മുടെ രാജ്യത്തിന്റെ ഭരണാധികാരികളും ആ കൂട്ടത്തിലുണ്ടോ എന്ന് സംശയം തോന്നിക്കുന്ന വിധത്തിലാണ് പല പ്രതികരണങ്ങളും ഉയരുന്നത്.

അടിയന്തര സഹായം എത്തിച്ചില്ലെങ്കിൽ ഗാസയിൽ 14,000 കുഞ്ഞുങ്ങൾ മരിക്കാൻ സാധ്യതയുണ്ടെന്ന് ഐക്യരാഷ്ട്ര സംഘടന മുന്നറിയിപ്പ് നൽകിയിട്ട് നാളേറെയായിട്ടില്ല. കഴിഞ്ഞ








മാർച്ച് മാസം മുതൽ ഗാസയിൽ ഭക്ഷണം വിലക്കുകയും സമ്പൂർണ്ണ ഉപരോധം ഏർപ്പെടുത്തുകയും ചെയ്ത ഇസ്രയേലിന്റെ 'പട്ടിണി നയം' മൂലം കൊല്ലപ്പെട്ടതിൽ ഏറെയും കുഞ്ഞുങ്ങളാണ്. വിശന്നുമരിക്കുക എന്ന അവസ്ഥ എത്രമാത്രം വേദനാജനകമാണ്. അതിദാരിദ്ര്യ നിർമ്മാർജ്ജനം നടത്തുന്ന മലയാളികൾക്ക് ഗാസയിലെ പട്ടിണിനയത്തെ, പട്ടിണിയിൽ വലയുന്ന കുഞ്ഞുങ്ങളുടെ ദൈന്യതയെ മനസ്സിലാക്കാൻ പോലും പറ്റില്ല. ഇരുപത് ലക്ഷത്തിലേറെ ആളുകൾ പാർക്കുന്ന പ്രദേശത്തേക്ക് ഭക്ഷണമോ വെള്ളമോ ഇന്ധനമോ അവശ്യ സാധനങ്ങളോ എത്തിക്കാൻ സമ്മതിക്കില്ലെന്ന മനോഭാവം എത്രയെത്ര കുഞ്ഞുങ്ങളെയാണ് അവസാനിപ്പിക്കുന്നത്. നാളത്തെ ലോകത്തിന്റെ നാമ്പുകളായി, ഉയർന്ന ചിന്തയിലൂടെ പുതുലോകം സൃഷ്ടിക്കേണ്ട തലമുറയെ ഇല്ലാതാക്കാനുള്ള ക്രൗര്യമാണ് സാമ്രാജ്യത്വത്തിന്റെ മസ്തിഷ്കത്തിൽ നിന്നും നടപ്പിൽ വരുത്തുന്നത്.

ഗാസയിലെ മനുഷ്യർ ഇല്ലാതായാൽ അവിടെ നിറയെ റിസോർട്ടുകൾ പണിയാമെന്ന് ഒരു മടിയുമില്ലാതെ പറഞ്ഞ വ്യക്തിയാണ് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. സാമ്രാജ്യത്വ ശക്തികൾ മനുഷ്യർക്ക് നൽകുന്ന വില എന്താണെന്ന് മനസിലാക്കാൻ ഈയൊരു പ്രസ്താവന ധാരാളമാണ്. ആഭ്യന്തര സംഘർഷങ്ങളും സാമ്രാജ്യത്വ കടന്നാക്രമണങ്ങളും അഭയാർഥികളാക്കിയ മനുഷ്യരെ ആട്ടിപ്പായിക്കുന്ന കുടിയേറ്റ വിരുദ്ധനയത്തിന്റെ വക്താവായ ട്രംപിൽ നിന്ന് ഇതിലുമേറെ പ്രതീക്ഷിക്കാൻ നമുക്കാവുകയുമില്ല. കുടിയേറ്റക്കാരെ തടയാൻ അതിർത്തിയിൽ ശതകോടികൾ ചെലവിട്ട് വൻമതിലുകൾ പണിയുകയും അഭയാർഥികളെ കാൽവിലങ്ങിട്ട് നാടുകടത്തുകയും ചെയ്ത സാമ്രാജ്യത്വ മനോഭാവത്തിൽ നിന്നും മനുഷ്യത്വവും കാരുണ്യവും പ്രതീക്ഷിക്കാനാവില്ലല്ലോ. മനുഷ്യർക്കിടയിൽ പാലങ്ങളുണ്ടാക്കുന്നതിന് പകരം മതിലുകൾ പണിയുന്നവൻ ക്രൈസ്തവനല്ലെന്ന ഫ്രാൻസിസ് മാർപാപ്പയുടെ വാക്കുകൾ ഇത്തരക്കാരെ ഉദ്ദേശിച്ചുള്ളതാണ്.

പലസ്തീനിയർക്ക് മുകളിൽ വിജയമുറപ്പിക്കാൻ ചോരച്ചാലുകൾ സൃഷ്ടിക്കുന്നവർ ഓർക്കേണ്ടത് ജയത്തിന്റെ ആവേശം ജയിക്കുന്നതോടെ അവസാനിക്കുമെന്നും തോൽവിയുടെ ആഘാതം ജയിക്കുന്നതുവരെ നിലനിൽക്കുമെന്നുള്ളതുമാണ്. തോൽവി തോൽക്കുന്നവരുടെ മാത്രം കുറ്റമല്ല എന്ന വസ്തുതയും മറക്കാൻ പാടില്ല. കളിക്കളത്തിലെ ജയത്തിന്റെയും തോൽവിയുടെയും ബാക്കിപത്രത്തെ മനസ്സിൽ കണ്ട്, ജയിച്ചവർ തോറ്റവരെ കളിയാക്കാൻ പാടില്ലെന്ന് എഴുതിയ അഹാന്റെ മനുഷ്യത്വവും നന്മയുമാണ് നമ്മൾ ഉയർത്തിപ്പിടിക്കേണ്ടത്. സ്വയം തോറ്റുകൊടുത്തും മറ്റുള്ളവരെ ജയിക്കാൻ അനുവദിച്ചും വിജയപാഠം പങ്കുവയ്ക്കുന്ന ഇവാൻ ഫെർണാണ്ടസുമാരുടേതുമാണ് ഈ ലോകം. സാമ്രാജ്യത്വ ശക്തികളുടെ ചോരക്കൊതിക്ക് മുന്നിൽ മനുഷ്യത്വത്തിന്റെ, നന്മയുടെ വലിയ ലോകം സൃഷ്ടിക്കുവാൻ നമുക്ക് സാധിക്കും. അഹാനെ പോലുള്ള കുട്ടികൾ സമാധാനത്തിന്റെയും സാഹോദര്യത്തിന്റെയും സ്നേഹത്തിന്റെയും പതാക വാഹകരായി ഈ ലോകത്തെ ഇനിയും പ്രകാശിപ്പിക്കും.



# പാലിയേറ്റീവ് കെയർ– ക്രിയാത്മകതയുടെ മറ്റൊരു 'കേരള മോഡൽ'

**പിണറായി വിജയൻ**
മുഖ്യമന്ത്രി

ക്ഷേമ-വികസന രംഗങ്ങളിലെ സുപ്രധാനമായ പല ചുവടുവയ്പ്പുകളും കൊണ്ട് രാജ്യത്തിന് മാതൃകയായി ത്തീർന്ന കേരളത്തിന്റെ ജീവകാരുണ്യ രംഗത്തെ മാതൃകാപരമായ ഒരിടപെടലാണ് സാർവ്വത്രിക പാലിയേറ്റീവ് പരിചരണ പദ്ധതിയും കേരള കെയർ പാലിയേറ്റീവ് ഗ്രിഡും.

ഇത്തരമൊരു പദ്ധതിക്ക് രൂപം നൽകുന്നതിന് മുന്നോടിയായി നിരവധി ഇടപെടലുകൾ സംസ്ഥാന സർക്കാർ നടത്തിയിരുന്നു. കൃത്യമായി യോഗങ്ങൾ ചേരുക, കൃത്യമായ വിവരശേഖരണം നടത്തുക, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക തുടങ്ങി അടിസ്ഥാനപരമായ ഒട്ടനവധി പ്രവർത്തനങ്ങൾ നടത്തിയ ശേഷമാണ് നാം ഇത്തരമൊരു പദ്ധതി പ്രാവർത്തികമാക്കിയത്. കിടപ്പിലായ എല്ലാ രോഗികൾക്കും ഇതിലൂടെ പരിചരണം ഉറപ്പാക്കും.

ആരോഗ്യ രംഗത്ത് വളരെയേറെ നേട്ടങ്ങൾ കൈവരിച്ച നാടാണ് നമ്മുടേത്. കേരളത്തിൽ ആദ്യമായി അധികാരത്തിൽ വന്ന സർക്കാർ മുതൽക്കിങ്ങോട്ട് അധികാരത്തിൽ വന്ന പുരോഗമന സർക്കാരുകളെല്ലാം ആരോഗ്യ രംഗത്തെ മുന്നേറ്റങ്ങൾ ലക്ഷ്യം വച്ചു പ്രവർത്തിച്ചവയാണ്.

ജനകീയാസൂത്രണം നടപ്പാക്കിയതോടെ നമ്മുടെ ആരോഗ്യ സംവിധാനങ്ങൾ കൂടുതൽ ജനകീയമായി. ഇത്തരം പ്രവർത്തനങ്ങളുടെ തുടർച്ച ഉറപ്പാക്കാനാണ് 2016 ൽ ആർദ്രം പദ്ധതി നടപ്പാക്കി



യത്. അതിന്റെ ഭാഗമായി നമ്മുടെ പ്രാഥമികാരോഗ്യരംഗം മുതൽ മുകൾത്തട്ടുകൾ വരെ രോഗീ സൗഹൃദമായി. അവിടെയെല്ലാം അത്യാധുനിക സൗകര്യങ്ങൾ ഒരുങ്ങി. ആരോഗ്യ രംഗത്ത് ഇത്തരം നേട്ടങ്ങൾ കൈവരിച്ചപ്പോൾ നാം മറ്റൊരു കാര്യം കണ്ടെത്തി. ഗൗരവത്തോടെ കാണേണ്ടതായ ചില പുതുതലമുറ വെല്ലുവിളികൾ കൂടിയുണ്ട് എന്നതാണത്. അവയിൽ ചിലതാണ് ജീവിതശൈലീ രോഗങ്ങളുടെ ആധിക്യം, പകർച്ചവ്യാധികളുടെ വ്യാപനം, കിടപ്പുരോഗികളുടെ പരിചരണം എന്നിവ.

ജീവിതശൈലീ രോഗങ്ങൾ ചെറുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പരിശോധനകളിലൂടെ ഏറ്റെടുത്തും പകർച്ചവ്യാധികൾ തടയുന്നതിന് വൺ ഹെൽത്ത് പോളിസിയടക്കം നടപ്പാക്കിയും നാം മുന്നോട്ടു പോവുകയാണ്. അതിന്റെയെല്ലാം തുടർച്ച കൂടിയാണ് സാർവ്വത്രിക പാലിയേറ്റീവ് പരിചരണ പദ്ധതി.

ഈ പദ്ധതിയിലൂടെ ദൃശ്യമാകുന്ന കരുതൽ, പാലിയേറ്റീവ് രംഗത്ത് മാത്രമായി സർക്കാർ നടത്തുന്ന ഇടപെടലല്ല. അതിദാരിദ്ര്യ നിർമ്മാർജ്ജനമടക്കമുള്ള പദ്ധതികൾ സംസ്ഥാന സർക്കാർ നടപ്പാക്കിവരികയാണ്.

ലോകമിന്ന് പൊതുവെ വേഗത്തിലോടുകയാണെന്ന് പറയും. ആ വേഗതയ്ക്കൊപ്പം ഓടിയെത്താൻ കഴിയുന്നവരുണ്ട്, കഴിയാത്തവരുമുണ്ട്. അങ്ങനെ ഓടിയെത്താൻ കഴിയാത്തവരെ കുടഞ്ഞുകളഞ്ഞാൽ കൂടുതൽ ഉൽപാദനം കൈവരുമെന്ന വാദങ്ങൾ വരെ ചില കോണുകളിൽ നിന്നും ഉയരുന്നുണ്ട്. എന്നാൽ, കേരളത്തെ സംബന്ധിച്ച്, അതല്ല നമ്മുടെ പാരമ്പര്യം.

ഏറ്റവും അധഃസ്ഥിതരായിരിക്കുന്നവരെ കൈപിടിച്ചുയർത്തി സമൂഹത്തിന്റെയും സമൂഹ നിർമ്മാണ പ്രക്രിയയുടെയും ഭാഗമാക്കിയ ചരിത്രമാണ് കേരളത്തിന്റേത്. ഏറ്റവും ദുർബലരായവർക്കുനേരെ പോലും കരുണയുടെ കൈ നീട്ടിയ ചരിത്രമാണ് കേരളത്തിന്റേത്. അതാണ് 'കേരള മോഡൽ' എന്ന വിശേഷണത്തിന് നമ്മെ അർഹരാക്കിയത്. ആ മാതൃകയുടെ തുടർച്ചയാണ് ഈ പദ്ധതിയിലൂടെ ഉറപ്പാക്കുന്നത്.

നെഗ്ലിജിബിൾ എന്ന് ചിലർ വിശേഷിപ്പിക്കുന്ന മനുഷ്യജീവിതങ്ങളെ ചേർത്തുപിടിക്കുന്ന മാതൃകയുടെ തുടർച്ച. അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിലും ഭവനരഹിതർക്ക് വീട് ലഭ്യമാക്കുന്നതിലും ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നതിലും എല്ലാം നാം കണ്ട കരുതലിന്റെ തുടർച്ച. അതാണ് ഇന്നിവിടെ പാലിയേറ്റീവ് കെയർ പദ്ധതിയിലൂടെ ഉറപ്പാക്കുന്നത്.

ഇന്നിപ്പോൾ കേരളത്തിൽ നിരവധിയാളുകൾ തനിയെ താമസിക്കുന്നുണ്ട്. അക്കൂട്ടത്തിൽ ചിലർ ഒറ്റപ്പെട്ടാണ് താമസിക്കുന്നത്. അങ്ങനെയുള്ളവരുടെ സൗകര്യാർഥമാണ് സർക്കാർതലത്തിലെ വാതിൽപ്പടി സേവനങ്ങൾ, സാമൂഹ്യസുരക്ഷാ മിഷൻ തലത്തിലെ വയോമിത്രം, പൊലീസ് സ്റ്റേഷനുകളിലെ സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക് എന്നിവയൊക്കെ ആവിഷ്ക്കരിച്ചിട്ടുള്ളത്. ഇവയിലൂടെയൊക്കെ വയോധികർക്ക് ആവശ്യമായ പൊതു-ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുകയാണ്.

എന്നിരുന്നാലും, കിടപ്പു രോഗികൾ, വീട്ടിൽത്തന്നെ പരിച രണം ആവശ്യമുള്ളവർ, മുഴുവൻ സമയവും സഹായം ആവശ്യമുള്ള വർ എന്നിവരെയൊക്കെ പ്രത്യേക മായി കരുതേണ്ടതുണ്ട് എന്ന താണ് സർക്കാരിന്റെ നിലപാട്. അതിനായാണ് പാലിയേറ്റീവ് സേവനങ്ങൾ കൃത്യമായി ലഭ്യമാ ക്കാനും നിലവിൽ ഉള്ളവയെ ഏകോപിപ്പിക്കാനും ഒക്കെ ശ്രമി ക്കുന്നത്. ദീർഘകാല രോഗങ്ങൾ മൂലം പ്രയാസങ്ങൾ അനുഭവി ക്കുന്നവർക്ക് ഗൃഹകേന്ദ്രീകൃത പരിചരണം ഉറപ്പാക്കാൻ ഉദ്ദേശി ച്ചാണ് പാലിയേറ്റീവ് കെയർ സംവിധാനങ്ങൾ ആവിഷ്ക്കരിച്ചി രിക്കുന്നത്.

2008 ൽ അന്ന് അധികാര ത്തിലിരുന്ന ഇടതുപക്ഷ ജനാധി പത്യ മുന്നണി സർക്കാരാണ് ഇന്ത്യയിൽ ആദ്യമായി പാലിയേ റ്റീവ് കെയർ നയം പ്രഖ്യാപിച്ചത്. നയത്തിനനുസൃതമായി ആരോഗ്യ സ്ഥാപനങ്ങളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ പ്രോഗ്രാമുകൾ നടപ്പി ലാക്കി.

2019 ലാണ് നമ്മൾ പാലിയേ റ്റീവ് കെയർ നയം പരിഷ്കരിച്ചത്. 2022 ൽ പാലിയേറ്റീവ് കെയർ ഹൈപവർ കമ്മിറ്റിയും വർക്കിംഗ് ഗ്രൂപ്പും രൂപീകരിച്ചു. വിവിധ തലങ്ങളിലുള്ള ചർച്ചകൾക്ക് ശേഷം പുതുക്കിയ പാലിയേറ്റീവ് കെയർ നയം നടപ്പിലാക്കുന്നതി നുള്ള കർമ്മപദ്ധതി രൂപീകരിക്കു കയും 2023 ജൂലൈയിൽ സർക്കാർ കർമ്മപദ്ധതിക്ക് അംഗീകാരം നൽകുകയും ചെയ്തു.

കേരളത്തിലെ ജനസംഖ്യ യുടെ 0.6 ശതമാനം വിവിധ രോഗാവസ്ഥകൾ കാരണം കിടപ്പു രോഗികളായി മാറിയവരാണ്. കൂടാതെ, ജനസംഖ്യയുടെ മറ്റൊരു 2 ശതമാനം ആളുകൾ ദീർഘകാല രോഗങ്ങൾ കാരണം ഗുരുതര രോഗപീഡകൾ അനുഭവി ക്കുന്നുണ്ട്. ഇവർക്കെല്ലാം ആശ്വാ സമേകുക എന്നതാണ് പാലിയേ റ്റീവ് കെയർ പദ്ധതിയിലൂടെ നമ്മൾ ലക്ഷ്യമിടുന്നത്.

സർക്കാർ മേഖലയിൽ എല്ലാ ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷ നുകളും ഉൾപ്പെട്ട 1,141 പ്രാഥമിക പാലിയേറ്റീവ് കെയർ യൂണിറ്റുകൾ കേരളത്തിലുണ്ട്. ആരോഗ്യ വകുപ്പിന് കീഴിൽ പ്രധാന ആശു പത്രികളിൽ 113 സെക്കൻഡറി ലെവൽ യൂണിറ്റുകളും കമ്മ്യൂ ണിറ്റി ഹെൽത്ത് സെന്ററുകളിൽ 231 യൂണിറ്റുകളും ഉണ്ട്. എട്ട് മെഡിക്കൽ കോളേജുകളിലും ആർ.സി.സി. യിലും എം.സി.സി. യിലും പാലിയേറ്റീവ് കെയർ യൂണിറ്റുകളുണ്ട്. ഇതുകൂടാതെ ഭാരതീയ ചികിത്സാ വകുപ്പിന് കീഴിൽ 44 സെക്കൻഡറി ലെവൽ യൂണിറ്റുകളും ഹോമിയോ വകുപ്പിന് കീഴിൽ 18 സെക്കൻഡറി യൂണിറ്റുകളും ഉണ്ട്.



എൻ.ജി.ഒ. - സി.ബി.ഒ. മേഖലയിൽ 500 ലധികം യൂണിറ്റുകൾ വീടുകളിലെത്തി മെഡിക്കൽ കെയറും നഴ്സിംഗ് പരിചരണവും നൽകുന്നുണ്ട്. കേരളത്തിലുട നീളം പാലിയേറ്റീവ് കെയർ രോഗികൾക്ക് മാനസികവും സാമ്പത്തികവുമായ പിന്തുണ നൽകുന്ന ആയിരത്തിലധികം ചാരിറ്റബിൾ, സോഷ്യൽ സംഘടനകളുമുണ്ട്. ഇവരെയെല്ലാം ഒരൊറ്റ കുടക്കീഴിലേക്ക് കൊണ്ടുവരികയാണ് നമ്മൾ.

കിടപ്പിലായ ഓരോ രോഗിയെയും അവരുടെ തൊട്ടടുത്തുള്ള പാലിയേറ്റീവ് കെയർ പരിശീലനം ലഭിച്ച സന്നദ്ധ പ്രവർത്തകരുമായി ഇതിലൂടെ ബന്ധിപ്പിക്കുന്നു. ഓരോ വാർഡിലും ആവശ്യമുള്ള രോഗികളെ സഹായിക്കുന്നതിനായി ആശാ പ്രവർത്തകരുടെ നേതൃത്വത്തിൽ ഒരു ടീം രൂപീകരിക്കുകയാണ്. ഓരോ ജനകീയാരോഗ്യകേന്ദ്രവും കിടപ്പിലല്ലാത്ത, എന്നാൽ ഗുരുതര രോഗപീഡകൾ അനുഭവിക്കുന്ന ദീർഘകാല രോഗങ്ങളുള്ള രോഗികളെ രജിസ്റ്റർ ചെയ്യുന്നതിനും അവർക്കാവശ്യമായ തുടർപരിചരണം ഉറപ്പാക്കുന്നതിനും ശ്രദ്ധിക്കുന്നു. ഇതിനുവേണ്ടി നഴ്സുമാർക്ക് പരിശീലനം നൽകിവരുന്നു.

എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കിടപ്പിലായ രോഗികൾക്ക് ഹോം കെയർ നൽകാൻ പാലിയേറ്റീവ് ഹോം കെയർ ടീം പ്രവർത്തിക്കുന്നുണ്ട്. കമ്മ്യൂണിറ്റി നഴ്സുമാരാണ് ഹോം കെയർ ടീമിന് നേതൃത്വം നൽകുന്നത്. പദ്ധതിയുടെ ഭാഗമായി, കിടപ്പിലായ എല്ലാ രോഗികളുടെയും വീട്ടിൽ ഹോം കെയർ ടീം മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും സന്ദർശിച്ച് ആവശ്യമായ പിന്തുണ നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്തും.

ആരോഗ്യ വകുപ്പ്, ഭാരതീയ ചികിത്സാ വകുപ്പ്, ഹോമിയോ വകുപ്പ് ഡയറക്ടർമാർ എല്ലാ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും പ്രധാന ആശുപത്രികളിലും സെക്കൻഡറി സ്പെഷ്യലൈസ്ഡ് പാലിയേറ്റീവ് കെയർ പ്രോഗ്രാമുകളും പരിശീലനം ലഭിച്ച നഴ്സും മെഡിക്കൽ ഓഫീസറും ഉണ്ടെന്ന് ഉറപ്പുവരുത്തും. ആഴ്ചയിൽ ഒരിക്കൽ ഡോക്ടർമാർ രോഗികളെ വീട്ടിലെത്തി പരിശോധിക്കും.

മെഡിക്കൽ കോളേജുകളിലും കാൻസർ സെന്ററുകളിലുമുള്ള പ്രത്യേക പാലിയേറ്റീവ് കെയർ യൂണിറ്റുകൾ ശാക്തീകരിക്കും. പ്രൈവറ്റ് ഉൾപ്പെടെയുള്ള എല്ലാ മെഡിക്കൽ കോളേജുകളിലും പാലിയേറ്റീവ് കെയർ യൂണിറ്റുകൾ ആരംഭിച്ച് മെഡിക്കൽ വിദ്യാർഥികൾക്ക് പഠന സമയത്ത് തന്നെ പാലിയേറ്റീവ് പരിശീലനം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തിക്കൊണ്ട് എല്ലാ മെഡിക്കൽ സ്ഥാപനങ്ങളെയും പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമാക്കും.

പതിനാല് ജില്ലകളിലും ആരോഗ്യ പ്രവർത്തകർക്ക് പാലിയേറ്റീവ് പരിശീലനം നൽകുന്ന സർക്കാർ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സന്നദ്ധ മേഖലയിലും 6 പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇത് മുഖേന ഡോക്ടർമാർക്കും നഴ്സുമാർക്കും പ്രത്യേക പരിശീലനം നൽകിവരികയാണ്. അരയ്ക്ക് കീഴ്പോട്ട് ചലനശേഷി നഷ്ടപ്പെട്ട രോഗികളെ തൊഴിൽപരമായി പുനരധിവസിപ്പിക്കുന്നതിന് വേണ്ടി കുടുംബശ്രീയുമായി സഹകരിച്ചുള്ള പദ്ധതി എറണാകുളം, മലപ്പുറം ജില്ലകളിൽ ആരംഭിച്ചു. മറ്റു ജില്ലകളിലേക്കും ഇത്തരം പദ്ധതികൾ വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

ഇത്തരം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പാലിയേറ്റീവ് കെയർ ഗ്രിഡ് ലോഞ്ച് ചെയ്തിട്ടുണ്ട്. ഗ്രിഡിൽ ഇതുവരെ പാലിയേറ്റീവ് പരിചരണം നൽകുന്ന 1,362 സർക്കാർ സ്ഥാപനങ്ങളും 1,085 സന്നദ്ധ സംഘടനകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. 1,58,100 ഓളം കിടപ്പ് രോഗികളുടെ വിവരങ്ങൾ ഗ്രിഡിൽ ഇപ്പോൾ ലഭ്യമാണ്. ഇവരുടെ തുടർപരിചരണ പ്രവർത്തനങ്ങൾ സന്നദ്ധ സംഘടനകളുടെകൂടി സഹായത്തോടെ ഗ്രിഡ് വഴി ഏകോപിപ്പിക്കുന്നതാണ്. ഇതിനുവേണ്ടി സർക്കാർ സന്നദ്ധ മേഖലയിൽ പാലിയേറ്റീവ് കെയർ രംഗത്ത് പ്രവർത്തിക്കുന്ന ഡോക്ടർമാർക്കും നഴ്സുമാർക്കും മറ്റ് ആരോഗ്യ പ്രവർത്തകർക്കും സന്നദ്ധ പ്രവർത്തകർക്കും തുടർപരിശീലനങ്ങൾ നൽകിവരുന്നു.

സന്നദ്ധപ്രവർത്തകരായി രജിസ്റ്റർ ചെയ്യുവാൻ സർക്കാർ സന്നദ്ധസേന പോർട്ടലിൽ അവസരമൊരുക്കിയിട്ടുണ്ട്. കഴിഞ്ഞ ഒരു മാസത്തിനുള്ളിൽ പതിനായിരത്തോളം പുതിയ സന്നദ്ധ പ്രവർത്തകർ രജിസ്റ്റർ ചെയ്തു കഴിഞ്ഞു. പാലിയേറ്റീവ് കെയർ ഗ്രിഡ് വഴി രോഗികൾക്കാവശ്യമുള്ള പരിചരണം ഏകോപിപ്പിക്കുന്നത് സംബന്ധിച്ച് ഇവർക്ക് മൂന്ന് ദിവസത്തെ പരിശീലനം നൽകി ഗ്രിഡിന്റെ ഭാഗമാക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ പാലിയേറ്റീവ് കെയർ രംഗത്ത് ഒരു ലക്ഷത്തിലധികം സന്നദ്ധപ്രവർത്തകർ സേവനം ചെയ്യുന്നതായി കണക്കാക്കപ്പെടുന്നു. അവരെല്ലാവരും പരിശീലനം നേടിക്കൊണ്ട് ഗ്രിഡിന്റെ ഭാഗമാകണം.

ഇതെല്ലാം തന്നെ സർക്കാർ തലത്തിൽ നടപ്പാക്കുമ്പോഴും പാലിയേറ്റീവ് കെയർ എന്നത് ഒരു സാമൂഹിക മനസ്ഥിതിയായി ഉയർന്നുവരേണ്ടതുണ്ട്. സമൂഹത്തിന്റെ ഉത്തരവാദിത്വമാണ് അത് എന്ന ബോധ്യം ഉണ്ടായാൽ മാത്രമേ പദ്ധതി പൂർണ്ണ വിജയത്തിലേക്ക് എത്തുകയുള്ളൂ. അത്തരം ബോധവൽക്കരണത്തിന് രാഷ്ട്രീയ പ്രസ്ഥാനങ്ങളും ബഹുജന സംഘടനകളും മറ്റ് ക്രിയാത്മക കൂട്ടായ്മകളും മുൻകൈ എടുക്കണം.



# സാമൂഹ്യസുരക്ഷാ പെൻഷൻ – ചരിത്രവും പ്രസക്തിയും

**വി.ഡി.സതീശൻ**
പ്രതിപക്ഷനേതാവ്

വിവിധ വിഭാഗം ജനങ്ങളിൽ നിന്നും യോഗ്യരായവർക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങൾക്കനുസരിച്ച് അതിജീവനത്തിനായി സാമ്പത്തിക സഹായം നൽകുന്ന പരിപാടിയാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതി. ഇന്ന് വിവിധ വിഭാഗങ്ങളിലായി അമ്പത് ലക്ഷത്തിലധികം വ്യക്തികൾക്ക് സാമൂഹ്യപെൻഷൻ നൽകിവരുന്നുണ്ട്. കേരളത്തിൽ ജനിച്ച് വളർന്ന അറുപത് വയസ്സിൽ കൂടുതൽ പ്രായമുള്ള ദാരിദ്ര്യരേഖയ്ക്ക് (ബി.പി.എൽ.) താഴെ വരുന്ന കുടുംബങ്ങളിൽ നിന്നുള്ള വ്യക്തികൾക്കാണ് സാമൂഹ്യസുരക്ഷാ പെൻഷൻ അനുവദിക്കുന്നത്. കേരളത്തിൽ സാമൂഹ്യപെൻഷൻ പദ്ധതിക്ക് രൂപം കൊടുത്ത് നടപ്പിലാക്കിയത് 1960 ലെ പട്ടം താണുപിള്ള സർക്കാരായിരുന്നു. അനാഥരായ എഴുപത് വയസ്സ് കഴിഞ്ഞ എല്ലാ വ്യക്തികൾക്കും പ്രതിമാസം പതിനഞ്ച് രൂപാ വീതം നൽകുന്ന ഈ പദ്ധതി 1960 ജൂൺ 24 ന് അവതരിപ്പിച്ച സംസ്ഥാന ബജറ്റിൽ ധനകാര്യവകുപ്പിന്റെ ചുമതല വഹിച്ചിരുന്ന ഉപമുഖ്യമന്ത്രി ആർ. ശങ്കർ ആണ് പ്രഖ്യാപിച്ച് നടപ്പിലാക്കിയത്. അനാഥരായ സ്ത്രീകൾക്കുവേണ്ടി അബലമന്ദിരങ്ങൾ നിർമ്മിക്കുമെന്ന പ്രഖ്യാപനം 1961–62 ലെ ബജറ്റിലൂടെയും അംഗവൈകല്യമുള്ളവർക്ക് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി 1962–63 ലെ ബജറ്റിലൂടെയും നടപ്പിലാക്കിയതും പട്ടം താണുപിള്ള സർക്കാർ തന്നെയായിരുന്നു. ആർ. ശങ്കറിന്റെ ചിന്താമുകുരത്തിൽ വിരിഞ്ഞ ഈ പദ്ധതിയാണ് കേരളത്തിലെ നിലവിലുള്ള ക്ഷേമാശ്വാസ പദ്ധതികൾക്ക് ബീജാവാപം നടത്തിയത് എന്ന വസ്തുത അഭിമാനകരമാണ്.

കേരളത്തിൽ ആരംഭിച്ച സാമൂഹ്യസുരക്ഷാ പെൻഷൻ സമ്പ്രദായം ഇന്ത്യയിലെ ഇതരസംസ്ഥാന സർക്കാരുകൾക്ക് മാതൃകയായി മാറുകയും മിക്കവാറും സംസ്ഥാനങ്ങൾ കേരള മാതൃകയ്ക്ക് അനുസരിച്ച് സാമൂഹ്യപെൻഷനുകൾ വിതരണം നടത്തുകയും ചെയ്യുന്നുണ്ട്. കൃത്യമായ ഇടവേളകളിൽ ക്ഷേമപെൻഷന്റെയും സാമൂഹ്യപെൻഷന്റെയും തുകകൾ വർധിപ്പിക്കുന്നതിന് കാലാകാലങ്ങളിൽ അധികാരത്തിലിരുന്ന യു.ഡി.എഫ്. സർക്കാരുകൾക്ക് കഴിഞ്ഞിട്ടുണ്ട്. വാർധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ, വിധവാ പെൻഷൻ, അമ്പത് വയസ്സിലധികമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ എന്നിവ സാമൂഹ്യസുരക്ഷാ പെൻഷനുകളാണ്.

ജനങ്ങളുടെ ജീവിതസുരക്ഷിതത്വത്തിന് ആശ്വാസമേകാൻ കഴിയുന്ന ഏറ്റവും ശക്തമായ സർക്കാർ സംവിധാനമായി സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതി മാറേണ്ടതുണ്ട്. അടിസ്ഥാനവിഭാഗങ്ങളുടെ നിത്യജീവിതത്തിന് അത്താണിയായി മാറാൻ കഴിയാവുന്ന തരത്തിലേക്ക് കൃത്യതയോടെ പ്രവർത്തിക്കുവാൻ ഏറ്റവും അത്യാവശ്യമായുള്ളത് പെൻഷൻ വിതരണത്തിലെ കൃത്യതയാണ്. യാതൊരു തരത്തിലുമുള്ള കുടിശ്ശികയുമില്ലാതെ എല്ലാ മാസവും വിതരണം ചെയ്യേണ്ട ക്ഷേമപെൻഷൻ ഒരിക്കലും



ഭരിക്കുന്ന കക്ഷികളുടെ സങ്കുചിത രാഷ്ട്രീയനേട്ടങ്ങൾക്ക് വേണ്ടി ഉപയോഗിക്കരുത് എന്ന നിലപാടാണ് യു.ഡി.എഫ്. എന്നും കൈക്കൊണ്ടിട്ടുള്ളത്.

പെൻഷൻ എന്നത് ഒരു ആനുകൂല്യമെന്നതിലുപരി അവകാശമാണെന്നുള്ള പൊതുബോധം സൃഷ്ടിക്കുന്നതിൽ 2011 ൽ അധികാരത്തിലേറിയ ഉമ്മൻചാണ്ടി സർക്കാരിന് കഴിഞ്ഞു. 2011 ൽ എല്ലാ പെൻഷനുകളും നാനൂറ് രൂപയായി വർധിപ്പിച്ചു. 75 ശതമാനത്തിലധികം അംഗവൈകല്യമുള്ളവരുടെയും എൺപത് വയസ്സിന് മുകളിലുള്ളവരുടെയും പെൻഷൻ തുക എഴുന്നൂറ് രൂപയാക്കി. കൂടാതെ, 2014 ൽ പെൻഷൻ ലഭിക്കുന്നതിന് അപേക്ഷിക്കാനുള്ള വരുമാന പരിധി ഒരു ലക്ഷം രൂപയാക്കി. പോസ്റ്റ് ഓഫീസുകൾ വഴി വിതരണം ചെയ്തിരുന്ന സമ്പ്രദായം മാറ്റി 2015 ഏപ്രിൽ മാസം മുതൽ പെൻഷൻ ബാങ്കുകൾ വഴി വിതരണം ചെയ്യാനുള്ള നടപടികളും സ്വീകരിച്ചു. വാർധക്യപെൻഷന് അപേക്ഷിക്കാനുള്ള പ്രായപരിധി അറുപത്തഞ്ച് എന്നത് അറുപത് വയസ്സായി കുറച്ചതോടെ ലക്ഷക്കണക്കിന് ആളുകൾക്ക് പുതുതായി പെൻഷൻ ലഭിക്കുന്നതിനുള്ള അവസരം കൂടി ലഭിച്ചു. കൂടാതെ, സ്നേഹസാന്ത്വനം, പകൽവീട്, വയോമിത്രം, ശ്രുതിതരംഗം, സ്നേഹപൂർവ്വം, സ്നേഹസ്പർശം, കാൻസർ സുരക്ഷ എന്നീ സാമൂഹ്യക്ഷേമസുരക്ഷാ പദ്ധതികളും യു.ഡി.എഫ്. സർക്കാരാണ് ആരംഭിച്ചത്.

വി.എസ്. അച്യുതാനന്ദൻ സർക്കാരിന്റെ കാലത്ത് 13.8 ലക്ഷം പെൻഷൻകാരുണ്ടായിരുന്നപ്പോൾ ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് അത് 34.43 ലക്ഷമായി വർധിച്ചു. എന്നാൽ, 2016 ൽ അധികാരത്തിലേറിയ എൽ.ഡി.എഫ്. സർക്കാർ 2020 ഫെബ്രുവരി 23 ന് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് 97/20/ധനകാര്യവകുപ്പ് പ്രകാരം ഒരു വ്യക്തിക്ക് രണ്ട് പെൻഷൻ വാങ്ങാനുള്ള അനുമതി നിഷേധിക്കപ്പെട്ടത് വലിയൊരു വിഭാഗം പെൻഷൻകാർക്ക് തിരിച്ചടിയായിമാറി. ഒരേ സമയം സാമൂഹ്യ സുരക്ഷാ പെൻഷനും ക്ഷേമനിധി ബോർഡുകളിൽ നിന്ന് ലഭിക്കുന്ന പെൻഷനും ലഭിക്കുന്നതിനുള്ള അവസരം ഈ ഉത്തരവ് നടപ്പാക്കിയതിലൂടെ നഷ്ടപ്പെട്ടു.

കേരളത്തിൽ ഇപ്പോൾ പ്രതിമാസം ആയിരത്തി അറുന്നൂറ് രൂപ വീതമാണ് സാമൂഹ്യസുരക്ഷാ പെൻഷൻ നൽകുന്നത്. കുടിശ്ശിക ഇല്ലാതെ പെൻഷൻ തുക വിതരണം ചെയ്യാൻ പലപ്പോഴും കഴിയുന്നില്ല. അതിദരിദ്രരില്ലാത്ത കേരളം എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതോടൊപ്പം അന്തസ്സോടെ ജീവിക്കാനുള്ള അവകാശം ഓരോ പൗരനും ഉറപ്പാക്കാനും സർക്കാരിന് കഴിയണം. വ്യക്തിയുടെ അടിസ്ഥാനാവശ്യങ്ങളായ ഭക്ഷണവും വെള്ളവും ആരോഗ്യസംവിധാനവും ഒപ്പം സാമൂഹ്യവും സാംസ്കാരികവുമായ അവകാശങ്ങളുമൊക്കെ ഓരോരുത്തർക്കും അവകാശപ്പെട്ടതും ഒരു ക്ഷേമരാഷ്ട്രത്തിന്റെ അടിസ്ഥാനശിലയുമാണ്. ആയുർദൈർഘ്യം കൂടുന്നതിനാൽ താഴ്ന്ന വരുമാനമുള്ള മുതിർന്ന പൗരന്മാരുടെ ജീവിത സുരക്ഷിതത്വം, സാമ്പത്തിക സുരക്ഷിതത്വം, സാമ്പത്തിക സ്ഥിരത എന്നിവ ഉറപ്പാക്കുക കൂടി സാമൂഹ്യപെൻഷൻ പദ്ധതി ലക്ഷ്യമിടുന്നുണ്ട്. ഇങ്ങനെ വിലയിരുത്തുമ്പോൾ സാമൂഹ്യപെൻഷൻ തുകയിൽ കാലികമായ വർധനവ് വരുത്തേണ്ടത് അനിവാര്യമാകുന്നു. ഒരു വ്യക്തിയുടെ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റുന്ന തരത്തിൽ സാമൂഹ്യപെൻഷൻ തുക ഉയർത്തി നൽകുമ്പോഴാണ് ഈ രീതി കൂടുതൽ പ്രസക്തമാകുന്നത്.

പെൻഷൻ ഇനത്തിൽ നൽകുന്ന തുക വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പൊതുമാർക്കറ്റിലേക്ക് എത്തുമ്പോൾ ആ മേഖലയിൽ സജീവതയുണ്ടാവുകയും സാമ്പത്തികരംഗം ഉണരുകയും ചെയ്യും. ചുരുക്കിപ്പറഞ്ഞാൽ താഴ്ന്ന വരുമാനക്കാരായ ജനസമൂഹത്തിന്റെ സാമ്പത്തികമായ ഉന്നതിക്കും ജീവിത സുരക്ഷിതത്വത്തിനും വേണ്ടി സാമൂഹ്യസുരക്ഷാ പദ്ധതി കൃത്യമായി തുടരേണ്ടതാണ്. സാമൂഹിക സാമ്പത്തിക ശാക്തീകരണത്തിന്റെ ചംക്രമണത്തിന് ശക്തി പകരാൻ കക്ഷിരാഷ്ട്രീയ പരിഗണനകൾക്ക് അപ്പുറത്ത് അർഹതയുള്ളവർക്കെല്ലാം പെൻഷൻ തുക ലഭിക്കുക എന്നത് അനിവാര്യമാണ്.



# സുസ്ഥിര കാർഷിക സമ്പദ്‌വ്യവസ്ഥ; വെല്ലുവിളികളും പ്രതീക്ഷകളും

**ചിറ്റയം ഗോപകുമാർ**
ഡെപ്യൂട്ടി സ്പീക്കർ

ലോകത്ത് അടിസ്ഥാനപരമായി കൃഷി എന്നത് സാധാരണ മനുഷ്യർ തുടങ്ങിയ ഏറ്റവും മഹത്തായ ജീവിതോപാധിയാണ്. കൃഷി ഒരു ജീവിതോപാധി എന്നതിലുപരി മാനവ സംസ്കാരത്തിന്റെകൂടി അടിത്തറയാണ്. അറിവ്, വിശ്വാസം, കലകൾ, ധാർമ്മികത, നിയമം, ആചാരം, സമൂഹത്തിലെ ഒരു അംഗമെന്ന നിലയിൽ മനുഷ്യൻ നേടിയ മറ്റ് നിരവധി കഴിവുകളും ശീലങ്ങളും എന്നിവയെല്ലാം ഉൾപ്പെടുന്ന ഒരു സമ്മിശ്രതയാണ് സംസ്കാരം. കൃഷി ലോകത്തെവിടെയും ജനജീവിതത്തിലെ ഒരു സാംസ്കാരിക വികാസമാണ്. കൃഷി ഒരു ഉൽപാദന, തൊഴിൽ മേഖല മാത്രമല്ല. കൃഷി അതിന്റെ പ്രയോഗത്തിൽ പങ്കെടുക്കുന്ന ആളുകളുടെ ജീവിതശൈലിയെ നിർവചിക്കുന്നു. 'മണ്ണ് കൃഷി ചെയ്യുക, വിളകൾ ഉൽപാദിപ്പിക്കൽ, കന്നുകാലികളെ വളർത്തൽ, വ്യത്യസ്ത അളവുകളിൽ തൽഫലമായുണ്ടാകുന്ന ഘട്ടങ്ങൾ തയ്യാറാക്കലും വിപണനം ചെയ്യലും എന്നിവയെക്കുറിച്ചുള്ള ശാസ്ത്രം, കല അല്ലെങ്കിൽ രീതി' എന്നാണ് കൃഷിയെ സാധാരണയായി നിർവചിച്ചിട്ടുള്ളത്.

സസ്യങ്ങൾ വളർത്തുന്ന കല മാനവ സംസ്കാരചരിത്രത്തിൽ ഏറ്റവും കൂടുതൽ പുരാതനമാണ്. ഭാവിയിലേക്കുള്ള ഭക്ഷ്യശേഖരം സൃഷ്ടിക്കാനുള്ള ശ്രമമായാണ് കൃഷി തുടങ്ങിയത്. കൃഷി ചെയ്യാൻ ആരംഭിച്ചത് മുതൽക്കാണ് ആദിമമനുഷ്യൻ നദീതീരങ്ങളിൽ കൂട്ടംകൂടി ജീവിക്കാൻ തുടങ്ങിയത്. ലോകത്തുള്ള എല്ലാ വികസിത സംസ്കാരങ്ങളുടേയും ആരംഭം നദീതീരങ്ങളിൽ ആയിരുന്നു. മനുഷ്യരുടെ കൂട്ടായ്മകളിലൂടെ ആയിരുന്നു കൃഷിയും സംസ്കാരവും വളർന്നുവന്നത്. മഹത്തായ നാഗരികതകളായ മെസൊപ്പൊട്ടേമിയ, പുരാതന ഈജിപ്ത്, സിന്ധൂ നദീതട സംസ്കാരം എന്നിവയെല്ലാം നദീതടങ്ങളിൽ വളർന്നുവന്നവയാണ്. നിരീക്ഷണങ്ങളിൽ കൂടിയുള്ള കണ്ടെത്തലിനെയാണ് ലോകം ശാസ്ത്രം എന്ന രീതിയിൽ വ്യാഖ്യാനിക്കുന്നത്.

അങ്ങനെയെങ്കിൽ കൃഷിയെ യഥാർഥ ശാസ്ത്രമായി തന്നെയാണ് കണക്കാക്കേണ്ടത്. ഓരോ പ്രദേശത്തിനും കാലത്തിനും അനുസരിച്ച വിളകൾ, കൃഷി രീതികൾ, ഉപകരണങ്ങളുടെ നിർമ്മാണം എന്നിവയെല്ലാം ഇന്നത്തെ 'ശാസ്ത്രീയ യുഗം' ആരംഭിക്കുന്നതിന് എത്രയോ മുന്നേതന്നെ ഭാരതത്തിൽ നമുക്ക് കാണാം.

സുസ്ഥിര കാർഷിക സമ്പദ് വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിന് നൂതനമായ സാങ്കേതിക ആശയ വിനിമയ സംവിധാനങ്ങളുടെ സഹായം കർഷകർക്ക് ലഭ്യമാക്കേണ്ടതുണ്ട്. ഇതിനായി നിരവധി പദ്ധതികൾ സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്നുണ്ട്. കാർഷിക ആശയവിനിമയവും സേവനവിതരണവും മെച്ചപ്പെടുത്തുന്നതിന് നിരവധി ഇ-ഗവേണൻസ് സംരംഭങ്ങൾ ഈ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഫയലുകളുടെ നീക്കം സജീവമാക്കാൻ കൃഷിഭവൻ തലം വരെ ഇ-ഓഫീസ് സംവിധാനം സജ്ജീകരിച്ചതിലൂടെ കർഷക പ്രശ്നങ്ങൾ വളരെവേഗം പരിഹരിക്കുവാൻ സാധ്യമാകുന്നുണ്ട്. കൃഷിഭവനുകളിൽ നിന്നും സർക്കാർ തലത്തിലേയ്ക്ക് കർഷക, കാർഷിക വിവരങ്ങളുടെ കൈമാറ്റം സുഗമമാക്കുന്നതിനായി രൂപകല്പന ചെയ്ത ഒരു സമഗ്ര പ്ലാറ്റ്ഫോമാണ് AIMS (Agricultural Information Management System). സർക്കാരിന്റെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട സേവനങ്ങൾ കർഷകർക്ക് ഇതിലൂടെ നൽകിവരുന്നു. കർഷകർക്കുള്ള സേവന വിതരണത്തിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനും വിവരങ്ങളുടെ സമയബന്ധിതമായ പ്രചാരണം ഉറപ്പുവരുത്തുന്നതിനും ഈ സംവിധാനം ലക്ഷ്യമിടുന്നു. കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനുകളാക്കി മാറ്റി, അവയെ കർഷകർക്കുള്ള വിവര കേന്ദ്രങ്ങളായി മാറ്റുന്നതിനും സർക്കാർ മുൻഗണന നൽകിയിട്ടുണ്ട്.

സാങ്കേതികവിദ്യയെയും ആശയവിനിമയ സംവിധാനങ്ങളെയും സംയോജിപ്പിച്ച് കാർഷിക മേഖലയുടെ വിവിധ തലങ്ങളെ ഏകോപിപ്പിക്കുന്നതിനുള്ള പുതിയ പദ്ധതികൾ സംസ്ഥാനത്ത് ആവശ്യമാണ്. കേരളത്തിൽ സുസ്ഥിരമായ ഒരു കാർഷിക സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിനായി നൂതന ആശയ വിനിമയ സാങ്കേതിക വിദ്യകളെ സംയോജിപ്പിക്കുന്ന സംരംഭമാണ് 'കതിർ' (കേരള അഗ്രിക്കൾച്ചർ ടെക്നോളജി ഹബ്ബ് & ഇൻഫർമേഷൻ റെപ്പോസിറ്ററി). ഇത് ഒരു കേന്ദ്രീകൃത ഡിജിറ്റൽ ഹബ്ബായി പ്രവർത്തിക്കുന്നു. ഇതിലൂടെ ഒന്നിലധികം സ്രോതസ്സുകളിൽ നിന്നുള്ള കാർഷിക ഡേറ്റ ഏകീകരിക്കുകയും കർഷകർക്കും നയരൂപകർത്താക്കൾക്കും പങ്കാളികൾക്കും പ്രവേശനം ഉറപ്പാക്കുകയും ചെയ്യുന്നു. വിളകളുടെ ക്രമീകരണം (Cropping Pattern) വിശകലനം ചെയ്യുന്നതിനും കാലാവസ്ഥാ സാഹചര്യങ്ങൾ പ്രവചിക്കുന്നതിനും വിഭവ വിനിയോഗം ക്രമീകരിക്കുന്നതിനും ഈ പ്ലാറ്റ്ഫോം Artificial Intelligence അധിഷ്ഠിത തീരുമാന പിന്തുണാ സംവിധാനങ്ങളെ (Decision Support Systems) പ്രയോജനപ്പെടുത്തുന്നു. കർഷക കേന്ദ്രീകൃത പോർട്ടലും ചാറ്റ് ബോട്ട് ഉൾപ്പെടെയുള്ള ഇ-ഗവേണൻസ് സാങ്കേതികവിദ്യകൾ നടപ്പിലാക്കുന്നതിനും കതിർ സോഫ്റ്റ്‌വെയർ വഴി സാധ്യമാകും. സർക്കാരും കർഷക സമൂഹവും തമ്മിലുള്ള തടസ്സമില്ലാത്ത ഡിജിറ്റൽ ഇടപാടുകളുടെ കാര്യക്ഷമത വർധിപ്പിക്കുവാനും സമയബന്ധിതവും ഡാറ്റ അധിഷ്ഠിതവുമായ ഉൾക്കാഴ്ചകൾ നൽകി കർഷകരെ ശാക്തീകരിക്കുവാനും സംസ്ഥാനത്തിന്റെ സുസ്ഥിര കാർഷിക വളർച്ചയെ ത്വരിതപ്പെടുത്തുവാനും 'കതിർ' പ്രയോജനപ്പെടും.

കർഷകരുടെയും കർഷക തൊഴിലാളികളുടെയും വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിയുള്ള പ്രവർത്തനങ്ങളാണ് ആവശ്യം. സംസ്ഥാനത്തെ കാർഷിക മേഖലയുടെ ഉന്നമനത്തിനും അതോടൊപ്പം കർഷകരുടെ വരുമാനവും സുരക്ഷയും ക്ഷേമവും ഉറപ്പാക്കുന്നതിനും സർക്കാർ നിരവധി പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു. കർഷക വരുമാനം ഇരട്ടിയാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് സർക്കാർ പ്രവർത്തിക്കുന്നത്. കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ചും കാർഷിക ഉൽപാദന സംഘടനകൾ രൂപീകരിച്ചും ദ്വിതീയ കാർഷിക മേഖലയ്ക്ക് ഊന്നൽ നൽകിയ പ്രവർത്തനങ്ങളാണ് സർക്കാർ നടത്തിവരുന്നത്. വിവിധ വിളകളുടെ ഉൽപാദനവും ഉൽപാദനക്ഷമതയും വർധിപ്പിക്കുന്നതിനായി ഓരോ വിളയെയും കേന്ദ്രീകരിച്ച് പ്രത്യേക പദ്ധതികളും സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. കർഷകരുടെ വരുമാനം, ഭക്ഷ്യസുരക്ഷ, പാരിസ്ഥിതിക സുസ്ഥിരത എന്നിവ മെച്ചപ്പെടുത്തുന്നതിനും ലഭ്യമായ വിഭവങ്ങൾ കാര്യക്ഷമമായും വിവേചനപരവുമായി ഉപയോഗിക്കുന്നതിനും ഉറപ്പായ വരുമാനം കർഷകർക്ക് ലഭിക്കുന്നതിനുമായി കൃഷിയിടാധിഷ്ഠിത ആസൂത്രണ ഉൽപാദന പദ്ധതിയും 2021–22 വർഷം മുതൽ നടപ്പിലാക്കി വരുന്നു. കർഷകരുടെ ക്ഷേമത്തിനായി കർഷക ക്ഷേമനിധി ബോർഡ് വഴി ക്ഷേമനിധി പദ്ധതി, കർഷകക്ഷേമ പെൻഷൻ, കർഷക തൊഴിലാളികളുടെ ക്ഷേമത്തിനായി കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴിയുള്ള പദ്ധതികൾ എന്നിവ നടപ്പാക്കിവരുന്നു. കൂടാതെ, വിള ഇൻഷുറൻസ്, വർധിച്ചു വരുന്ന കൂലിച്ചെലവ് ലഘൂകരിക്കുന്നതിനും ഉൽപാദന ചെലവ് കുറയ്ക്കുന്നതിനുമായി കാർഷിക യന്ത്രവൽക്കരണ പദ്ധതി, വിള ആരോഗ്യ പദ്ധതി, ബ്ലോക്ക് ലെവൽ അഗ്രിക്കൾച്ചറൽ നോളഡ്ജ് സെന്റർ തുടങ്ങിയവയും നടപ്പാക്കിവരുന്നു.

കർഷകരുടെ കൂട്ടായ്മകളെയും കാർഷിക സംരംഭങ്ങളെയും ഒരു കുടക്കീഴിൽ അണിനിരത്തി കാർഷികമേഖല ശക്തി



പ്പെടുത്തുന്നതിന് പദ്ധതികൾ ആവിഷ്കരിക്കണം. 'ഞങ്ങളും കൃഷിയിലേക്ക്'എന്ന പദ്ധതി പ്രകാരം പ്രാദേശിക സാമ്പത്തിക വികസനം കാർഷിക മേഖലയി ലൂടെ കൈവരിക്കാൻ കർഷക രുടെ സ്വയം നിയന്ത്രിത സ്വതന്ത്ര കൂട്ടായ്മകളായ 'കൃഷിക്കൂട്ടം' രൂപപ്പെടുത്തിയിട്ടുണ്ട്. ഉൽപാദന വിപണന സേവന മേഖലകളിൽ ഉയർന്ന നിലവാരത്തിൽ പ്രവർത്തിക്കുന്ന കാർഷിക കൂട്ടാ യ്മകളെ ഇതിലൂടെ സൃഷ്ടിക്കു വാൻ കഴിഞ്ഞിട്ടുണ്ട്. കർഷക രെയും കൃഷിക്കൂട്ടങ്ങളെയും ഫലപ്രദമായി ഉപയോഗപ്പെടുത്തി കാർഷിക മേഖലയിലെ വെല്ലു വിളികളെ കൂട്ടായി നേരിടുന്നതിന് ഫലപ്രദമായ ഒരു സഖ്യം 'കർഷക ഉൽപാദക സംഘടന കൾ' (FPO's) രൂപീകരിക്കുന്നതി ലൂടെ സർക്കാർ ലക്ഷ്യം വയ്ക്കുന്നു. SFAC മുഖേന ഇത്തരം നാൽപത്തിയേഴ് FPO കൾ വളർച്ചയുടെ വിവിധ ഘട്ടങ്ങ ളിലാണ്. കൂടാതെ ഫാം പ്ലാനു കൾ കേന്ദ്രീകരിച്ച നൂറോളം FPO കളും തയ്യാറായി വരുന്നു.

ഗ്രാമീണ വായ്പ പോലുള്ള മേഖലകളിൽ സഹകരണ പ്രസ്ഥാനത്തിന്റെ സമ്പന്നമായ ചരിത്രമാണ് കേരളത്തിനുള്ളത്. പക്ഷേ ചെറുകിടനാമമാത്ര കർഷ കരെ കൂട്ടായ ഉൽപാദനത്തി ലേക്കോ വിപണനത്തിലേക്കോ കൊണ്ടുവരുന്നതിൽ നാം ഇനിയും മുന്നോട്ടുപോകേണ്ട തുണ്ട്.

'ഞങ്ങളും കൃഷിയിലേക്ക്' എന്ന പദ്ധതിയുടെ രണ്ടാം ഘട്ട മായി 'കൃഷി സമൃദ്ധി' എന്ന പദ്ധതി ആസൂത്രണം ചെയ്തു നടപ്പിലാക്കിവരുന്നു. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെയും കൃഷി വകുപ്പിന്റെയും സംയുക്ത നേതൃ ത്വത്തിൽ കൃഷിക്കൂട്ടങ്ങളെ ആധാ രമാക്കിയും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചും വാർഡ് അടി സ്ഥാനത്തിലുള്ള ഉൽപാദന വിപ ണന പ്ലാനിന്റെ അടിസ്ഥാനത്തിൽ പ്രാദേശിക ഉൽപാദനം സാധ്യമാ ക്കുക എന്ന ലക്ഷ്യമാണ് പദ്ധതി യിൽ കൈവരിക്കുന്നത്. ആദ്യഘട്ട ത്തിൽ 107 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് പദ്ധതി നട പ്പാക്കുന്നത്. 2025-26 സാമ്പത്തിക വർഷം 393 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കൂടി പദ്ധതി വ്യാപിപ്പിച്ച് 500 തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ കൃഷി സമൃദ്ധി നടപ്പാക്കുവാൻ ഉദ്ദേശി ക്കുന്നു. കാർഷിക പ്രാധാന്യമുള്ള ഇതര തദ്ദേശസ്വയംഭരണ സ്ഥാപ നങ്ങളിൽ കൂടി കൃഷി സമൃദ്ധി വ്യാപിപ്പിക്കുന്നതോടെ സംസ്ഥാ നത്തെ കാർഷിക സമൃദ്ധിയിൽ എത്തിക്കുവാനും ദ്വിതീയ കാർഷിക മേഖലയിൽ സംസ്ഥാന ത്തിന് നേട്ടങ്ങൾ കൈവരിക്കു വാനും സാധിക്കും. കേരള ത്തിന്റെ ചിതറിക്കിടക്കുന്ന കാർഷിക ഭൂപ്രകൃതിയിൽ കർഷ കർക്ക് സുസ്ഥിരമായ വിപണിയും ആദായകരമായ വിലയും ഉറപ്പാ ക്കാനുള്ള നടപടികൾ ശക്തിപ്പെടു ത്തേണ്ടതുണ്ട്. കേരളത്തിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്ന തദ്ദേശസ്വയംഭരണ സംവിധാന ങ്ങളാണുള്ളത്. ഉൽപാദന കാർഷിക മേഖലകളിൽ ഈ സ്ഥാപനങ്ങൾ ചെലവഴിക്കുന്ന തിന്റെ വ്യാപ്തി അപര്യാപ്ത മാണ്. ചെലവിന്റെ യഥാർഥ

വ്യാപ്തി പലയിടത്തും പത്ത് പതിനഞ്ച് ശതമാനത്തിൽ കൂടുന്നില്ല. കൃഷിയിൽ ലൈൻ വകുപ്പുകളുമായുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഏകോപനത്തിലും സ്ഥിതി മെച്ചപ്പെടേണ്ടതുണ്ട്. ഇത്തരം പ്രതിസന്ധികൾക്കിടയിലും കാർഷിക മേഖലയിലെ സ്വകാര്യ നിക്ഷേപ സാധ്യതകൾ എന്നുള്ളത് നമ്മൾ കൃത്യമായി പരിശോധിച്ചിട്ടില്ല.

കർഷകനെ അവഗണിച്ചാൽ ജനങ്ങളുടെ ക്ഷേമം കൈവരിക്കാൻ കഴിയില്ല. കൂലിപ്പണിക്കാരനായ കർഷകത്തൊഴിലാളിയും സ്വന്തം നിലയിൽ ഒരു ഉൽപാദകനാണ്. കൃഷിയിലെ പ്രതിസന്ധി, ഉപജീവനത്തിനായി അതിനെ ആശ്രയിക്കുന്ന എല്ലാവരെയും ബാധിക്കുന്നു. അവർ ജനസംഖ്യയുടെ ഒരു പ്രധാന ഭാഗമാണ്. കർഷകന്റെയും കാർഷിക വ്യവസ്ഥയുടെയും നിലനിൽപ്പ് സമൂഹത്തിന്റെ മുഴുവൻ ഉത്തരവാദിത്തമായി കാണണം. കാർഷിക സംസ്കൃതിയുടെ മൂല്യസംരക്ഷണത്തിനൊപ്പം, കർഷകന്റെ സാമ്പത്തികമായ ഉയർച്ച എന്നത് പ്രധാനമാണ്. നമ്മുടെ കാർഷിക മേഖലയിൽ നയപരമായ തിരുത്തലുകൾ ആവശ്യമാണ്; ബാൻഡ്-എയ്ഡ് ചികിത്സ മതിയാകില്ല. കൃഷിയിടങ്ങളുടെ ശരാശരി വിസ്തീർണ്ണം വളരെ കുറഞ്ഞു നിൽക്കുന്നത് കേരളം നേരിടുന്ന ഘടനാപരമായിട്ടുള്ള പ്രശ്നമാണ്. ശാസ്ത്രസാങ്കേതിക മേഖലയിലെ ഏറ്റവും പുതിയ കണ്ടുപിടിത്തങ്ങളും ഏറ്റവും നൂതനമായിട്ടുള്ള ആശയങ്ങളും കാർഷിക രംഗത്ത് പ്രയോജനപ്പെടുത്തുന്ന കാര്യത്തിൽ നമുക്ക് വേണ്ടത്ര മുന്നോട്ടു പോകാനായിട്ടില്ല. സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ കൃഷിയുടെ പ്രാധാന്യം കുറയുന്നു എന്നത് യാഥാർഥ്യമാണ്. ആരാണ് കേരളത്തിലെ കർഷകൻ എന്നത് യാഥാർഥ്യ ബോധത്തോടെ വിലയിരുത്തേണ്ടതാണ്. കൃഷിക്കാരൻ എന്നാൽ കാർഷിക മേഖലയെ മാത്രം ആശ്രയിക്കുകയും അവിടെ പണിയെടുക്കുകയും ചെയ്യുന്ന ഒരാൾ എന്ന രീതി നമ്മുടെ നാട്ടിൽ ഇപ്പോൾ ഇല്ല. ഇവിടെ പാർട്ട് ടൈം കൃഷിക്കാരാണ് കൂടുതൽ.

കാർഷിക മേഖലയിലെ പ്രതിസന്ധി ആഴത്തിൽ വേരൂന്നിയതാണ്. കഴിഞ്ഞ ദശകത്തിൽ കുമിഞ്ഞുകൂടിയ ദുരിതങ്ങളുടെ ഫലമാണിത്. കാർഷികമേഖലയിലെ രൂക്ഷമായ പ്രതിസന്ധിയെ തുടർന്ന് 30 വർഷത്തിനിടെ കർഷകരും കർഷകത്തൊഴിലാളികളുമായി 10 ലക്ഷം പേർ ഇന്ത്യയിൽ ആത്മഹത്യ ചെയ്തുവെന്നാണ് കണക്കാക്കപ്പെടുന്നത്. ദേശീയ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ (എൻസിആർബി) കണക്കുകൾ പ്രകാരം കർഷക ആത്മഹത്യകൾ നിർബാധം തുടരുകയാണ്. 1995 മുതൽ 2014 വരെയുള്ള രണ്ട് ദശകങ്ങളിൽ കർഷക ആത്മഹത്യകൾ 2,96,438 ആയിരുന്നു. 2014-2023 വരെയുള്ള വെറും 9 വർഷങ്ങളിൽ 2021 ആകുമ്പോഴേക്ക് തന്നെ കർഷക ആത്മഹത്യകൾ ഒരു ലക്ഷം കവിഞ്ഞു. പട്ടയമില്ലാത്ത കർഷകർ, ആദിവാസികൾ, ദളിതർ, സ്ത്രീകളായ കർഷകർ, വനഭൂമി കർഷകർ, ഭൂരഹിതരായ കർഷകത്തൊഴിലാളികൾ എന്നിവരുടെ ആയിരക്കണക്കിന് ആത്മഹത്യകളെ എൻസിആർബി കർഷക ആത്മഹത്യകളായി കണക്കുകൂട്ടുന്നതേയില്ല എന്നത് കൂടി കാണണം. ആയിരക്കണക്കിന് കർഷക ആത്മഹത്യകളെ അങ്ങനെ അംഗീകരിക്കാൻ പല സംസ്ഥാന സർക്കാരുകളും തയ്യാറല്ല. 2014-21 കാലയളവിൽ 2,35,799 ദിവസവേതന തൊഴിലാളികളും ആത്മഹത്യ ചെയ്തു. കർഷകരെയും തൊഴിലാളികളെയും ഒരുമിച്ച് എടുത്താൽ 2014 നും 2021 നും ഇടയിൽ ആത്മഹത്യകൾ ഏകദേശം 3,25,000 ആകും. കേന്ദ്രഭരണത്തിൻ കീഴിലെ രൂക്ഷമായ കാർഷിക പ്രതിസന്ധിയുടെയും മൊത്തത്തിലുള്ള സാമ്പത്തിക പ്രതിസന്ധിയുടെയും പ്രതിഫലനമാണിത്.

മുൻകാല സാഹചര്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കാർഷിക മേഖല ഇപ്പോൾ നേരിടുന്ന പ്രതിസന്ധിക്ക് നിരവധി കാരണങ്ങളുണ്ട്. ഉയർന്ന മിനിമം താങ്ങുവിലയും പണകൈമാറ്റവും എന്ന ബാൻഡ് എയ്ഡ് ഉപയോഗിച്ച് കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയില്ല. കർഷകർക്ക് കൈമാറുന്നതിനായി പുതിയ അറിവ് വികസിപ്പിക്കുന്നതിന് ഗവേഷണത്തിലും വികസനത്തിലും നാം നിക്ഷേപിക്കേണ്ടതുണ്ട്. ജലസംരക്ഷണത്തിലും നീർത്തട മാനേജ്മെന്റിലും പ്രകൃതിവിഭവ ഉൽപാദനത്തിലും നമുക്ക് കൂടുതൽ നിക്ഷേപം ആവശ്യമാണ്. ഇതെല്ലാം ഗ്രാമീണ തൊഴിലവസരങ്ങൾ സൃഷ്ടിക്കും. സംഭരണശേഷി സൃഷ്ടിക്കുന്നതിലും നാം നിക്ഷേപിക്കേണ്ട



തുണ്ട്. ഇന്ത്യയിലെ പച്ചക്കറികളുടെയും പഴങ്ങളുടെയും ഉൽപാദനത്തിൽ കുറഞ്ഞത് 15-20% പാഴാകുന്നു. വൻകിട കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിലും ചെറുകിട, നാമമാത്ര കർഷകർക്ക് അമിത നിരക്കിലുമാണ് ബാങ്കിൽ നിന്ന് വായ്പ നൽകുന്നത്. ഇത് കാര്യക്ഷമമല്ലാത്തതും അസമത്വവുമാണ്.

കഴിഞ്ഞ 50 വർഷത്തിലധികമായി ഇന്ത്യ കർഷകർക്ക് സബ്സിഡി നിരക്കിൽ വൈദ്യുതി, വിത്ത്, വളം, ഡീസൽ, വെള്ളം എന്നിങ്ങനെ അഞ്ച് പ്രധാന ഇൻപുട്ടുകൾ നൽകുന്നു. ഉൽപാദനത്തിന് മിനിമം താങ്ങുവില വാഗ്ദാനം ചെയ്യുന്നു. ഇതുവരെ ആ തന്ത്രം ദീർഘകാലാടിസ്ഥാനത്തിൽ ഫലം കണ്ടിട്ടില്ല എന്നതാണ് വാസ്തവം. ഗണ്യമായ സാമ്പത്തിക ചെലവിൽ ഇൻപുട്ട് സബ്സിഡികളും വില പിന്തുണയും നൽകിയിട്ടും, 2008 ൽ യുപിഎ സർക്കാരിന് 65,000 കോടി രൂപയുടെ കാർഷിക വായ്പ എഴുതിത്തള്ളൽ പ്രഖ്യാപിക്കേണ്ടിവന്നു. കാർഷിക ഉൽപാദനം മെച്ചപ്പെടുത്തുന്നതിനുള്ള സുസ്ഥിരമായ ഒരു തന്ത്രമല്ല ഇത്. കാർഷിക വായ്പ എഴുതിത്തള്ളൽ ബാങ്കിംഗ് സംവിധാനത്തിന്റെ വിശ്വാസ്യതയെ നശിപ്പിക്കുകയും വായ്പകൾ തിരിച്ചടയ്ക്കുന്ന കർഷകരെ ദുർബലപ്പെടുത്തുകയും ചെയ്യുന്നു എന്നതും കാണേണ്ടതുണ്ട്. കാർഷിക വായ്പ എഴുതിത്തള്ളലിന് സംസ്ഥാനങ്ങൾ വലിയ തുക ചെലവഴിക്കുമ്പോൾ, അത് കൃഷിയിൽ നിക്ഷേപിക്കാനും കാർഷിക മേഖലയുടെ ഉൽപാദനക്ഷമത മെച്ചപ്പെടുത്താനുമുള്ള പരിപാടികൾ നടപ്പിലാക്കാനുള്ള സർക്കാരിന്റെ കഴിവിനെ പരിമിതപ്പെടുത്തുന്നു. വായ്പ എഴുതിത്തള്ളൽ കർഷകർക്ക് താൽക്കാലിക ആശ്വാസം നൽകുന്നുണ്ടെങ്കിലും സമ്പദ്വ്യവസ്ഥ നേരിടുന്ന കാർഷിക പ്രതിസന്ധിക്ക് ദീർഘകാല പരിഹാരങ്ങൾ നടപ്പിലാക്കാനുള്ള സർക്കാരിന്റെ കഴിവിനെ അത് ദുർബലപ്പെടുത്തുന്നു.

കാർഷിക മേഖല നേരിടുന്ന പ്രതിസന്ധികൾക്ക് അന്നും ഇന്നും കേന്ദ്രസർക്കാരിന്റെ നയപരമായ തീരുമാനങ്ങൾ കാരണമായിട്ടുണ്ട്. ഒന്നാം പഞ്ചവത്സര പദ്ധതിയിൽ കാര്യമായ ശ്രദ്ധ ലഭിച്ചിരുന്ന കൃഷിക്ക് പിന്നീട് അനുകൂല സാഹചര്യമുണ്ടായില്ല. ഇന്ദിരാ ഗാന്ധിയുടെ കാലത്ത് പ്രധാനമന്ത്രിയുടെ സാമ്പത്തിക ഉപദേശക സമിതിയുടെ ചെയർമാനായിരുന്ന സുഖമോയ് ചക്രവർത്തി കൃഷിയെ ഒരു വിലപേശൽ മേഖലയായി വിശേഷിപ്പിച്ചിരുന്നു. തൽഫലമായി, കാർഷിക മേഖലയിലെ ഉൽപാദനവും വരുമാനവും കൂടുതൽ സാവധാനത്തിലായി. 1970 കളുടെ മധ്യം മുതൽ നാം ഭക്ഷ്യ ഉൽപാദനത്തിൽ സ്വയം പര്യാപ്തമായെന്ന് പറയാം. പക്ഷേ കാർഷിക വരുമാനം മറ്റ് മേഖലകളിലെ വരുമാനത്തേക്കാൾ വളരെ സാവധാനത്തിലാണ് വളർന്നത്. പതിറ്റാണ്ടുകളായി വളർന്നുവരുന്ന ഇന്ത്യൻ കാർഷിക മേഖലയിലെ പ്രതിസന്ധി ലാഭക്ഷമത കുറയുന്നു എന്നത് മാത്രമല്ല, മറിച്ച് ഭൂവുടമകളുടെ നിലനിൽപ്പില്ലായ്മയുടേതുകൂടിയാണ്. കർഷകരുടെ ക്ഷേമത്തേക്കാൾ ഭൂമിയുടെ ഉൽപാദനക്ഷമത വർധിപ്പിക്കുന്നതിലാണ് നയരൂപീകരണ വിദഗ്ധരും കാർഷിക വിദഗ്ധരും പലപ്പോഴും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ചെറുകിട കൃഷിയിടങ്ങളുടെ ഉൽപാദനക്ഷമത വർധിപ്പിക്കുന്നത് മാത്രം പ്രശ്നപരിഹാരത്തിന് മതിയാകില്ല. ചെറുകിട കൃഷിയിടങ്ങളുടെ നിലനിൽപ്പില്ലായ്മ കാർഷിക മേഖലയിലെ മൂലധന രൂപീകരണത്തെ തടസ്സപ്പെടുത്തും. കാർഷിക മേഖലകളിലെ തൊഴിലവസരങ്ങൾ വേണ്ടത്ര വേഗത്തിൽ വളരുന്നില്ല എന്നതാണ് പ്രതിസന്ധിക്ക് പിന്നിലെ പ്രധാന കാരണം. കേരളത്തിൽ ഇപ്പോൾ നാം നേരിടുന്ന വന്യമൃഗശല്യം ഗൗരവമായ കാർഷിക പ്രതിസന്ധിയാണ്. വന്യമൃഗങ്ങൾ ഒരോ വർഷവും നൂറുകണക്കിന് മനുഷ്യരെയാണ് കൊല്ലുന്നത്. രാജ്യത്ത് കോടിക്കണക്കിന് രൂപയുടെ കൃഷിനാശം ഉണ്ടാക്കുന്നു. വന്യമൃഗങ്ങളുടെ ശല്യത്തിൽ നിന്ന് കൃഷിയെയും മനുഷ്യരെയും സംരക്ഷിക്കാൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കണം.

1922ലെ ചരിത്രപരമായ രാജ്യദ്രോഹക്കുറ്റ വിചാരണയ്ക്കിടെ, അഹമ്മദാബാദിലെ ഒരു പ്രത്യേക കോടതിയിൽ ഗാന്ധി സ്വയം ഒരു കർഷകനും നെയ്ത്തുകാരനുമാണെന്ന് വെളിപ്പെടുത്തി. 1929 നവംബറിൽ അഹമ്മദാബാദിലെ നവജീവൻ ട്രസ്റ്റിനു വേണ്ടി അദ്ദേഹം നൽകിയ പ്രസ്താവനയിൽ ഇങ്ങനെ പറയുന്നു: 'മോഹൻദാസ് കരംചന്ദ് ഗാന്ധി, പ്രായം 60 വയസ്സ്, ഹിന്ദു, നെയ്ത്തും കൃഷിയും തൊഴിലാക്കി....' (നവ്ജീവൻ, 19.03.22, പേജ് 225). സമ്പന്നരായ 'കർഷകർ' നിരവധി സർക്കാർ പദ്ധതികളിൽ നിന്ന് പ്രയോജനം നേടാനും അല്ലെങ്കിൽ ഇളവുകൾ നേടാനും ശ്രമിക്കുമ്പോൾ, ലണ്ടനിൽ വിദ്യാഭ്യാസം നേടിയ ബാരിസ്റ്റർ ഗാന്ധി, ഗ്രാമങ്ങളുടെയും കർഷകരുടെയും രാജ്യമായ യഥാർഥ ഇന്ത്യയുമായി സ്വയം ബന്ധപ്പെടുത്താൻ ആഗ്രഹിച്ചു. ഗാന്ധിജി കർഷകനെ 'ലോക പിതാവ്' ആയി കണക്കാക്കി. അദ്ദേഹം കർഷകരെ വളരെയധികം സ്നേഹിച്ചു. ഞാൻ ഒരു കർഷകനാണെന്നും നിങ്ങൾ ഇതിനകം കർഷകരായി മാറിയിട്ടില്ലെങ്കിൽ നിങ്ങൾ എല്ലാവരും കർഷകരാകണമെന്നും അല്ലെങ്കിൽ അങ്ങനെ തന്നെ തുടരണമെന്നും ഞാൻ ആഗ്രഹിക്കുന്നുവെന്നും അദ്ദേഹം എഴുതി. 450 വർഷത്തെ വൈദേശിക ഭരണത്തിനെതിരെയുള്ള ഇന്ത്യൻ സ്വാതന്ത്ര്യ സമരം മോഹൻദാസ് കരംചന്ദ് ഗാന്ധി നയിച്ച ചമ്പാരനിലെ കർഷക തൊഴിലാളി പ്രക്ഷോഭത്തിൽ നിന്നുമാണ് ആരംഭിച്ചത്. "Everything else can wait, but not agriculture' എന്ന് പറഞ്ഞത് ജവാഹർലാൽ നെഹ്റുവാണ്. കർഷക സമരങ്ങൾ ഇന്നും രാജ്യത്ത് തുടരേണ്ടിവരുന്നു.

# കേരള ന്യൂസ് പേപ്പർ എംപ്ലോയീസ് ഫെഡറേഷൻ സംസ്ഥാന സമ്മേളനം



കേരള ന്യൂസ് പേപ്പർ എംപ്ലോയീസ് ഫെഡറേഷന്റെ ഇരുപത്തൊന്നാമത് സംസ്ഥാന സമ്മേളനം നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ കോട്ടയത്ത് ഉദ്ഘാടനം ചെയ്തു. പത്രപ്രവർത്തകരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി ഫെഡറേഷൻ നടത്തി വരുന്ന പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണെന്ന് ചൂണ്ടിക്കാട്ടിയ സ്പീക്കർ മാധ്യമരംഗത്തെ തൊഴിൽ പ്രതിസന്ധികൾക്ക് പരിഹാരം കാണുന്നതിന് കൂട്ടായ പരിശ്രമം ആവശ്യമാണെന്ന് അഭിപ്രായപ്പെട്ടു. വിവിധ പത്ര സ്ഥാപനങ്ങളിൽ നിന്നുള്ള മാധ്യമ പ്രവർത്തകർ സമ്മേളനത്തിൽ പങ്കെടുത്തു.



# റബ്കോ ഷോറും ഉദ്ഘാടനം

**എ.എൻ.ഷംസീർ, തലശ്ശേരി**



തലശ്ശേരി മണ്ഡലത്തിലെ കതിരൂർ വേറ്റുമ്മലിൽ പണികഴിപ്പിച്ച റബ്കോയുടെ പുതിയ ഷോറൂമിന്റെ ഉദ്ഘാടനം നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ നിർവഹിച്ചു.

# പുനർഗേഹം പദ്ധതി

**ആന്റണി രാജു, തിരുവനന്തപുരം**



തിരുവനന്തപുരം നിയോജക മണ്ഡലത്തിലെ മുട്ടത്തറയിൽ പുനർഗേഹം പദ്ധതി പ്രകാരം നിർമ്മിച്ച ഫ്ളാറ്റ് സമുച്ചയത്തിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. കടലാക്രമണത്തിൽ വീടുകൾ നഷ്ടപ്പെട്ട 332 കുടുംബങ്ങൾക്കാണ് ഫ്ളാറ്റുകളുടെ താക്കോൽ കൈമാറിയത്. തീരദേശത്ത് 50 മീറ്റർ പരിധിക്കുള്ളിൽ താമസിക്കുന്ന മുഴുവൻ മത്സ്യത്തൊഴിലാളികളെയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിനായാണ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. 81 കോടി രൂപ ചെലവഴിച്ച് 400 ഫ്ളാറ്റുകൾ നിർമ്മിക്കുന്ന പദ്ധതിയുടെ ഭാഗമായാണ് ഇവ പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് കൈമാറിയത്.

# ബഹുനില കെട്ടിടത്തിന്റെ നിർമ്മാണോദ്ഘാടനവും ശിലാസ്ഥാപനവും

കോട്ടൺഹിൽ സർക്കാർ എൽ.പി. സ്കൂളിൽ നിർമ്മിക്കുന്ന ബഹുനില കെട്ടിടത്തിന്റെ നിർമ്മാണോദ്ഘാടനവും ശിലാസ്ഥാപനവും ആന്റണി രാജു എം.എൽ.എ. നിർവഹിച്ചു. ചടങ്ങിൽ വാർഡ് കൗൺസിലർ രാഖി രവികുമാർ അധ്യക്ഷയായിരുന്നു. കിഫ്ബി ഫണ്ടിൽ നിന്നുള്ള ഒരു കോടി മുപ്പത് ലക്ഷം രൂപ ചെലവഴിച്ചാണ് കെട്ടിടം നിർമ്മിക്കുന്നത്.



# സമഗ്ര ഇ–ലൈബ്രറി മണ്ഡലം

**കെ.എൻ. ഉണ്ണിക്കൃഷ്ണൻ, വൈപ്പിൻ.**



എല്ലാ ഹൈസ്കൂളുകളിലും ഡിജിറ്റൽ ലൈബ്രറികളുള്ള സംസ്ഥാനത്തെ ആദ്യ സമഗ്ര ഇ-ലൈബ്രറി മണ്ഡലമായി വൈപ്പിൻ. ഇരുപത് വിദ്യാലയങ്ങളിലെ ഡിജിറ്റൽ ലൈബ്രറികളുടെ ഉദ്ഘാടനം പള്ളിപ്പോർട്ട് സെന്റ് മേരീസ് ഹൈസ്കൂളിൽ നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ നിർവഹിച്ചു. ചടങ്ങിൽ കെ.എൻ. ഉണ്ണിക്കൃഷ്ണൻ എം.എൽ.എ. അധ്യക്ഷത വഹിച്ചു. ഇന്ന് വായന നടക്കുന്നത് സോഷ്യൽ മീഡിയയിലാണെന്നും വായനയുടെ തടസ്സങ്ങൾ നീക്കാൻ ഡിജിറ്റൽ ലൈബ്രറി സംവിധാനത്തെ പൂർണ്ണമായും വിനിയോഗിക്കണമെന്നും ഉദ്ഘാടന പ്രസംഗത്തിൽ സ്പീക്കർ അഭിപ്രായപ്പെട്ടു. എം.എൽ.എ. യുടെ ആസ്തി വികസനഫണ്ടിന് പുറമേ ബി.പി.സി.എൽ.-സി.എസ്.ആർ ഫണ്ടും ഉൾപ്പെടുത്തി ഒരു യൂണിറ്റിന് 12.33 ലക്ഷം രൂപ നിരക്കിൽ രണ്ടരക്കോടി രൂപ ചെലവഴിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇ-ലൈബ്രറിയിൽ വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കുമായി മികച്ച പുസ്തകങ്ങളുടെ ശേഖരം ലഭ്യമാണ്. കൂടാതെ പ്രൊഫഷണൽ കോഴ്സ് പ്രവേശന പരീക്ഷകൾ, പി.എസ്.സി.-യു.പി.എസ്.സി. തുടങ്ങി വിവിധ മത്സരപ്പരീക്ഷകൾക്കുള്ള പരിശീലനവും മാർഗ നിർദ്ദേശങ്ങളും ഉൾപ്പെടെയുള്ളവ പദ്ധതി പ്രകാരം ലഭ്യമാക്കുന്നതാണ്.

# ഒപ്പം പദ്ധതി

**യു. പ്രതിഭ, കായംകുളം.**




വ്യക്തികളുടെ ശാരീരികവും മാനസികവും സാമൂഹികവുമായ ആരോഗ്യത്തിന് ഉയർന്ന പരിപാലനം ലഭ്യമാക്കുന്നതിനായി കായംകുളം മണ്ഡലത്തിൽ നടപ്പിലാക്കിയ ഒപ്പം (Organized Programme for Promoting Awareness on Mindful Living) പദ്ധതിയുടെ ഉദ്ഘാടനം കായംകുളം ടൗൺഹാളിൽ യു. പ്രതിഭ എം.എൽ.എ. നിർവഹിച്ചു. ആരോഗ്യമാണ് സമ്പത്ത് എന്ന ആശയം ഉൾക്കൊണ്ട് കൃത്യമായ വ്യായാമങ്ങളിലൂടെയും ചിട്ടയായ ജീവിതചര്യകളിലൂടെയും ജീവിതശൈലീ രോഗങ്ങളെ നിയന്ത്രിക്കാൻ ലക്ഷ്യമിട്ടുള്ള പദ്ധതിയുടെ ആദ്യ ബാച്ചിന്റെ പരിശീലനം ആരംഭിച്ചു. ജനപ്രതിനിധികൾ, സാമൂഹ്യ-സാംസ്കാരിക മേഖലകളിലെ പ്രമുഖർ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു.

# പ്രതിഭാ പുരസ്കാരം

**സെബാസ്റ്റ്യൻ കുളത്തുങ്കൽ, പൂഞ്ഞാർ**



പൂഞ്ഞാർ മണ്ഡലത്തിൽ കഴിഞ്ഞ അധ്യയന വർഷം എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയവർക്ക് പ്രതിഭാ പുരസ്കാരം നൽകി. കൂടാതെ സിവിൽ സർവീസ് റാങ്ക് ജേതാക്കൾ സർവകലാശാല റാങ്ക് ജേതാക്കൾ, പി.എച്ച്.ഡി. നേടിയവർ വിവിധ അക്കാദമിക് മേഖലകളിൽ മികവ് പുലർത്തിയവർ എന്നിവരെയും ആദരിച്ചു. നൂറു ശതമാനം വിജയം കൈവരിച്ച സ്കൂളുകൾക്കുള്ള എം.എൽ.എ. എക്സലൻസ് അവാർഡും തദവസരത്തിൽ നൽകുകയുണ്ടായി. തദ്ദേശ സ്വയംഭരണ എക്സൈസ് പാർലമെന്ററികാര്യ വകുപ്പ് മന്ത്രി എം.ബി. രാജേഷ് പരിപാടി ഉദ്ഘാടനം ചെയ്തു. സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ. അധ്യക്ഷത വഹിച്ച ചടങ്ങിൽ റാന്നി എം.എൽ.എ. പ്രമോദ് നാരായണൻ മുഖ്യ പ്രഭാഷണം നടത്തി. ജനപ്രതിനിധികൾ, വിദ്യാഭ്യാസ വകുപ്പ് അധികൃതർ, ഫ്യൂച്ചർ സ്റ്റാർസ് ഡയറക്ടർ, എക്സിക്യൂട്ടീവ് അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്ത ചടങ്ങിൽ ഫ്യൂച്ചർ സ്റ്റാർസ് സ്മരണിക 'ജ്വാല'യുടെ പ്രകാശനവും മന്ത്രി നിർവഹിച്ചു.

# ഭവന പദ്ധതി ഉദ്ഘാടനവും താക്കോൽദാനവും

പ്രകൃതിക്ഷോഭം നേരിട്ട കൂട്ടിക്കലിൽ പൂഞ്ഞാർ എം.എൽ.എ. സർവീസ് ആർമിയുടെ നേതൃത്വത്തിൽ റോട്ടറി ക്ലബിന്റെ സഹകരണത്തോടെ നിർമ്മാണം പൂർത്തീകരിച്ച പതിനൊന്ന് വീടുകളുടെ താക്കോൽദാനവും കാരുണ്യ ഭവന പദ്ധതി പ്രകാരമുള്ള പത്ത് വീടുകളുടെ നിർമ്മാണോദ്ഘാടനവും ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ നിർവഹിച്ചു. ചടങ്ങിൽ സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ. അധ്യക്ഷത വഹിച്ചു. മുൻ നിയമസഭാംഗം കെ.ജെ. തോമസ് ഗുണഭോക്താക്കൾക്ക് ഉടമസ്ഥാവകാശ രേഖകൾ കൈമാറി. ഭവന നിർമ്മാണത്തിനായി 60 സെന്റ് സ്ഥലം സൗജന്യമായി നൽകിയ സി.വൈ.എ. റൗഫിനെയും നിർമ്മാണ പ്രവർത്തനങ്ങളിൽ ഭാഗഭാക്കായവരെയും ചടങ്ങിൽ ആദരിച്ചു. റോട്ടറി ക്ലബ് ഭാരവാഹികൾ പ്രഭാഷണം നടത്തിയ ചടങ്ങിൽ റോട്ടറി ക്ലബ് മുൻ ഭാരവാഹികൾ, എം.എൽ.എ. സർവീസ് ആർമി ഭാരവാഹികൾ എന്നിവർ താക്കോൽദാനം നിർവഹിച്ചു.



# ഓണം ഫെസ്റ്റ് 5.0

**വി.കെ. പ്രശാന്ത്, വട്ടിയൂർക്കാവ്**

വട്ടിയൂർക്കാവ് മണ്ഡലത്തിലെ യൂത്ത് ബ്രിഗേഡ് (വൈബ്) ന്റെ ആഭിമുഖ്യത്തിൽ 2025 ആഗസ്റ്റ് 29 മുതൽ സെപ്റ്റംബർ 1 വരെ ഒരുമയുടെ ഓണം എന്ന പേരിൽ സംഘടിപ്പിച്ച ഓണാഘോഷ പരിപാടി പൊതുവിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ വി.കെ. പ്രശാന്ത് എം.എൽ.എ. അധ്യക്ഷനായിരുന്നു. വിവിധ കലാപരിപാടികൾ, ദീപാലങ്കാരം, ഘോഷയാത്രകൾ, മുതിർന്ന പൗരന്മാരെ ആദരിക്കൽ, നിർധന കുടുംബങ്ങൾക്ക് ഭക്ഷ്യധാന്യകിറ്റ് വിതരണം തുടങ്ങിയ പരിപാടികൾ ഫെസ്റ്റിന്റെ ഭാഗമായി സംഘടിപ്പിച്ചു. കൂടാതെ വട്ടിയൂർക്കാവ് കൃഷി ഭവനുമായി സഹകരിച്ച് ഓണ ചന്തയും ഓണം വിപണന മേളയും ഒരുക്കിയിരുന്നു. മണ്ഡലത്തിലെ 12 കേന്ദ്രങ്ങളിലായാണ് പരിപാടികൾ സംഘടിപ്പിച്ചിരുന്നത്.




## നിയമസഭാംഗങ്ങൾ ചേർന്ന് ലോക്സഭാംഗത്തെ തിരഞ്ഞെടുത്തതിന് അരനൂറ്റാണ്ട്



ഇന്ത്യൻ പാർലമെന്റ് ചരിത്രത്തിൽ ആദ്യമായി ഒരു ലോക്സഭാംഗത്തെ സംസ്ഥാന നിയമസഭാംഗങ്ങൾ ചേർന്ന് തിരഞ്ഞെടുത്തതിന് അരനൂറ്റാണ്ട്. 1975 സെപ്റ്റംബർ 22 ന് സിക്കിം നിയമസഭയിലെ 32 അംഗങ്ങൾ ചേർന്നാണ് സംസ്ഥാനത്തെ ആദ്യ ലോക്സഭാംഗമായി എസ്.കെ. റായിയെ തിരഞ്ഞെടുത്തത്. സിക്കിം കോൺഗ്രസ് ജനറൽ സെക്രട്ടറിയായിരുന്ന അദ്ദേഹം അഞ്ചാം ലോക്സഭയിലേക്ക് എതിരില്ലാതെയാണ് തിരഞ്ഞെടുക്കപ്പെട്ടത്. 1975 ലെ ഭരണഘടനയുടെ 36 ാം ഭേദഗതി പ്രകാരം സിക്കിമിന് ഇന്ത്യയുടെ ഇരുപത്തിരണ്ടാമത്തെ സംസ്ഥാനമെന്ന പദവി ലഭിച്ചതോടെയാണ് തിരഞ്ഞെടുപ്പ് നടന്നത്. 'നിശ്ചിത ദിവസം നിലവിലുള്ള ലോക്സഭയിലെ സിക്കിം സംസ്ഥാനത്തിന്റെ പ്രതിനിധിയെ സിക്കിം സംസ്ഥാന നിയമസഭയിലെ അംഗങ്ങൾ തിരഞ്ഞെടുക്കേണ്ടതാണെന്ന്' ഭരണഘടയുടെ വകുപ്പ് 371 F(e) യിലെ വ്യവസ്ഥ പ്രകാരമായിരുന്നു തിരഞ്ഞെടുപ്പ്. എന്നാൽ 1977 മുതൽ തിരഞ്ഞെടുപ്പ് സാധാരണ രീതിയിലാണ്. രാഷ്ട്രപതിയുടെ നാമനിർദ്ദേശമില്ലാതെ നടന്ന പ്രസ്തുത തിരഞ്ഞെടുപ്പ് അടിയന്തരാവസ്ഥക്കാലത്ത് ലോക്സഭയിലേക്ക് നടന്ന ഏക തിരഞ്ഞെടുപ്പാണ്. 2010 ഫെബ്രുവരി 16 നാണ് എസ്.കെ. റായ് അന്തരിച്ചത്.

# സി.പി. രാധാകൃഷ്ണൻ ഉപരാഷ്ട്രപതി

ഇന്ത്യയുടെ പതിനഞ്ചാമത് ഉപരാഷ്ട്രപതിയായി സി.പി. രാധാകൃഷ്ണൻ 2025 സെപ്റ്റംബർ 12 ന് ചുമതല യേറ്റു. സെപ്റ്റംബർ 9 ന് നടന്ന തിരഞ്ഞെടുപ്പിൽ എൻ.ഡി.എ. സ്ഥാനാർഥി സി.പി. രാധാകൃഷ്ണൻ പ്രതിപക്ഷ സ്ഥാനാർഥി ബി. സുദർശൻ റെഡ്ഡിയെക്കാൾ 152 വോട്ടുകൾ നേടിയാണ് വിജയിച്ചത്. ഉപരാഷ്ട്രപതി പദത്തിൽ നിന്ന് ജഗ്ദീപ് ധൻകർ രാജിവച്ചതോടെ യാണ് പുതിയ തിരഞ്ഞെടുപ്പ് വേണ്ടിവന്നത്. തമിഴ്നാട് തിരുപ്പൂർ സ്വദേശിയായ രാധാകൃഷ്ണൻ 2024 ജൂലൈ മുതൽ മഹാരാഷ്ട്ര ഗവർണ്ണറാ യിരുന്നു. ജാർഖണ്ഡ് ഗവർണ്ണറായിരിക്കെ അദ്ദേഹം തെലങ്കാന ഗവർണ്ണറുടെയും പുതുച്ചേരി ലെഫ്. ഗവർണ്ണറു ടെയും അധികച്ചുമതല വഹി



ച്ചിട്ടുണ്ട്. 1998 ലും 1999 ലും കോയമ്പത്തൂരിൽ നിന്ന് ലോക്സഭയിലേക്ക് തിരഞ്ഞെ ടുക്കപ്പെട്ടിട്ടുണ്ട്.

സി.കെ. പൊന്നുസ്വാമി യുടെയും കെ. ജാനകിയുടെ യും മകനായി 1957 മേയ് 4 ന് ജനിച്ച സി.പി. രാധാകൃഷ്ണൻ ബി.ബി.എ ബിരുദധാരിയാണ്. ബി.ജെ.പി. തമിഴ്നാട് ഘടകം അധ്യക്ഷനായും കേരളത്തിൽ ബി.ജെ.പി. യുടെ ഭാരവാഹി യായും പ്രവർത്തിച്ചിട്ടുള്ള രാധാകൃഷ്ണൻ 2016 മുതൽ നാലു വർഷം കയർ ബോർഡ് ചെയർമാനുമായിരുന്നു. പാർല മെന്റ് അംഗമായിരിക്കെ ടെക് സ്റ്റൈൽസ് സ്ഥിരം സമിതി അധ്യക്ഷനായിരുന്നു. പാർല മെന്റിന്റെ പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ് സമിതിയിലും ധനകാര്യ കൺസൾട്ടേറ്റീവ് സമിതിയിലും അംഗമായി രുന്നു. പാർലമെന്റിന്റെ പ്രതി നിധി സംഘത്തിൽ അംഗമായി ഐക്യരാഷ്ട്രസഭയിൽ പ്രസംഗിച്ചിട്ടുണ്ട്. ഡോ. എസ്. രാധാകൃഷ്ണനും ആർ. വെങ്കിട്ടരാമനും ശേഷം ഉപരാഷ്ട്രപതി പദവിയിലെ ത്തുന്ന തമിഴ്നാട് സ്വദേശി യാണ്.

# വിത്തൽ ഭായ് പട്ടേൽ – ആദ്യ സ്പീക്കർ പദവിക്ക് നൂറ് വയസ്സ്

സെൻട്രൽ ലെജിസ്ലേറ്റീവ് അസംബ്ലിയുടെ പ്രസിഡന്റ്/സ്പീക്കർ സ്ഥാനം വഹിച്ച ആദ്യ ഇന്ത്യക്കാരനായ വിത്തൽഭായ് പട്ടേൽ സ്പീക്കർ പദവിയിലെത്തിയതിന് നൂറു വയസ്സ്. സ്വരാജ് പാർട്ടിയുടെ സ്ഥാപക നേതാക്കളിലൊരാ ളായിരുന്ന പട്ടേൽ 1924 ലാണ് സെൻട്രൽ ലെജിസ്ലേറ്റീവ് അസംബ്ലിയിലേക്ക് തിരഞ്ഞെ ടുക്കപ്പെട്ടത്. 1925 ൽ അസംബ്ലി യുടെ സ്പീക്കറായി തിരഞ്ഞെ ടുക്കപ്പെട്ടു. പരിമിതമായ നിയമനിർമ്മാണാധികാരങ്ങളുള്ള തിരഞ്ഞെടുക്കപ്പെട്ട ഇന്ത്യൻ, ബ്രിട്ടീഷ് പ്രതിനിധികളുടെ



ഒരു സഭയായിരുന്നു സെൻട്രൽ ലെജിസ്ലേറ്റീവ് അസംബ്ലി. 1873 ൽ ഗുജറാത്തിൽ ജനിച്ച വിത്തൽ ഭായ് പട്ടേൽ, സർദാർ വല്ലഭായി പട്ടേലിന്റെ ജ്യേഷ്ഠ സഹോദര നാണ്. ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ പ്രവർത്തിച്ചുവന്ന അദ്ദേഹം 1922 ൽ ചൗരിചൗരാ സംഭവത്തിനും നിസ്സഹകരണ പ്രസ്ഥാനം അവസാനിച്ചതിനും ശേഷം കോൺഗ്രസ് വിടുകയും സി.ആർ. ദാസ്, മോത്തിലാൽ നെഹ്റു എന്നിവരോടൊപ്പം സ്വരാജ് പാർട്ടി സ്ഥാപിക്കുകയു മായിരുന്നു. 1933 ൽ സ്വിറ്റ്സർലൻഡിൽ വച്ചാണ് അദ്ദേഹം അന്തരിച്ചത്.

# ചിത്രജാലകം



കേരള നിയമസഭയുടെ 2025 ലെ ഓണാഘോഷ പരിപാടികളുടെ ഉദ്ഘാടനം സ്പീക്കർ എ.എൻ. ഷംസീർ നിർവഹിക്കുന്നു.



2025 ലെ ഓണം വാരാഘോഷത്തിന്റെ ഭാഗമായി സർക്കാർ സ്ഥാപനങ്ങളിലെ ദീപാലങ്കാരത്തിന് കേരള നിയമസഭയ്ക്ക് ലഭിച്ച ഒന്നാം സമ്മാനം ജോയിന്റ് സെക്രട്ടറി രജനി വി.ആർ. ടൂറിസം വകുപ്പ് മന്ത്രി പി.എ. മുഹമ്മദ് റിയാസിൽ നിന്ന് ഏറ്റുവാങ്ങുന്നു.

# ചിത്രജാലകം



സ്വാതന്ത്ര്യ ദിനത്തിൽ സ്പീക്കർ എ.എൻ. ഷംസീർ നിയമസഭാങ്കണത്തിൽ ദേശീയ പതാക ഉയർത്തുന്നു.

സഭാ സമ്മേളന വാർത്ത

# പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനം



പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനം 2025 സെപ്റ്റംബർ 15 ന് ആരംഭിച്ചു. ഒക്ടോബർ 10 വരെ നീണ്ടു നിൽക്കുന്ന പതിനാലാം സമ്മേളനത്തിൽ ആകെ 12 ദിവസം സഭ സമ്മേളിക്കും. വി.എസ്. അച്യുതാനന്ദൻ, വാഴൂർ സോമൻ, പി.പി. തങ്കച്ചൻ എന്നിവരുടെ നിര്യാണം സംബന്ധിച്ച റഫറൻസോടെയാണ് സമ്മേളനം ആരംഭിച്ചത്. 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള ഉപധനാഭ്യർഥനകളുടെ സ്റ്റേറ്റ്മെന്റ് സെപ്റ്റംബർ 18 ന് സഭയുടെ മേശപ്പുറത്ത് വയ്ക്കുകയുണ്ടായി. 1961 ലെ കേരള വന ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുവേണ്ടിയുള്ള 2025 ലെ കേരള വനം (ഭേദഗതി) ബില്ലും 1972 ലെ വന്യജീവി (സംരക്ഷണം) ആക്റ്റ് കേരള സംസ്ഥാനത്തിന് ബാധകമാകുന്നിടത്തോളം ഭേദഗതി ചെയ്യുന്നതിനുള്ള 2025 ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബില്ലും സഭ പരിഗണിക്കുകയും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി അയയ്ക്കുകയും ചെയ്തു. ഉപധനാഭ്യർഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും ഒക്ടോബർ 6 ന് നടത്തുന്നതിനും ധനവിനിയോഗ ബിൽ ഒക്ടോബർ 7 ന് സഭയിൽ അവതരിപ്പിച്ച് പാസാക്കുന്നതിനുമാണ് നിശ്ചയിച്ചിട്ടുള്ളത്. പത്ത് ദിവസം നിയമനിർമ്മാണം ഉൾപ്പെടെയുള്ള ഗവൺമെന്റ് കാര്യങ്ങൾക്കായും രണ്ട് ദിവസം അനൗദ്യോഗികാംഗങ്ങളുടെ കാര്യങ്ങൾക്കായുമാണ് നീക്കിവച്ചിട്ടുള്ളത്.

പാർലമെന്റ് സമ്മേളന വാർത്ത

# പാർലമെന്റിന്റെ വർഷകാല സമ്മേളനം

2025 ജൂലൈ 21 ന് ആരംഭിച്ച പാർലമെന്റിന്റെ വർഷകാല സമ്മേളനം ആഗസ്റ്റ് 21 ന് അവസാനിച്ചു. ആകെ 32 ദിവസങ്ങളിലായി നടന്ന സമ്മേളനത്തിൽ 21 സിറ്റിംഗുകളാണുണ്ടായിരുന്നത്. ഇന്ത്യയുടെ വിജയകരമായ സൈനിക നടപടിയായ ഓപ്പറേഷൻ സിന്ദൂർ സംബന്ധിച്ച് പാർലമെന്റിന്റെ ഇരുസഭകളും പ്രത്യേക ചർച്ച നടത്തി. ലോക്സഭ പതിനാല് ബില്ലുകൾ പരിഗണിക്കുകയും പന്ത്രണ്ട് എണ്ണം പാസാക്കുകയും രണ്ടു ബില്ലുകൾ സെലക്ട് കമ്മറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു. രാജ്യസഭ പതിനഞ്ച് ബില്ലുകളാണ് പാസാക്കിയത്. The Income-tax Bill, 2025, The National Sports Governance Bill, 2025, National Anti-Doping (Amendment) Bill, 2025, The Manipur Appropriation (No.2) Bill, 2025, The Bills of Lading Bill, 2025, The Indian Parts Bill, 2025 എന്നിവ ഉൾപ്പെടെ പതിനഞ്ച് ബില്ലുകളാണ് പാർലമെന്റിന്റെ ഇരുസഭകളും പാസാക്കിയത്.

മന്ത്രി പദത്തിലുള്ളവർ ഗുരുതര ക്രിമിനൽ കുറ്റത്തിന് അഞ്ച് വർഷത്തിലേറെ തടവിന് ശിക്ഷിക്കപ്പെടുകയും 30 ദിവസത്തിൽ കൂടുതൽ തടവിലാക്കപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിൽ പദവി നഷ്ടമാകുന്ന ഭരണഘടനാ ഭേദഗതി ബില്ലും അനുബന്ധ ബില്ലുകളും സംയുക്ത പാർലമെന്ററി സമിതിയുടെ പരിഗണനയ്ക്കായി വിട്ടു. സാമ്പത്തിക കുറ്റകൃത്യങ്ങൾ സംബന്ധിച്ച ആരോപണം നേരിടുന്ന അഹമ്മദാബാദ് ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് യശ്വന്ത് വർമ്മയെ ഇംപീച്ച് ചെയ്യുന്നതിനുള്ള നടപടികൾക്കും പാർലമെന്റ് തുടക്കം കുറിച്ചു.

## വിജ്ഞാനപഥം

1. അന്താരാഷ്ട്ര സാക്ഷരതാ ദിനത്തിന്റെ (സെപ്റ്റംബർ 8) ഈ വർഷത്തെ പ്രമേയം എന്താണ് ?

   ഡിജിറ്റൽ യുഗത്തിൽ സാക്ഷരത പ്രോത്സാഹിപ്പിക്കുക

2. ഏത് രാജ്യത്തെ ശാസ്ത്രജ്ഞരാണ് പൂർണ്ണമായും പ്രവർത്തന ക്ഷമമായ മനുഷ്യചർമ്മം ലബോറട്ടറിയിൽ കൃത്രിമമായി വികസിപ്പിച്ചെടുത്തത് ?

   ഓസ്ട്രേലിയ

3. ഇന്ത്യയുടെ ജി.എസ്.എൽ.വി.–16 റോക്കറ്റിൽ 2025 ജൂലൈ 30 ന് വിക്ഷേപിച്ച ഐ.എസ്.ആർ.ഒ. – നാസ സംയുക്ത സംരംഭമായ ആദ്യ ഭൗമനിരീക്ഷണ ഉപഗ്രഹം ?

   നൈസാർ
   (NISAR- NASA ISRO Synthetic Aperture Radar)

4. ഇന്ത്യ തദ്ദേശീയമായി (ഐ.എസ്.ആർ.ഒ.) നിർമ്മിച്ച ആദ്യ 32 ബിറ്റ് മൈക്രോ പ്രോസസർ ചിപ്പ് ?

   വിക്രം 3201

5. ഇന്ത്യൻ ഹരിത വിപ്ലവത്തിന്റെ ശിൽപി ഡോ. എം.എസ്. സ്വാമിനാഥന്റെ ജന്മദിനമായ ആഗസ്റ്റ് 7 സുസ്ഥിര കാർഷിക ദിനമായി ആചരിക്കാൻ തീരുമാനിച്ച സംസ്ഥാനം ?

   മഹാരാഷ്ട്ര

6. പൂർണ്ണമായും സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ നിയമസഭാ മന്ദിരം ?

   ഡൽഹി നിയമസഭാ മന്ദിരം

7. ഇന്ത്യയിലെ ആദ്യ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതാ സംസ്ഥാനം ?

   കേരളം

8. പൗരന്മാരുടെ അവശ്യരേഖകളും സർട്ടിഫിക്കറ്റുകളും ഡിജി ലോക്കറുമായി ബന്ധിപ്പിച്ച് ഡിജിറ്റലായി സൂക്ഷിക്കുന്നതിന് കേരളം നടപ്പാക്കുന്ന സംവിധാനം ?

   DEED (Digital Empowerment and Electronic Document)

9. 2025 ൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ (PBR) തയ്യാറാക്കിയ ആദ്യ സംസ്ഥാനം ?

   കേരളം

10. വിവിധ മേഖലകളിൽ മികച്ച സംഭാവനകൾ നൽകിയ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും നൽകുന്ന ദേശീയ ബഹുമതിയായ സ്വദേശ് സമ്മാൻ നേടിയ കേരളത്തിലെ പൊതുമേഖലാ സ്ഥാപനം ?

    കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് (കെ.എസ്.എഫ്.ഇ.)


നൈസാർ


വിക്രം 3201


ഡോ. എം.എസ്. സ്വാമിനാഥൻ


ഡൽഹി നിയമസഭാ മന്ദിരം


ഡിജിറ്റൽ സാക്ഷരത

# പ്രഭാഷണ പരിപാടി



കേരള നിയമസഭാ സെക്രട്ടേറിയറ്റിന്റെ പരിശീലന വിഭാഗമായ കെ-ലാംപ്സ് (പി.എസ്.) ന്റെയും പാർലമെന്ററി പഠന പരിശീലന രംഗത്ത് പ്രവർത്തിക്കുന്ന പി.ആർ.എസ്. ലെജിസ്ലേറ്റീവ് റിസർച്ചിന്റെയും സംയുക്താഭിമുഖ്യത്തിൽ നിയമസഭാ സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥർ, മാധ്യമ പ്രവർത്തകർ, ജേർണലിസം വിദ്യാർഥികൾ എന്നിവർക്കായി 2025 ആഗസ്റ്റ് 18 ന് നിയമസഭാ സമുച്ചയത്തിലെ ബാങ്കറ്റ് ഹാളിൽ പ്രഭാഷണ പരിപാടി സംഘടിപ്പിച്ചു. Legislative Previleges and Press, Press and House Rules എന്നീ വിഷയങ്ങളിൽ മാധ്യമ പ്രവർത്തകർക്കും ജേർണലിസം വിദ്യാർഥികൾക്കുമായി രാവിലെ സംഘടിപ്പിച്ച ആദ്യ സെഷൻ നിയമസഭാ സെക്രട്ടറി ഡോ. എൻ. കൃഷ്ണ കുമാർ ഉദ്ഘാടനം ചെയ്തു. കെ-ലാംപ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ പി. ഹരി ചടങ്ങിൽ സ്വാഗതം ആശംസിച്ചു. നിയമസഭയുടെ സവിശേഷാധികാരം, നിയമസഭാ നടപടിക്രമങ്ങളുടെ റിപ്പോർട്ടിംഗ് തുടങ്ങിയ വിഷയങ്ങളിൽ മാധ്യമ പ്രവർത്തകർക്ക് അവബോധം സൃഷ്ടിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് പ്രഭാഷണ പരിപാടി സംഘടിപ്പിച്ചത്. 125 പേർ പങ്കെടുത്ത പരിപാടിയിൽ കെ-ലാംപ്സ് ജോയിന്റ് ഡയറക്ടർ ആർ. ഷാജി കൃതജ്ഞത രേഖപ്പെടുത്തി.

ഉച്ചയ്ക്കുശേഷം നടന്ന രണ്ടാം സെഷനിൽ നിയമസഭാ സെക്രട്ടേറിയറ്റിലെ അണ്ടർ സെക്രട്ടറി, സെക്ഷൻ ഓഫീസർ വിഭാഗം ജീവനക്കാർക്കായി Functioning of Legislative Committees, Critical Role of Officers in Strengthening Committees എന്നീ വിഷയങ്ങളിൽ സംഘടിപ്പിച്ച പ്രഭാഷണ പരിപാടിയിൽ പി.ആർ.എസ്. ലെജിസ്ലേറ്റീവ് റിസർച്ചിലെ അധ്യാപകരായ ചക്ഷു റോയി, നിരഞ്ജന എസ്. മേനോൻ, യാഷിക കേദിയ എന്നിവർ രണ്ട് സെഷനുകളിലും വിഷയം അവതരിപ്പിച്ച് സംസാരിച്ചു. കെ-ലാംപ്സ് ജോയിന്റ് ഡയറക്ടർ ആർ. ഷാജി സ്വാഗതം ആശംസിച്ചു. 78 പേർ പങ്കെടുത്ത സെഷനിൽ കെ-ലാംപ്സ് ഡെപ്യൂട്ടി ഡയറക്ടർ പുഷ്പലത വി.സി. കൃതജ്ഞത രേഖപ്പെടുത്തി.

# സബോർഡിനേറ്റ് ലെജിസ്ലേഷനിൽ പരിശീലനം

കെ-ലാംപ്സ് (പി.എസ്.) വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നിയമസഭാ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി വിഭാഗത്തിലെ ഉദ്യോഗസ്ഥർക്കും അസിസ്റ്റന്റ് വിഭാഗം ഉദ്യോഗസ്ഥർക്കുമായി 'സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി- എസ്.ആർ.ഒ. സ്ക്രൂട്ടിനിയും കമ്മിറ്റി പ്രവർത്തനങ്ങളും' എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു. 2025 ആഗസ്റ്റ് 23 ന് നിയമസഭാ സമുച്ചയത്തിലെ പാർലമെന്ററി പഠന പരിശീലന ഹാളിൽ സംഘടിപ്പിച്ച പരിശീലന പരിപാടിയിൽ ജോയിന്റ് സെക്രട്ടറി എൽ. ജ്യോതി ക്ലാസിന് നേതൃത്വം നൽകി. കെ-ലാംപ്സ് ഡയറക്ടർ ഷീന ശിവദാസ് സ്വാഗതം ആശംസിച്ച ചടങ്ങിൽ കെ-ലാംപ്സ് (പി.എസ്) വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ പുഷ്പലത വി.സി. കൃതജ്ഞത രേഖപ്പെടുത്തി.

# ഡിജിറ്റൽ മീഡിയ വർക്ക്ഷോപ്പ്

കെ-ലാംപ്സ് (പി.എസ്.) വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ദ്വിദിന ഡിജിറ്റൽ മീഡിയ വർക്ക്ഷോപ്പ് 2025 ആഗസ്റ്റ് 5, 6 തീയതികളിൽ കെ-ലാംപ്സ് പഠന പരിശീലന ഹാളിൽ സംഘടിപ്പിച്ചു. മാതൃഭൂമി ദിനപത്രത്തിന്റെ ഓൺലൈൻ വിഭാഗം കൺസൾട്ടന്റ് സുനിൽ പ്രഭാകർ ഡിജിറ്റൽ മാധ്യമങ്ങളുടെ സാധ്യതകളെയും അവയെ കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്നതിനെയും കുറിച്ച് ക്ലാസ് നയിച്ചു. തുടർന്ന് നടന്ന വർക്ക്ഷോപ്പിൽ എ.ഐ. ടൂളുകളെയും ആപ്ലിക്കേഷനുകളെയും കുറിച്ച് വിശദമായി പ്രതിപാദിച്ചു. കെ-ലാംപ്സ് (മീഡിയ), (അക്കൗണ്ട്സ്), സഭാ ടി.വി. മീഡിയ സെൽ, ഇൻ ഹൗസ് പ്രൊഡക്ഷൻ ടീം, റിസർച്ച് അസിസ്റ്റന്റ്സ് തുടങ്ങി വിവിധ വിഭാഗങ്ങളിലെ 50 ഉദ്യോഗസ്ഥർ പങ്കെടുത്ത വർക്ക്ഷോപ്പ് നാലു സെഷനുകളായാണ് സംഘടിപ്പിച്ചത്. കെ-ലാംപ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ പി. ഹരി ഉദ്ഘാടനം ചെയ്ത പരിപാടിയിൽ കെ-ലാംപ്സ് (പി.എസ്.) വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ പുഷ്പലത വി.സി. കൃതജ്ഞത അറിയിച്ചു.

# അഖിലേന്ത്യാ സ്പീക്കേഴ്സ് കോൺഫറൻസ്




കേന്ദ്ര നിയമസഭയുടെ ആദ്യ സ്പീക്കറായി വിത്തൽ ഭായ് പട്ടേൽ തിരഞ്ഞെടുക്കപ്പെട്ടതിന്റെ നൂറാം വാർഷികാഘോഷത്തിന്റെ ഭാഗമായി ഡൽഹി നിയമസഭയിൽ അഖിലേന്ത്യാ സ്പീക്കേഴ്സ് കോൺഫറൻസ് സംഘടിപ്പിച്ചു. കേരള നിയമസഭയെ പ്രതിനിധീകരിച്ച് സ്പീക്കർ എ.എൻ. ഷംസീർ കോൺഫറൻസിൽ പങ്കെടുത്തു. നിയമസഭാ സെക്രട്ടറി ഡോ. എൻ. കൃഷ്ണ കുമാർ സ്പീക്കറുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിമാരായ മുഹമ്മദാലി പി., അർജുൻ എസ്. കുമാർ എന്നിവർ സ്പീക്കറെ അനുഗമിച്ചു. ഡൽഹി നിയമസഭാ സ്പീക്കർ വിജേന്ദർ ഗുപ്തയുമായി കൂടിക്കാഴ്ച നടത്തിയ സംഘം ഓണക്കോടിയും ഉപഹാരങ്ങളും അദ്ദേഹത്തിന് സമ്മാനിച്ചു.

# സി.പി.എ. ഇന്ത്യ റീജിയണൽ കോൺഫറൻസ്

കോമൺവെൽത്ത് പാർലമെന്ററി അസോസിയേഷൻ ഇന്ത്യാ റീജിയണിന്റെ പതിനൊന്നാമത് സമ്മേളനം 2025 സെപ്റ്റംബർ 11 മുതൽ 14 വരെ ബെംഗളൂരുവിൽ സംഘടിപ്പിച്ചു. പാർലമെന്റിലെയും വിവിധ സംസ്ഥാന നിയമസഭകളിലെയും സ്പീക്കർമാർ പങ്കെടുത്ത കോൺഫറൻസിൽ സ്പീക്കർ എ.എൻ. ഷംസീർ കേരള നിയമസഭയെ പ്രതിനിധീകരിച്ച് പങ്കെടുത്തു. നിയമസഭാ സെക്രട്ടറി ഡോ. എൻ. കൃഷ്ണ കുമാർ, സ്പീക്കറുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി അർജുൻ എസ്. കുമാർ എന്നിവർ



സ്പീക്കറെ അനുഗമിച്ചു. കർണ്ണാടക നിയമസഭാ സ്പീക്കർ യു.ടി. ഖാദർ ഫരീദ്, നിയമസഭാ കൗൺസിൽ ചെയർപേഴ്സൺ ബസവരാജ് ഹൊരാട്ടി എന്നിവരെ സംഘം സന്ദർശിക്കുകയും ഓണസമ്മാനം കൈമാറുകയും ചെയ്തു.

# പട്ടികജാതി പട്ടികവർഗ ക്ഷേമ സമിതികളുടെ നാഷണൽ കോൺഫറൻസ്



ലോക്സഭാ സെക്രട്ടേറിയറ്റിന്റെ ആഭിമുഖ്യത്തിൽ പാർലമെന്റിലെയും സംസ്ഥാന/കേന്ദ്രഭരണ പ്രദേശങ്ങളിലെയും നിയമസഭാ പട്ടികജാതി പട്ടികവർഗ ക്ഷേമ സമിതികളുടെ നാഷണൽ കോൺഫറൻസ് ഒഡീഷ വിധാൻസഭയിൽ സംഘടിപ്പിച്ചു. 2025 ആഗസ്റ്റ് 29 ന് ഒഡീഷ വിധാൻസഭ കൺവെൻഷൻ ഹാളിൽ ലോക്സഭാ സ്പീക്കർ ഓം ബിർള കോൺഫറൻസിന്റെ ഉദ്ഘാടനം നിർവഹിച്ചു. രാജ്യസഭാ ഉപാധ്യക്ഷൻ ഹരിവംശ് നാരായൺ സിംഗ്, ഒഡീഷ മുഖ്യമന്ത്രി മോഹൻചരൺ മജ്ഹി, കേന്ദ്ര വിദ്യാഭ്യാസ വകുപ്പു മന്ത്രി ധർമ്മേന്ദ്ര പ്രധാൻ, കേന്ദ്ര ട്രൈബൽ അഫയേഴ്സ് വകുപ്പ് മന്ത്രി ജുവൽ ഒറാം, ഒഡീഷ നിയമസഭാ സ്പീക്കർ സുരാമ പധി, ഡെപ്യൂട്ടി സ്പീക്കർ ഭബാനി ശങ്കർ ഭോയ് എന്നിവർ ചടങ്ങിൽ സംസാരിച്ചു. തുടർന്ന് 'Role of Parliamentary and Legislative Committees in Welfare, Development and Empowerment of Scheduled Castes and Scheduled Tribes' എന്ന വിഷയത്തെ അധികരിച്ച് ചർച്ച നടന്നു. ലോക്സഭ പട്ടികജാതി പട്ടികവർഗ ക്ഷേമം സംബന്ധിച്ച സമിതി ചെയർപേഴ്സൺ ഭഗ്ഗൻസിംഗ് കുലസ്റ്റെ മുഖ്യപ്രഭാഷണം നടത്തിയ ചർച്ചയിൽ സംസ്ഥാന/കേന്ദ്രഭരണ പ്രദേശങ്ങളിലെ പട്ടികജാതി പട്ടികവർഗ ക്ഷേമ സമിതികളുടെ ചെയർപേഴ്സൺമാർ സംസാരിച്ചു. ആഗസ്റ്റ് 30 ന് നടന്ന സമാപന സമ്മേളനം ഒഡീഷ ഗവർണ്ണർ ഹരി ബാബു കംബംപതി ഉദ്ഘാടനം ചെയ്തു.

കേരള നിയമസഭാ പട്ടികജാതി പട്ടികവർഗ ക്ഷേമ സമിതിയെ പ്രതിനിധീകരിച്ച് ചെയർപേഴ്സൺ കെ. ശാന്തകുമാരി ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചു. സമിതിയംഗങ്ങളായ കടകംപള്ളി സുരേന്ദ്രൻ, ഐ.സി. ബാലകൃഷ്ണൻ, പി.പി. സുമോദ് എന്നിവർ കോൺഫറൻസിൽ പ്രതിനിധികളായി പങ്കെടുത്തു. നിയമസഭാ സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥ പ്രതിനിധികളും സമിതിയെ അനുഗമിച്ചു.

# സമൂഹ മാധ്യമ ഇൻഫ്ലുവൻസർമാർക്ക് അഭിപ്രായ സ്വാതന്ത്ര്യത്തിന്റെ പരിരക്ഷയില്ല : സുപ്രീം കോടതി

വരുമാന ലക്ഷ്യത്തോടെ സമൂഹ മാധ്യമ ഇൻഫ്ലുവൻസർമാർ നടത്തുന്ന അഭിപ്രായ പ്രകടനത്തിന് അഭിപ്രായ സ്വാതന്ത്ര്യത്തിന്റെ പരിരക്ഷ ലഭിക്കില്ലെന്ന് സുപ്രീം കോടതി. ഇൻഫ്ലുവൻസർമാർക്ക് നിയന്ത്രണമേർപ്പെടുത്തുന്നതിന് മാർഗരേഖ തയ്യാറാക്കണമെന്ന് സുപ്രീം കോടതി കേന്ദ്ര സർക്കാരിനോട് നിർദ്ദേശിക്കുകയും ചെയ്തു. സ്പൈനൽ മസ്ക്യൂലാർ അട്രോഫി (എസ്.എം.എ.) ബാധിച്ച രോഗികളെയും കുടുംബങ്ങളെയും പിന്തുണയ്ക്കുന്ന ക്യൂർ എസ്.എം.എ. ഫൗണ്ടേഷൻ ഓഫ് ഇന്ത്യയുടെ ഹർജി പരിഗണിച്ചാണ് മാർഗനിർദ്ദേശം. ഭിന്നശേഷിക്കാരെയും എസ്.എം.എ. രോഗികളെയും കാഴ്ച വെല്ലുവിളി നേരിടുന്നവരെയും പരിഹസിച്ചതിന് 'ഇന്ത്യാസ് ഗോട്ട് ലേറ്റന്റ്' ഷോ




അവതാരകൻ സമയ് റെയ്ന, യൂട്യൂബർ രൺവീർ അലാബാദിയ എന്നിവരടക്കം അഞ്ച് ഇൻഫ്ളുവൻസർമാർക്കെതിരെയുള്ള കേസാണ് കോടതി പരിഗണിച്ചത്. അഞ്ചുപേരും തങ്ങളുടെ പോഡ്കാസ്റ്റുകളിലോ ഷോകളിലോ നിരുപാധികം മാപ്പ് പറയണമെന്ന് ജസ്റ്റിസ് സൂര്യകാന്ത്, ജസ്റ്റിസ് ജോയ്മല്യ ബാഗ്ചി എന്നിവരുടെ ബെഞ്ച് നിർദ്ദേശിച്ചു.

# പ്രസിഡൻഷ്യൽ റഫറൻസ് : കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ വാദം പൂർത്തിയായി

നിയമസഭ പാസാക്കുന്ന ബില്ലുകളിൽ രാഷ്ട്രപതിക്കും ഗവർണ്ണർമാർക്കും തീരുമാനമെടുക്കാൻ സുപ്രീം കോടതി സമയപരിധി നിശ്ചയിച്ച വിഷയങ്ങളിൽ വ്യക്തത തേടി രാഷ്ട്രപതി ദ്രൗപതി മുർമു നൽകിയ പ്രസിഡൻഷ്യൽ റഫറൻസിൽ സുപ്രീം കോടതിയുടെ ഭരണഘടനാ ബെഞ്ച് മുമ്പാകെ വാദം പൂർത്തിയായി. ചീഫ് ജസ്റ്റിസ് ബി.ആർ. ഗവായ് അധ്യക്ഷനായ ഭരണഘടനാ ബെഞ്ചിൽ ജസ്റ്റിസുമാരായ സൂര്യകാന്ത്, വിക്രംനാഥ്, പി.എസ്. നരസിംഹ, എ.എസ്. ചന്ദുർക്കർ എന്നിവർ അംഗങ്ങളാണ്. കേന്ദ്രത്തിന്റെയും കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെയും വാദങ്ങളാണ് ഭരണഘടനാ ബെഞ്ച് മുമ്പാകെ നടന്നത്. ബില്ലുകളിന്മേൽ തീരുമാനമെടുക്കുന്നതിൽ രാഷ്ട്രപതിക്കും ഗവർണ്ണർമാർക്കും സമയപരിധി നിശ്ചയിക്കുന്നതിനും മാർഗനിർദ്ദേശം നൽകുന്നതിനും കോടതിക്ക് അധികാരമുണ്ടോ എന്നതിൽ വ്യക്തത തേടി സുപ്രീം കോടതിയുടെ ഭരണഘടനാ ബെഞ്ച് കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് നോട്ടീസ് നൽകിയിരുന്നു. നിയമസഭ പാസാക്കിയ പത്തു ബില്ലുകൾക്ക് അനുമതി നൽകുന്നതിൽ കാലതാമസം വരുത്തിയ ഗവർണ്ണർ ആർ.എൻ. രവിയുടെ നടപടിയെ ചോദ്യം ചെയ്ത് തമിഴ്നാട് സർക്കാർ സമർപ്പിച്ച ഹർജിയിലാണ് സമയപരിധി നിശ്ചയിച്ച് സുപ്രീം കോടതിയുടെ രണ്ടംഗ ബെഞ്ച് കഴിഞ്ഞ ഏപ്രിലിൽ വിധി പുറപ്പെടുവിച്ചിരുന്നത്.

## വാഴൂർ സോമൻ



പതിനഞ്ചാം കേരള നിയമസഭയിലെ അംഗവും സി.പി.ഐ. നേതാവുമായിരുന്ന വാഴൂർ സോമൻ (72) 2025 ആഗസ്റ്റ് 21 ന് അന്തരിച്ചു. പീരുമേട് നിയോജക മണ്ഡലത്തിൽ നിന്നാണ് സി.പി.ഐ. അംഗമായി 2021 ൽ ആദ്യമായി നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത്. നിയമസഭയുടെ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റിയിലും മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതിയിലും അംഗമായിരുന്നു.

കോട്ടയം ജില്ലയിലെ വാഴൂരിൽ കുഞ്ഞുപാപ്പന്റെയും പാർവ്വതിയുടെയും മകനായി 1952 സെപ്റ്റംബർ 14 ന് ജനിച്ച വാഴൂർ സോമൻ വിദ്യാർഥി പ്രസ്ഥാനത്തിലൂടെയാണ് രാഷ്ട്രീയ രംഗത്തെത്തിയത്. വണ്ടിപ്പെരിയാർ ജില്ലാ പഞ്ചായത്തംഗം, ക്ഷേമകാര്യ സ്ഥിരം സമിതി അധ്യക്ഷൻ, വെയർഹൗസിംഗ് കോർപ്പറേഷൻ ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം എ.ഐ.റ്റി.യു.സി. സംസ്ഥാന വൈസ് പ്രസിഡന്റ്, ദേശീയ പ്രവർത്തക സമിതി അംഗം എന്നീ പദവികളും വഹിച്ചിരുന്നു.

ഭാര്യ ബിന്ദു സോമൻ. രണ്ട് മക്കൾ.

## പി.പി. തങ്കച്ചൻ



മുൻ നിയമസഭാ സ്പീക്കറും മന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവുമായിരുന്ന പി.പി. തങ്കച്ചൻ (86) 2025 സെപ്റ്റംബർ 11 ന് അന്തരിച്ചു. സംസ്ഥാന കൃഷി വകുപ്പ് മന്ത്രി, പ്രതിപക്ഷ ചീഫ് വിപ്പ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. കേരള നിയമസഭയിൽ അധ്യക്ഷ പദവി (1991–1995)ക്ക് തുടർച്ചയായി മന്ത്രി പദവി വഹിച്ച ആദ്യ വ്യക്തിയായ പി.പി. തങ്കച്ചൻ, ഏഴ് മുതൽ പത്ത് വരെ കേരള നിയമസഭകളിൽ പെരുമ്പാവൂർ നിയോജക മണ്ഡലത്തെ പ്രതിനിധീകരിച്ചു. സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം സംബന്ധിച്ച സമിതി, പരിസ്ഥിതി സംബന്ധിച്ച സമിതി, പിന്നാക്ക വിഭാഗ ക്ഷേമം സംബന്ധിച്ച സമിതി, മേശപ്പുറത്ത് വച്ച കടലാസുകൾ സംബന്ധിച്ച സമിതി എന്നീ നിയമസഭാ സമിതികൾ നിലവിൽ വന്നത് അദ്ദേഹം സ്പീക്കറായിരുന്ന കാലത്താണ്.

എറണാകുളം ജില്ലയിലെ അങ്കമാലിയിൽ റവ.ഫാദർ പൗലോസ് പൈനാടത്തിന്റെയും അന്നമ്മയുടെയും മകനായി 1939 ജൂലൈ 29 ന് ജനിച്ച തങ്കച്ചൻ അഭിഭാഷകനായാണ് ഔദ്യോഗിക ജീവിതം ആരംഭിച്ചത്. 1968 ൽ പെരുമ്പാവൂർ മുനിസിപ്പൽ കൗൺസിലിലേക്ക് തിരഞ്ഞെടുക്കപ്പെട്ട് അധ്യക്ഷനായപ്പോൾ രാജ്യത്തെ ഏറ്റവും പ്രായം കുറഞ്ഞ മുനിസിപ്പൽ ചെയർമാനെന്ന ബഹുമതി നേടി. മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച നിയമസഭാ സമിതി ചെയർമാൻ (1996–98), കോൺഗ്രസ് നിയമസഭാകക്ഷി സെക്രട്ടറി (1987–91), യു.ഡി.എഫ്. കൺവീനർ (2004–2018), കെ.പി.സി.സി. പ്രസിഡന്റ് (2004), വൈസ് പ്രസിഡന്റ് (2001–2004), എറണാകുളം ഡി.സി.സി. പ്രസിഡന്റ്, മാർക്കറ്റ് ഫെഡ് ചെയർമാൻ, റബ്ബർ ബോർഡ് അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

ഭാര്യ റ്റി.വി. തങ്കമ്മ, മൂന്ന് മക്കൾ.

## പ്രൊഫ. എം.കെ. സാനു



മുൻ നിയമസഭാംഗവും പ്രശസ്ത സാഹിത്യകാരനുമായ പ്രൊഫ. എം.കെ. സാനു (97) 2025 ആഗസ്റ്റ് 2 ന് അന്തരിച്ചു. എട്ടാം കേരള നിയമസഭയിലേക്ക് എറണാകുളം മണ്ഡലത്തിൽ നിന്ന് സ്വതന്ത്രനായി മത്സരിച്ച് വിജയിച്ചു. അധ്യാപകൻ, ജനപ്രതിനിധി, നിരൂപകൻ, ജീവചരിത്രകാരൻ, ചിന്തകൻ, പ്രഭാഷകൻ, സാമൂഹിക പ്രവർത്തകൻ എന്നീ നിലകളിൽ മലയാള സാഹിത്യ-സാംസ്കാരിക രംഗത്തെ നിറ സാന്നിധ്യമായിരുന്നു സാനുമാഷ്. കേരള നിയമസഭയുടെ ലൈബ്രറി ഉപദേശക സമിതി (1987-89) ചെയർമാനായിരുന്നു. എഴുത്തച്ഛൻ പുരസ്കാരം(2013), കേന്ദ്ര, കേരള സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ, കേരള സാഹിത്യ അക്കാദമി വിശിഷ്ടാംഗത്വം, കേരള ജ്യോതി പുരസ്കാരം, വയലാർ അവാർഡ് (2001) എന്നിവ ഉൾപ്പെടെ ഒട്ടേറെ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

എം.സി. കേശവന്റെയും കെ.പി. ഭവാനിയുടെയും മകനായി 1928 ഒക്ടോബർ 27 ന് ആലപ്പുഴ ജില്ലയിലെ തുമ്പോളി മംഗലത്ത് വീട്ടിലാണ് എം. കെ. സാനു ജനിച്ചത്. ആലപ്പുഴ എസ്.ഡി. കോളേജ്, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് എന്നിവിടങ്ങളിലായിരുന്നു പഠനം. മലയാളത്തിൽ ഒന്നാം റാങ്കോടെ എം.എ. പാസായ അദ്ദേഹം സംസ്ഥാനത്തെ വിവിധ കലാലയങ്ങളിൽ ദീർഘകാലം അധ്യാപകനായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. കേരള സാഹിത്യ അക്കാദമി പ്രസിഡന്റ്, പുരോഗമന കലാ സാഹിത്യസംഘം പ്രസിഡന്റ്, സാഹിത്യ പ്രവർത്തക സഹകരണ സംഘം എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം, കേരള സർവകലാശാല ബോർഡ് ഓഫ് സ്റ്റഡീസ്, എം.ജി. സർവകലാശാല ശ്രീനാരായണ ചെയർ, വയലാർ രാമവർമ്മ ട്രസ്റ്റ് എന്നിവയുടെ ചെയർമാൻ, യു.ജി.സി. നാഷണൽ പ്രൊഫസർ, കുങ്കുമം വാരികയുടെ ചീഫ് എഡിറ്റർ തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. 'ചങ്ങമ്പുഴ കൃഷ്ണപിള്ള: നക്ഷത്രങ്ങളുടെ സ്നേഹഭാജനം', 'മൃത്യുഞ്ജയം കാവ്യജീവിതം', 'ബഷീർ : ഏകാന്ത വീഥിയിലെ അവധൂതൻ', 'തപസ്വിനി അമ്മ: അബലകൾക്ക് ശരണമായി ജീവിച്ച പുണ്യവതി' തുടങ്ങി നാല്പതിലേറെ പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. തിരു-കൊച്ചി നിയമസഭയിൽ മന്ത്രിയായിരുന്ന പി. മാധവന്റെ മകൾ രത്നമ്മയാണ് ഭാര്യ, അഞ്ച് മക്കൾ.

## എം. നാരായണൻ



മുൻ സാമാജികനും സി.പി.ഐ. നേതാവുമായിരുന്ന എം. നാരായണൻ (73) 2025 ആഗസ്റ്റ് 5 ന് അന്തരിച്ചു. ഒമ്പത്, പത്ത് കേരള നിയമസഭകളിൽ ഹോസ്ദുർഗ് മണ്ഡലത്തെയാണ് അദ്ദേഹം പ്രതിനിധീകരിച്ചത്. പതിനെട്ട് വർഷം തപാൽ വകുപ്പിൽ ജീവനക്കാരനായിരുന്ന അദ്ദേഹം സി.പി.ഐ. കാസർഗോഡ് ജില്ലാ കൗൺസിൽ അംഗം, ഹോസ്ദുർഗ് മണ്ഡലം സെക്രട്ടറി, അഖിലേന്ത്യാ പീസ് ആന്റ് സോളിഡാരിറ്റി ഓർഗനൈസേഷൻ അംഗം, അഖിലേന്ത്യാ ആദിവാസി മഹാസഭ സംസ്ഥാന ജോയിന്റ് സെക്രട്ടറി, ജില്ലാ പഞ്ചായത്ത് അംഗം, ജില്ലാ പ്ലാനിംഗ് കമ്മിറ്റി അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

ഭാര്യ കെ. എം. സരോജിനി. മൂന്ന് മക്കൾ.

## പി.ഡി. രാജൻ



മുൻ നിയമസഭാ സെക്രട്ടറിയും കേരള ഹൈക്കോടതി ജഡ്ജിയുമായിരുന്ന ജസ്റ്റിസ് പി.ഡി. രാജൻ (68) 2025 ആഗസ്റ്റ് 31 ന് അന്തരിച്ചു. 2009 ജനുവരി 15 മുതൽ 2012 ജനുവരി 13 വരെ നിയമസഭാ സെക്രട്ടറിയായിരുന്നു. നിലവിൽ തദ്ദേശസ്വയംഭരണ വകുപ്പ് ഓംബുഡ്സ്മാനായി പ്രവർത്തിച്ചു വരികയായിരുന്നു. പത്തനംതിട്ട ഇടയാറന്മുള സ്വദേശിയായ അദ്ദേഹം 1995 ൽ ആലപ്പുഴ മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രിബ്യൂണൽ ജഡ്ജിയായാണ് ജുഡീഷ്യൽ സർവീസിൽ പ്രവേശിച്ചത്. 2012 ൽ കൊല്ലം ജില്ലാ ജഡ്ജിയും തുടർന്ന് 2013 ൽ കേരള ഹൈക്കോടതി ജഡ്ജിയുമായി നിയമിതനായി. ഹൈക്കോടതിയിൽ നിന്ന് വിരമിച്ച ശേഷം കേരള എൻ.ആർ.ഐ കമ്മീഷൻ ചെയർമാനായി പ്രവർത്തിച്ചിട്ടുണ്ട്.

ഭാര്യ ഡോ. കെ. വത്സല കുമാരി. രണ്ട് മക്കൾ.

## ജുനൈസ് വി.



നിയമസഭാ സെക്രട്ടേറിയറ്റിലെ ഡെപ്യൂട്ടി ലൈബ്രേറിയൻ ജുനൈസ് വി. (46) 2025 സെപ്റ്റംബർ 1 ന് അന്തരിച്ചു. കാറ്റലോഗ് അസിസ്റ്റന്റ് തസ്തികയിൽ 2011 ൽ ജോലിയിൽ പ്രവേശിച്ച അദ്ദേഹം മുൻ നിയമസഭാംഗം പി.വി. അൻവറിന്റെ പേഴ്സണൽ അസിസ്റ്റന്റായി സേവന മനുഷ്ഠിച്ചിട്ടുണ്ട്.

ഭാര്യ റസീന. 2 മക്കൾ, നജാദ്, നിഹാദ്.

## സുലോചന കെ.



നിയമസഭാ സെക്രട്ടേറിയറ്റിലെ പാർട്ട് ടൈം സ്വീപ്പർ സുലോചന കെ. 2025 ആഗസ്റ്റ് 13 ന് അന്തരിച്ചു.

ഭർത്താവ് ബാലൻ പി., മക്കൾ ദീപാങ്കുരൻ, സുമന്നാ ഭായി



# നിറം മങ്ങാത്ത നിയമസഭാ സ്മരണകൾ

**ഇ.പി. ജയരാജൻ**

ഒൻപതാം കേരള നിയമസഭയിലേക്ക് അഴീക്കോട് നിയോജകമണ്ഡലത്തിൽ നിന്നാണ് ഞാൻ ആദ്യമായി സാമാജികനായി തിരഞ്ഞെടുക്കപ്പെടുന്നത്. കേരള നിയമസഭയിലേക്കുള്ള മറ്റു തിരഞ്ഞെടുപ്പുകളിൽ നിന്നും തികച്ചും വ്യത്യസ്തമായ രാഷ്ട്രീയ പശ്ചാത്തലത്തിൽ നടന്ന ഒരു തിരഞ്ഞെടുപ്പായിരുന്നു അത്. എട്ടാം കേരള നിയമസഭയുടെ കാലാവധി അവസാനിക്കാൻ ഒരു വർഷം ബാക്കി നിൽക്കെ നിയമസഭ പിരിച്ചുവിട്ട് പാർലമെന്റ് തിരഞ്ഞെടുപ്പിനോടൊന്നിച്ച് നിയമസഭാ തിരഞ്ഞെടുപ്പിനെ നേരിടാൻ ഇടതുപക്ഷ ജനാധിപത്യമുന്നണി തീരുമാനിച്ചതിനെ തുടർന്നാണ് 1991 മേയ്-ജൂൺ മാസങ്ങളിലായി തിരഞ്ഞെടുപ്പ് നടന്നത്. കേവലം 16 മാസങ്ങൾക്ക് മുൻപ് നടന്ന പൊതുതിരഞ്ഞെടുപ്പിലൂടെ അധികാരത്തിലെത്തിയ വി.പി. സിംഗിന്റെ നേതൃത്വത്തിലുള്ള സർക്കാരിനെ അട്ടിമറിക്കുകയായിരുന്നു. രാജ്യത്ത് എൽ.കെ. അഡ്വാനിയുടെ രഥയാത്ര ബീഹാറിലെ സമസ്തിപൂരിൽ വച്ച് തടയുകയും എൽ.കെ. അഡ്വാനിയെ അറസ്റ്റ് ചെയ്യുകയും ചെയ്തതിനെ തുടർന്ന് വി.പി. സിംഗ് സർക്കാരിനെതിരെ ബി.ജെ.പി. അവിശ്വാസപ്രമേയം കൊണ്ടുവരികയും അവിശ്വാസ പ്രമേയത്തെ രാജീവ് ഗാന്ധിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസ് പാർട്ടിയും കൂടി പിന്തുണച്ചതിന്റെ ഫലമായി വി.പി. സിംഗ് ഗവൺമെന്റ് നിലംപതിക്കുകയുമാണുണ്ടായത്. തുടർന്ന് ചന്ദ്രശേഖറിന്റെ നേതൃത്വത്തിലുള്ള സമാജ്‌വാദി ജനതാപാർട്ടിയുടെ നേതൃത്വത്തിൽ ഗവൺമെന്റ് രൂപീകരിക്കുവാൻ കോൺഗ്രസ് പിൻതുണ നൽകിയെങ്കിലും കേവലം ഏഴു മാസവും പതിനൊന്നു ദിവസവും ആയപ്പോൾ കോൺഗ്രസ് പിന്തുണ പിൻവലിച്ചതിനെത്തുടർന്ന് ചന്ദ്രശേഖർ ഗവൺമെന്റും നിലംപതിച്ചു. അതിനെ തുടർന്നാണ് രാജ്യം പൊതുതിരഞ്ഞെടുപ്പിലേക്ക് നീങ്ങിയത്. പൊതുതിരഞ്ഞെടുപ്പിന്റെ പ്രചാരണപ്രവർത്തനങ്ങൾ രാജ്യമാകെ നടക്കുന്നതിനിടയിലാണ് മുൻ പ്രധാനമന്ത്രിയും കോൺഗ്രസ് നേതാവുമായ രാജീവ് ഗാന്ധി തമിഴ്നാട്ടിലെ ശ്രീപെരുംപതൂർ എന്ന ഗ്രാമത്തിലെ തിരഞ്ഞെടുപ്പ് പൊതുയോഗസ്ഥലത്ത് നടന്ന ബോംബ് സ്ഫോടനത്തിൽ കൊല്ലപ്പെട്ടത്. ശ്രീലങ്കയിലെ തമിഴ് വിമോചന സംഘടനയായ എൽ.ടി.ടി.ഇ.യുടെ ചാവേർ സംഘമാണ് മനുഷ്യബോംബായി വന്ന് രാജീവ് ഗാന്ധിയെ കൊലപ്പെടുത്തിയത്. ഒരു ഭാഗത്ത് എൽ.കെ. അഡ്വാനിയുടെ നേതൃത്വത്തിൽ രഥയാത്ര തടഞ്ഞതിനെതിരായുള്ള വർഗ്ഗീയ പ്രചരണവും മറുഭാഗത്ത് രാജീവ് ഗാന്ധി കൊല്ലപ്പെട്ടതിന്റെ സഹതാപതരംഗവും നിലനിന്ന രാഷ്ട്രീയകാലാവസ്ഥയിൽ നടന്ന തിരഞ്ഞെടുപ്പിൽ പ്രതീക്ഷിച്ചതുപോലെ തിരഞ്ഞെടുപ്പ് വിജയം നേടാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് കഴിഞ്ഞില്ല. കെ. കരുണാകരന്റെ നേതൃത്വത്തിൽ ഐക്യജനാധിപത്യമുന്നണി അധികാരത്തിലെത്തുകയും ഇ.കെ. നായനാർ പ്രതിപക്ഷനേതാവും വി.എം. സുധീരൻ നിയമസഭാ സ്പീക്കറുമായി നിയമസഭ രൂപീകരിക്കപ്പെടുകയും ചെയ്തു. ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലെ അതിശക്തരായ നേതാക്കളായ വി.എസ്. അച്യുതാന

ന്ദൻ, ടി.കെ. രാമകൃഷ്ണൻ, ടി. ശിവദാസമേനോൻ, കെ.ആർ. ഗൗരിയമ്മ, പിണറായി വിജയൻ, വി.വി. രാഘവൻ, പി.എസ്. ശ്രീനിവാസൻ, ബേബി ജോൺ എന്നിവരോടൊപ്പം പ്രതിപക്ഷത്തിരുന്ന് പ്രവർത്തിക്കുവാൻ കഴിഞ്ഞത് പാർലമെന്ററി പ്രവർത്തനത്തിലെ ഏറ്റവും തിളക്കമാർന്ന അധ്യായമായാണ് ഞാൻ വിലയിരുത്തുന്നത്. ജനകീയ പ്രശ്നങ്ങളെ നിയമസഭാതലത്തിൽ അവതരിപ്പിച്ച് ഭരണപക്ഷത്തെ പ്രതിരോധത്തിലാക്കുവാനും സഭാനടപടികളിൽ അനുഭവപരിചയമില്ലാത്ത എന്നെപ്പോലുള്ളവരെ ദിശാബോധത്തോടെയും കാര്യക്ഷമമായും സഭാപ്രവർത്തനങ്ങളിൽ സജീവമായി മുൻനിരയിലേക്ക് കൊണ്ടുവരാനും അവർ ഓരോരുത്തരും ശ്രദ്ധാലുക്കളായിരുന്നുവെന്നത് അവിസ്മരണീയമായ അനുഭവമാണ്.

ഒൻപതാം കേരള നിയമസഭയിൽ 1993-94 വർഷത്തെ എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനാ ചർച്ചാവേളയിൽ വകുപ്പുമന്ത്രി എം.ആർ. രഘുചന്ദ്രബാലിനെതിരെ ഞാൻ ഉന്നയിച്ച അഴിമതി ആരോപണം നിയമസഭയെ പ്രക്ഷുബ്ധമാക്കിയത് അവിസ്മരണീയ സംഭവമായി ഇന്നും ഓർമ്മകളിൽ നിറം മങ്ങാതെ നിൽക്കുന്നു. പി.എസ്.സി. മുഖേന ജില്ലാതല റിക്രൂട്ട്മെന്റിന്റെ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവരെ അഞ്ച് വർഷം കഴിഞ്ഞേ സ്ഥലംമാറ്റാൻ പാടുള്ളൂ എന്ന കർശനവ്യവസ്ഥ ലംഘിച്ചുകൊണ്ട് കണ്ണൂർ ജില്ലയിൽ പി.എസ്.സി.യുടെ ജില്ലാ റിക്രൂട്ട്മെന്റ് വഴി നിയമിക്കപ്പെട്ട 26 എക്സൈസ് ഗാർഡുമാരെ മറ്റ് ജില്ലകളിലേക്ക് സ്ഥലംമാറ്റി പ്രസ്തുത ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതിന് പി.എസ്.സി. ലിസ്റ്റിലുള്ളവരിൽ നിന്നും കോഴ വാങ്ങി എന്ന തെളിവുകളോടെയുള്ള ആരോപണം പി.എസ്.സി. പരീക്ഷകൾ എഴുതി വേഴാമ്പലിനെപ്പോലെ തൊഴിൽ കാത്തിരിക്കുന്ന യുവജനങ്ങളുടെ ഇടയിൽ വലിയ ആശങ്കയാണ് സൃഷ്ടിച്ചത്. ഇത് സംബന്ധിച്ച് അന്വേഷിക്കാൻ മുഖ്യമന്ത്രി ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചീഫ് സെക്രട്ടറിയുടെ അന്വേഷണത്തിൽ 105 പേരെ ഇത്തരത്തിൽ സ്ഥലംമാറ്റിയതായി കണ്ടെത്തുകയും ചെയ്തു. ഇതിനെ തുടർന്നാണ് പി.എസ്.സി. നടത്തുന്ന ജില്ലാതല റിക്രൂട്ട്മെന്റുകൾക്ക് ശക്തമായ പല നിബന്ധനകളും നടപ്പിലാക്കിയത് എന്നത് അഭിമാനകരമാണ്. ഇത് അക്കാലത്ത് സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിന്ന പല ജില്ലകളിലെയും ഉദ്യോഗാർഥികൾക്ക് ആശ്വാസകരവും സഹായകരവുമായി മാറി എന്നത് എന്റെ നിയമസഭാ പ്രവർത്തനത്തിലെ അഭിമാനകരവും അവിസ്മരണീയവുമായ സംഭവമായിട്ടാണ് ഞാൻ കാണുന്നത്.

പതിമൂന്നാം കേരള നിയമസഭയിലാണ് ഞാൻ രണ്ടാം തവണ ജനപ്രതിനിധിയായി എത്തിയത്. മട്ടന്നൂർ മണ്ഡലത്തിൽ നിന്നുമാണ് തിരഞ്ഞെടുക്കപ്പെട്ടത്. അപ്പോഴും പ്രതിപക്ഷാംഗം എന്ന നിലയിൽ തന്നെയാണ് പ്രവർത്തിച്ചത്. ഉമ്മൻചാണ്ടി മുഖ്യമന്ത്രിയും വി.എസ്. പ്രതിപക്ഷനേതാവും കോടിയേരി ബാലകൃഷ്ണൻ പ്രതിപക്ഷ ഉപനേതാവും ജി. കാർത്തികേയൻ നിയമസഭാ സ്പീക്കറും ആയ സഭയായിരുന്നു അത്. സഭാ കാലയളവിൽ ജി. കാർത്തികേയൻ മരണമടയുകയും എൻ. ശക്തൻ സ്പീക്കറാവുകയും ചെയ്യുകയുമുണ്ടായി. ഏറെ പ്രിയപ്പെട്ട ജി. കാർത്തികേയന്റെ മരണം പതിമൂന്നാം കേരള നിയമസഭയുമായി ബന്ധപ്പെട്ട ഓർമ്മകളെ ഈറനണിയിപ്പിക്കുന്നതാണ്. പ്രതിപക്ഷ പ്രവർത്തനങ്ങളെ സങ്കീർണ്ണമാക്കിയ സഭാസമ്മേളനങ്ങളായിരുന്നു അക്കാലത്തേത്. കേവലം രണ്ട് എം.എൽ.എ.മാരുടെ ഭൂരിപക്ഷം മാത്രമുണ്ടായിരുന്ന ഭരണകക്ഷിയിൽ അവരുടെ പടലപ്പിണക്കങ്ങളും ഭിന്നതകളും പ്രതിപക്ഷത്തിന് സഭാതലത്തിൽ സമരായുധങ്ങൾ നൽകിക്കൊണ്ടേയിരുന്നു. ബാർ കോഴയും സോളാർ കുംഭകോണവും കൊണ്ട് സംഘർഷഭരിതമായിരുന്ന സഭാതലം വലിയ പ്രതിഷേധങ്ങൾക്ക് വേദിയായി. ദുർബലമായ പ്രതിരോധങ്ങൾ കൊണ്ട് ഭരണനേതൃത്വത്തിന് കവചമൊരുക്കാൻ ശ്രമിച്ച ഭരണകക്ഷി അംഗങ്ങളുടെ പരിശ്രമങ്ങൾ വിഫലമാകുമ്പോൾ പുറത്തുള്ള ജനരോഷം സഭാതലത്തിലും പ്രതിഫലിപ്പിക്കുവാൻ ജനപ്രതിനിധികൾ നിർബന്ധിതരാകുന്ന സാഹചര്യങ്ങളും സൃഷ്ടിക്കപ്പെട്ടു. ഈ കുറിപ്പെഴുതുമ്പോൾ പതിമൂന്നാം കേരള നിയമസഭയിലെ സഭാനാഥനും സഭാനേതാവും പ്രതിപക്ഷനേതാവും പ്രതിപക്ഷ ഉപനേതാവും നമ്മോട് വിട പറഞ്ഞിരിക്കുന്നു എന്നത് വ്യക്തിപരമായി ഏറെ വേദനാജനകമാണ്.

പതിനാലാം കേരള നിയമസഭയിലേക്കും മട്ടന്നൂർ മണ്ഡലത്തിൽ നിന്നാണ് തിരഞ്ഞെടുക്കപ്പെട്ടത്. ഇത്തവണ പിണറായി വിജയൻ മുഖ്യമന്ത്രിയും പി. ശ്രീരാമകൃഷ്ണൻ നിയമസഭാസ്പീക്കറും രമേശ് ചെന്നിത്തല പ്രതിപക്ഷ നേതാവുമായ നിയമസഭയിലാണ് ഞാൻ വ്യവസായ വകുപ്പിന്റെയും കായികവികസനവകുപ്പിന്റെയും ചുമതലയുള്ള മന്ത്രിയായി എത്തുന്നത്. ഒരു ഘട്ടത്തിൽ പ്രതിപക്ഷ ആരോപണത്തെത്തുടർന്ന് ധാർമ്മികത മുൻനിർത്തി രാജിവച്ചെങ്കിലും ആരോപണത്തിന് അടിസ്ഥാനമില്ലെന്നും വ്യവസായമന്ത്രി എന്ന നിലയിൽ നിയമങ്ങളും ചട്ടങ്ങളും അനുസരിച്ചാണ് പ്രവർത്തിച്ചതെന്നുമുള്ള ഹൈക്കോടതിയുടെ വിധിന്യായത്തെ തുടർന്ന് വീണ്ടും മന്ത്രിസഭയിൽ അതേ വകുപ്പ് മന്ത്രിയായിത്തന്നെ തിരികെ എത്തുകയും ചെയ്തു. ഇക്കാലയളവിൽ വ്യവസായരംഗത്ത് കേരളത്തെ നിക്ഷേപസൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള ശക്തമായ നടപടികളാണ് സ്വീകരിച്ചത്. കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്റ്റ് നടപ്പിലാക്കി. വ്യവസായ നിക്ഷേപത്തിനുള്ള നടപടികൾ ലളിതമാക്കാൻ ഏഴ്

നിയമങ്ങളും പത്ത് ചട്ടങ്ങളും ഭേദഗതി ചെയ്തു. നിക്ഷേപത്തിനുള്ള ലൈസൻസുകളും അനുമതികളും വേഗത്തിൽ ലഭ്യമാക്കുവാൻ കേരള സിംഗിൾ വിൻഡോ ഇന്റർഫേസ് ഫോർ ഫാസ്റ്റ് ആൻഡ് ട്രാൻസ്പരന്റ് ക്ലിയറൻസ് (കെ-സ്വിഫ്റ്റ്) എന്ന പേരിൽ ഓൺലൈൻ ക്ലിയറൻസ് സംവിധാനം കൊണ്ടുവന്നു. വാണിജ്യ മേഖലയുടെ പുരോഗതി ലക്ഷ്യമിട്ടും സാമ്പത്തികമേഖലയ്ക്ക് പുത്തനുണർവിനുമായി വാണിജ്യ മിഷൻ രൂപീകരിച്ചു. എം.എസ്.എം.ഇകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും മികച്ച വിപണനസൗകര്യം ലഭ്യമാക്കാൻ കേരള ഇ മാർക്കറ്റ് വെബ് പോർട്ടൽ രൂപീകരിച്ചു. നഗരങ്ങളിൽ 15 ഏക്കറും ഗ്രാമങ്ങളിൽ 25 ഏക്കറും വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുവാൻ കഴിയുന്ന ഭൂമി ഉള്ളവർക്ക് സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുവാൻ അനുമതി നൽകി. 2015-16 ൽ 8 പൊതുമേഖലാ സ്ഥാപനങ്ങൾ മാത്രം ലാഭത്തിലായിരുന്നത് 2019-20 ൽ 15 എണ്ണമായി വർധിക്കുകയും 19 സ്ഥാപനങ്ങൾ നഷ്ടം കുറയ്ക്കുകയും ചെയ്തു. കോയമ്പത്തൂർ-കൊച്ചി വ്യവസായ ഇടനാഴിക്ക് അനുമതി ലഭിക്കാനാവശ്യമായ ഇടപെടലുകൾ നടത്തിയതും ഇക്കാലയളവിലെ ഏറ്റവും അഭിമാനാർഹമായ നേട്ടമാണ്. സുസ്ഥിര വികസന സൂചികയിൽ കേരളം ഒന്നാമതെത്തിയത് വ്യവസായ വികസനത്തിലെ മികച്ച പ്രകടനമാണ് എന്ന് വിലയിരുത്തപ്പെട്ടതും കേരളത്തിന്റെ ആഭ്യന്തര ഉൽപാദന വളർച്ചയിൽ ദേശീയ ശരാശരിയെക്കാൾ മികച്ച നേട്ടം കൈവരിക്കാനായത് വ്യവസായ രംഗത്തെ പുരോഗതിയാണെന്ന് വിലയിരുത്തപ്പെട്ടതും അതുവരെയുള്ള കേരളത്തിന്റെ വ്യവസായ വളർച്ചയുമായി താരതമ്യം ചെയ്യുമ്പോൾ ആദ്യമായാണ് സംഭവിച്ചത് എന്നത് ഏറെ അഭിമാനം നൽകുന്ന അനുഭവമാണ്.

സ്പോർട്സ് കൗൺസിലുകൾ ജനാധിപത്യപരമായി പുനഃസംഘടിപ്പിക്കുന്നതിനായി 2000 ലെ സ്പോർട്സ് ആക്റ്റ് ഭേദഗതി ചെയ്തതും സ്പോർട്സ് കൗൺസിൽ ഭാരവാഹികൾക്ക് പ്രായപരിധി നിശ്ചയിച്ചതും ഇക്കാലയളവിലാണ്. പരമാവധി കായിക താരങ്ങളെ കൗൺസിലിൽ ഉൾപ്പെടുത്തിയതും തദ്ദേശസ്വയംഭരണ സ്ഥാപനതലം വരെ സ്പോർട്സ് കൗൺസിലുകൾ രൂപീകരിക്കുവാൻ നടപടിയെടുത്തതും കായിക രംഗം അടക്കിവാണിരുന്ന കള്ള നാണയങ്ങളെ കണ്ടെത്തി പുറത്താക്കാൻ കഴിഞ്ഞതും കായിക വികസനവകുപ്പ് മന്ത്രിയെന്ന നിലയിൽ കൈവരിക്കാൻ കഴിഞ്ഞ അഭിമാനാർഹമായ നേട്ടമാണ്. സംസ്ഥാന സർക്കാർ വകുപ്പുകളിലും പൊതുമേഖലയിലുമായി ഏറ്റവുമധികം സ്പോർട്സ് ക്വാട്ടാ നിയമനങ്ങൾ നടന്നതും ഈ കാലഘട്ടത്തിലാണ്. 580 കായികതാരങ്ങൾക്കാണ് ഇത്തരത്തിൽ നിയമനം നൽകിയത്. പുതിയൊരു കായികസംസ്കാരം വളർത്തിയെടുക്കുന്നതിനായി കിഫ്ബി ഫണ്ട് ഉപയോഗിച്ച് ജില്ലാതലത്തിലും താഴെത്തട്ടിലുമായി മികച്ച സൗകര്യങ്ങളോടെയുള്ള കളിക്കളങ്ങളും സ്റ്റേഡിയങ്ങളും നിർമ്മിക്കാൻ 1000 കോടിയോളം രൂപയാണ് ഇക്കാലത്ത് വകയിരുത്തിയത്. വിദ്യാഭ്യാസവകുപ്പിന്റെ അധീനതയിലുണ്ടായിരുന്ന തിരുവനന്തപുരത്തെ ജി.വി. രാജ സ്പോർട്സ് സ്കൂളും കണ്ണൂർ സ്പോർട്സ് ഡിവിഷനും കായിക വകുപ്പ് ഏറ്റെടുത്തതും ഈ കാലഘട്ടത്തിലാണ്. കായികവകുപ്പ് ഡയറക്ടറേറ്റ്, സ്പോർട്സ് കൗൺസിൽ, ഒളിമ്പിക്സ് അസോസിയേഷൻ എന്നീ സ്ഥാപനങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനായുള്ള കായികഭവന് സെക്രട്ടേറിയറ്റിന് സമീപം കെട്ടിട സമുച്ചയനിർമ്മാണം ആരംഭിച്ചതും ഈ ഘട്ടത്തിലാണ്.

മൂന്ന് ഘട്ടങ്ങളിലായി ഒന്നര പതിറ്റാണ്ടുകാലത്തെ പാർലമെന്ററി പ്രവർത്തനവും ഭരണരംഗത്തെ ഇടപെടലുകളും ജനങ്ങൾ എന്നിലർപ്പിച്ച വിശ്വാസം സംരക്ഷിച്ചും ജനഹിതം മുൻനിർത്തിയും എന്നിലർപ്പിതമായ ഉത്തരവാദിത്വം നിർവഹിക്കുന്നതിനായി വിനിയോഗിക്കുന്നതിന് പരമാവധി ശ്രമിച്ചിട്ടുണ്ട്. ഞാൻ പ്രതിനിധാനം ചെയ്യുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെയും കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്) ന്റെയും നയനിലപാടുകൾക്കനുസരിച്ചും ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ മുറുകെപ്പിടിച്ചും കേരള നിയമസഭാ ചട്ടങ്ങൾ അനുസരിച്ചും പ്രവർത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട് എന്ന ചാരിതാർഥ്യമാണ് എന്റെ നിയമസഭാപ്രവർത്തന കാലയളവിലെ അമൂല്യമായ അനുഭവം.

**ഇ.പി. ജയരാജൻ**

സി.പി.ഐ.(എം) പ്രതിനിധിയായി ഒൻപതാം കേരള നിയമസഭയിൽ അഴീക്കോട് മണ്ഡലത്തിൽ നിന്നും പതിമൂന്ന്, പതിനാല് നിയമസഭകളിൽ മട്ടന്നൂർ നിയോജക മണ്ഡലത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടു. സംസ്ഥാന വ്യവസായവും സ്പോർട്സും (25.05.2016–14.10.2016) (14.08.2018–03.05.2021) മന്ത്രിയായിരുന്നു. എൽ.ഡി.എഫ്. കൺവീനർ, കേരള കർഷക സംഘം പ്രസിഡന്റ്, കേരള വ്യാപാരി വ്യവസായ സമിതി രക്ഷാധികാരി, കെ.എസ്.വൈ.എഫ്. സംസ്ഥാന സെക്രട്ടറി, ഡി.വൈ.എഫ്.ഐ. യുടെ പ്രഥമ ദേശീയ പ്രസിഡന്റ്, സി.പി.ഐ.(എം) കണ്ണൂർ, തൃശൂർ ജില്ലാ സെക്രട്ടറി എന്നീ ചുമതലകൾ വഹിച്ചിട്ടുണ്ട്. നിലവിൽ സി.പി.ഐ (എം) സംസ്ഥാന സെക്രട്ടേറിയറ്റിലും കേന്ദ്ര കമ്മിറ്റിയിലും അംഗമാണ്. കണ്ണൂർ കാർഷിക വികസന ബാങ്ക് പ്രസിഡന്റ്, ദേശാഭിമാനി ജനറൽ മാനേജർ എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

# സർക്കാർ ഉദ്യോഗസ്ഥയിൽ നിന്ന് ഡെപ്യൂട്ടി സ്പീക്കർ പദവിയിലേക്ക്



‘ഒരു ജനപ്രതിനിധിയെന്ന നിലയിൽ മികവ് തെളിയിച്ച വ്യക്തിത്വമാണ് കേരള നിയമസഭയുടെ മൂന്നാമത്തെ വനിതാ ഡെപ്യൂട്ടി സ്പീക്കറായിരുന്ന ഭാർഗവി തങ്കപ്പന്റേത്. അഞ്ചു തവണ നിയമസഭാംഗമായി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള അവർ ഒരു തവണ ലോക്സഭയിലും അംഗമായിട്ടുണ്ട്. സി.പി.ഐ.യുടെ അറിയപ്പെടുന്ന വനിതാ നേതാവായ ഭാർഗവി തങ്കപ്പൻ കേരളത്തിൽ നിന്നുള്ള ആദ്യ ദളിത് വനിതാ എം.പി.യും ഡെപ്യൂട്ടി സ്പീക്കർ പദവി വഹിച്ച ഏക ദളിത് വനിതയുമാണ്.

കർഷകരായിരുന്ന കെ. ഈശ്വരന്റെയും കെ. കുട്ടിയുടെയും മകളായി 1942 ജൂലൈ 24 ന് കൊല്ലം ജില്ലയിലെ കൊട്ടാരക്കരയ്ക്കടുത്തുള്ള ഉമ്മന്നൂരിലെ അണ്ടൂരിലാണ് ഭാർഗവി തങ്കപ്പൻ ജനിച്ചത്. കൊല്ലം എസ്.എൻ. വിമൻസ് കോളേജ്, എസ്.എൻ. കോളേജ് എന്നിവിടങ്ങളിലായിരുന്നു പഠനം. പൊളിറ്റിക്കൽ സയൻസിൽ ബിരുദാനന്തര ബിരുദം നേടിയിട്ടുണ്ട്. പഠനശേഷം കുറച്ചുകാലം റബ്ബർ ബോർഡിലും പിന്നീട് കെ.എസ്.ഇ.ബി.യിലും ജോലി ചെയ്തു.

അടൂർ നിയോജക മണ്ഡലത്തിൽ നിന്ന് സി.പി.ഐ. പ്രതിനിധിയായി അഞ്ചാം ലോക്സഭ (1971–77) യിലേക്ക് തിരഞ്ഞെടുക്കപ്പെട്ടതോടെയാണ് ഒരു ജനപ്രതിനിധി എന്ന നിലയിലുള്ള പൊതുപ്രവർത്തനം ആരംഭിക്കുന്നത്. തുടർന്ന് 1977 ൽ നെടുവത്തൂർ നിയോജക മണ്ഡലത്തിൽ നിന്ന് വിജയിച്ച് അഞ്ചാം കേരള നിയമസഭയിലെത്തി. പിന്നീട് ആറ്, ഏഴ്, എട്ട്, പത്ത് കേരള നിയമസഭകളിൽ കിളിമാനൂർ മണ്ഡലത്തെ പ്രതിനിധീകരിച്ചു. എട്ടാം കേരള നിയമസഭയുടെ കാലത്ത് 1987 ഏപ്രിൽ 2 മുതൽ 1991 ഏപ്രിൽ 5 വരെയാണ് ഡെപ്യൂട്ടി സ്പീക്കർ പദവി വഹിച്ചത്. എട്ടാം കേരള നിയമസഭയിലെ പ്രോ ടെം സ്പീക്കറും ഭാർഗവി തങ്കപ്പനായിരുന്നു.

കേന്ദ്ര മരാമത്ത് ഭവന നിർമ്മാണ വകുപ്പ്, ആരോഗ്യ കുടുംബക്ഷേമ വകുപ്പ് എന്നിവ സംബന്ധിച്ച കൺസൾട്ടേറ്റീവ് കമ്മിറ്റികളിൽ അംഗമായിരുന്നു. കൂടാതെ കുട്ടികളെ ദത്തെടുക്കൽ ബില്ലിനെ സംബന്ധിച്ച സംയുക്ത പാർലമെന്ററി സമിതിയിലും എസ്റ്റിമേറ്റ്സ് കമ്മിറ്റിയിലും (1974–75) അംഗമായി പ്രവർത്തിച്ചിട്ടുണ്ട്. 1973 ൽ ഇന്ത്യൻ പാർലമെന്ററി ഡെലിഗേഷൻ അംഗമെന്ന നിലയിൽ ഹംഗറിയും റൊമാനിയയും സന്ദർശിച്ചു.

കേരള സർവകലാശാല സെനറ്റ്, സി.പി.ഐ. തിരുവനന്തപുരം ജില്ലാ കമ്മിറ്റി, സംസ്ഥാന കൗൺസിൽ, സംസ്ഥാന എക്സിക്യൂട്ടീവ്, ദേശീയ കൗൺസിൽ എന്നിവയിൽ അംഗം, സി.പി.ഐ. നിയമസഭാ കക്ഷി സെക്രട്ടറി, കേരള സംസ്ഥാന കശുവണ്ടി തൊഴിലാളി കേന്ദ്ര കൗൺസിൽ (എ.ഐ.റ്റി.യു.സി) വൈസ് പ്രസിഡന്റ്, ദേശീയ മഹിളാ ഫെഡറേഷൻ ജോയിന്റ് സെക്രട്ടറി, കേരള മഹിളാസംഘം ജനറൽ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

സി.പി.ഐ. യുടെ 1972 ഒക്ടോബറിലെ അഖിലേന്ത്യാ പ്രക്ഷോഭത്തിൽ പങ്കെടുത്തതിന് രണ്ടാഴ്ച തിഹാർ ജയിലിൽ തടവിൽ കഴിയേണ്ടി വന്നിട്ടുണ്ട്. 1976 ൽ സി.പി.ഐ. യുടെ ദേശീയ പദയാത്രയിലും പങ്കെടുത്തിട്ടുണ്ട്. വനിതകളുടെ വിദ്യാഭ്യാസം സംബന്ധിച്ച ദേശീയ കൗൺസിലിലും സംസ്ഥാന കുടുംബക്ഷേമ ഉപദേശക സമിതിയിലും പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾക്കുള്ള സംസ്ഥാന ഉപദേശക സമിതിയിലും അംഗമായിരുന്നിട്ടുണ്ട്.

സാമൂഹിക, സാംസ്കാരിക, സാക്ഷരതാ പ്രവർത്തനങ്ങൾക്ക് ഡോ. ബി. ആർ. അംബേദ്കർ ഫെലോഷിപ്പ് (1993) ലഭിച്ചിട്ടുള്ള ഭാർഗവി തങ്കപ്പന് സഹോദരൻ സ്മാരക സംസ്ഥാന അവാർഡ് (1987), സഹൃദയവേദി അവാർഡ് (1991) എന്നിവയും ലഭിച്ചിട്ടുണ്ട്. ‘ഡാന്യൂബിന്റെ തീരങ്ങളിലൂടെ’ എന്ന യാത്രാവിവരണഗ്രന്ഥം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥയായിരിക്കെയായിരുന്നു വിവാഹം. ഭർത്താവ് എ. കെ. തങ്കപ്പൻ. ഒരു പുത്രനും രണ്ടു പുത്രിമാരുമുണ്ട്.

# ഇ. ജോൺ ജേക്കബ് : മന്ത്രിപദത്തിൽ തിളങ്ങിയ സൈനികൻ



സംസ്ഥാനത്തെ ഭക്ഷ്യ പൊതുവിതരണ വകുപ്പുമന്ത്രി, കർഷക നേതാവ്, സൈനിക ഉദ്യോഗസ്ഥൻ എന്നീ നിലകളിൽ മികവ് പുലർത്തിയ പ്രമുഖ കേരള കോൺഗ്രസ് നേതാവായിരുന്നു ഇ. ജോൺ ജേക്കബ്. സമർഥനായ വാഗ്മിയായി സഭാതലത്തിൽ തിളങ്ങിയ അദ്ദേഹം കർഷക നേതാവായും പ്രവർത്തിച്ചു. കേരള നിയമസഭയിലേക്ക് മൂന്നു തവണ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ജോൺ ജേക്കബ് തിരുവല്ല നിയോജക മണ്ഡലത്തെയാണ് പ്രതിനിധീകരിച്ചത്.

തിരുവിതാംകൂറിലെ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെയും നിവർത്തന പ്രക്ഷോഭത്തിന്റെയും ഭാഗമായി പ്രവർത്തിച്ചിട്ടുള്ള തിരുവല്ല ഇലഞ്ഞിക്കൽ ജേക്കബ് ജോണിന്റെയും അന്ന ജോണിന്റെയും മകനായി 1913 ആഗസ്റ്റ് 23 ന് തിരുവനന്തപുരത്താണ് ജോൺ ജേക്കബ് ജനിച്ചത്. ഡഫറനിൽ നിന്ന് ഐ.എം.എം.റ്റി.എസ്. (IMMTS- Indian Mercantile Marine Training Ship) ഫസ്റ്റ് ക്ലാസ് സർട്ടിഫിക്കറ്റ് നേടിയിട്ടുണ്ട്. മർച്ചന്റ് നേവിയിൽ ഓഫീസറായും (1927-1940) ഇന്ത്യൻ ആർമിയിൽ കമ്മിഷൻഡ് ഓഫീസറായും (1942-1944) സേവനമനുഷ്ഠിച്ചിട്ടുണ്ട്.

മൂന്ന്, നാല്, അഞ്ച് കേരള നിയമസഭകളിലാണ് ഇ. ജോൺ ജേക്കബ് അംഗമായിരുന്നത്. അഞ്ചാം കേരള നിയമസഭയുടെ കാലത്ത് കെ. കരുണാകരൻ മന്ത്രിസഭയിലും (1977 ഏപ്രിൽ 11 – 1977 ഏപ്രിൽ 25) എ. കെ. ആന്റണി മന്ത്രിസഭയിലും (1977 ഏപ്രിൽ 27 – 1978 സെപ്റ്റംബർ 26) ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ ചുമതല വഹിച്ചു. കുട്ടനാട് കർഷക സംഘം പ്രസിഡന്റ്, അഖില കേരള കർഷക ഫെഡറേഷൻ പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. കേരള കോൺഗ്രസ് വൈസ് ചെയർമാൻ (1975), ചെയർമാൻ (1976-77) എന്നീ പദവികൾ വഹിച്ചിട്ടുണ്ട്. കുട്ടനാടൻ കർഷകർ ഉൾപ്പെടെയുള്ള കർഷക ജനതയ്ക്കായി നിയമസഭയ്ക്കകത്തും പുറത്തും പ്രവർത്തിച്ച, പൊതുപ്രവർത്തനത്തിലുടനീളം ആദർശനിഷ്ഠ പുലർത്തിയ വ്യക്തിയായിരുന്നു ജോൺ ജേക്കബ്.

മന്ത്രി പദവിയിലിരിക്കെയാണ് 1978 സെപ്റ്റംബർ 26 ന് അദ്ദേഹം അന്തരിച്ചത്. 1979 ഫെബ്രുവരി 19 ന് കേരള നിയമസഭ അദ്ദേഹത്തിന് ചരമോപചാരം അർപ്പിച്ചു. സാറാമ്മ ജേക്കബാണ് ജോൺ ജേക്കബിന്റെ ഭാര്യ. അഞ്ചു മക്കളാണ്. തിരു-കൊച്ചി സംസ്ഥാനത്തെ മന്ത്രിയായിരുന്ന ഇ. ജോൺ ഫിലിപ്പോസ് സഹോദരനാണ്.




# സ്വതന്ത്ര അധികാരമുള്ള ഒന്നിലധികം സർവ്വകലാശാലകൾ ആരംഭിക്കണം

*രണ്ടാം കേരള നിയമസഭയിൽ 1964 മാർച്ച് 20 ന് പുതിയ സർവകലാശാലകൾ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയം അവതരിപ്പിച്ച് എം. ഗോപാലൻകുട്ടി നായർ നടത്തിയ പ്രസംഗത്തിൽ നിന്ന്.....*

'സർ, ഞാൻ ഈ സഭയിൽ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്ന പ്രമേയം ഇതാണ്.

ഈ സ്റ്റേറ്റിലെ സർവ്വകലാശാലാ വിദ്യാഭ്യാസത്തിന്റെ കാര്യക്ഷമമായ പുരോഗതിക്ക് ഇന്നു നിലവിലുള്ള സർവ്വകലാശാലയ്ക്കു പുറമേ രണ്ടു സർവ്വകലാശാലകൾകൂടി സ്ഥാപിക്കുന്നത് ആവശ്യമാണെന്ന് ഈ സഭ അഭിപ്രായപ്പെടുന്നു.'



കേരളത്തിന്റെ ഭാവിയെ സ്പർശിക്കുന്ന ഒരു സുപ്രധാനമായ പ്രശ്നം ഉൾക്കൊള്ളുന്നതാണ് ഈ പ്രമേയം എന്ന് ഞാൻ വിശ്വസിക്കുന്നു. കേരളത്തിൽ ഇന്നുള്ളതായ സർവ്വകലാശാലയ്ക്കുപുറമേ രണ്ട് സർവ്വകലാശാലകൾ കൂടി സ്ഥാപിക്കേണ്ടത് ആവശ്യമാണ് എന്നും അധികൃതന്മാർ അതിനുള്ള സത്വര നടപടികൾ എടുക്കേണ്ടതാണെന്നും കാണിച്ച് ഈ സ്റ്റേറ്റിലെ പല പ്രമുഖ പത്രങ്ങളും മുഖപ്രസംഗങ്ങൾ വരെ എഴുതിയിട്ടുണ്ട് എന്നുള്ള വസ്തുത ഞാൻ ഒന്നാമതായി അനുസ്മരിപ്പിക്കുകയാണ്. ഈ സ്റ്റേറ്റിൽ വിദ്യാഭ്യാസ വിഷയത്തിൽ പ്രാമാണ്യം സിദ്ധിച്ചിട്ടു

ള്ള പല വ്യക്തികളും ഇതിനകം ഈ വിഷയത്തിൽ അനുകൂലമായ അഭിപ്രായങ്ങൾ പുറപ്പെടുവിച്ചു കഴിഞ്ഞിട്ടുണ്ട്.

കേരള യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് തന്നെ ഈ അഭി പ്രായം ഉൾക്കൊള്ളുന്നതായ ഒരു റെക്കമെന്റേഷൻ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനും കേന്ദ്ര ഗവൺമെന്റിനും അയച്ചിട്ടുള്ള തായി അടുത്ത കാലത്ത് പത്രങ്ങ ളിൽ കാണാനിടയായിട്ടുണ്ട്. നമ്മുടെ സർവ്വകലാശാല വിദ്യാ ഭ്യാസത്തിന്റെ സ്റ്റാന്റേർഡിനെ സംബന്ധിച്ചിടത്തോളം കുറച്ചു കാലമായി വളരെയധികം ആക്ഷേ പങ്ങൾ കേട്ടു തുടങ്ങിയിട്ടുണ്ട് എന്നുള്ളത് ഒരു വസ്തുതയാണ്. ആൾ ഇന്ത്യാ കോമ്പറ്റിറ്റീവ് പരീ ക്ഷകളിലെല്ലാം തന്നെ നമ്മുടെ സ്റ്റേറ്റിൽ നിന്നുള്ള വിദ്യാർത്ഥി കൾക്ക് നാം ഉദ്ദേശിക്കുന്ന തര ത്തിലുള്ള വിജയം കൈവരിക്കു വാൻ സാധിക്കുന്നില്ലാ എന്നു ള്ളത് ഒരു ആക്ഷേപമായി ത്തീർന്നിരിക്കുകയാണ്. അനുഭവ ത്തിന്റെ വെളിച്ചത്തിൽ ഈ ആക്ഷേപങ്ങൾ കുറേയൊക്കെ യാഥാർത്ഥ്യമാണ് എന്ന് സമ്മതി ക്കാതെ നിർവ്വാഹമില്ല.

ബിരുദാനന്തരപഠനത്തിന്റെ കാര്യത്തിലും ഗവേഷണത്തിന്റെ കാര്യത്തിലും നമ്മുടെ യൂണി വേഴ്സിറ്റി ഇന്ത്യയിലെ മറ്റു യൂണിവേഴ്സിറ്റികളെ അപേ ക്ഷിച്ചു കുറെ പിൻപന്തിയിലാണ് എന്ന് സമ്മതിക്കാതെ തരമില്ല. പൊതു വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ നമ്മുടെ സ്റ്റേറ്റ് മുൻപന്തിയിലാണെന്നിരിക്കിലും കോളേജ് വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ വിദ്യാർത്ഥികളുടെ എണ്ണം വച്ച് നോക്കിയാൽ ഇന്ത്യയിലെ മറ്റ് സ്റ്റേറ്റുകളെ അപേക്ഷിച്ച് കേരളാ സ്റ്റേറ്റ് പിൻ പന്തിയിലാണെന്നുള്ളതു മറച്ചു വയ്ക്കാൻ കഴിയാത്ത ഒരു വസ്തുതയാണ്. ഡൽഹി സ്റ്റേറ്റിൽ ആയിരം ജനങ്ങൾക്ക് 7.8 എന്ന തോതിൽ കോളേജ് വിദ്യാർത്ഥി കൾ ഉണ്ട്. ഈ തോതിൽ വെസ്റ്റ് ബംഗാളിൽ 3.7, പഞ്ചാബിൽ 3.1, കാശ്മീരിൽ 2.1 ഉം ആണ്. കോളേജ് വിദ്യാർത്ഥികൾ ആയിരം ജനസംഖ്യയ്ക്ക് ഇത്ര എന്ന് കണക്കാക്കിയാൽ നമ്മുടെ സ്റ്റേറ്റിൽ 2.5 മാത്രമാണ് ഉള്ളത് എന്ന വസ്തുത ഞാനിവിടെ ചൂണ്ടിക്കാണിക്കുവാൻ ആഗ്രഹി ക്കുന്നു. ഈവക കണക്കുകൾ കാണിക്കുന്നത് നമ്മുടെ സ്റ്റേറ്റിൽ കോളേജ് വിദ്യാഭ്യാസം നാം പ്രതീക്ഷിച്ചവിധം മുന്നോട്ട് പോയിട്ടില്ല എന്നുള്ളതാണ്.

യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ഒരു സ്പെഷ്യൽ കമ്മിറ്റിയെ വച്ച് പുതിയ സർവ്വ കലാശാലകൾ സ്ഥാപിക്കുന്ന തിനെ സംബന്ധിച്ച് അന്വേഷണം നടത്തി ചില മാനദണ്ഡങ്ങ ളെല്ലാം നിശ്ചയിച്ചിട്ടുണ്ടെന്നാണെ നിക്ക് അറിയാൻ കഴിഞ്ഞിട്ടുള്ളത്. അതിൽ പ്രത്യേകമായി പരിഗണി ക്കുന്നത് വിദ്യാർത്ഥികളുടെ എണ്ണം, കോളേജുകളുടെ എണ്ണം, ബിരുദാനന്തര പഠനത്തിനും ഗവേഷണത്തിനുമുള്ള സൗകര്യം, വിദ്യാഭ്യാസ നിലവാരം ഉയർത്തുന്ന കാര്യം എന്നിവയെ ല്ലാമാണ്.

സർ, വിദ്യാർത്ഥികളുടെ എണ്ണം കൊണ്ട് നോക്കിയാലും കോളേജുകളുടെ എണ്ണം കൊണ്ട് നോക്കിയാലും നിർദ്ദേശിക്കപ്പെട്ട എല്ലാ പരിഗണനകൾ വച്ചു നോക്കിയാലും കേരളത്തിൽ ഒന്നിലധികം യൂണിവേഴ്സിറ്റികൾ സ്ഥാപിക്കുന്നത് അത്യന്താപേക്ഷി തമാണ് എന്ന് കാണാവുന്നതാണ്. കേരളാ യൂണിവേഴ്സിറ്റിയെ പ്പോലെ ഇത്ര വമ്പിച്ച ഭാരം വഹിക്കുന്ന ഒരു യൂണിവേഴ്സിറ്റി ഇന്ത്യയിൽ മറ്റേതെങ്കിലും സ്റ്റേറ്റി ലുണ്ടോ എന്നു ഞാൻ സംശ യിച്ചു പോകുകയാണ്. കേരള ത്തിൽ 1961-62 ൽ 55000 വിദ്യാർ ത്ഥികളാണ് കോളേജുകളിൽ പഠിച്ചുകൊണ്ടിരുന്നത്. 1963-64 ൽ അത് 10,000 കണ്ടു വർദ്ധിച്ചു. ഏതാണ്ട് 65,000 ആയി. എന്നാൽ 1964-66 ൽ പഴയ സ്കീമും പുതിയ സ്കീമും അനുസരിച്ച് 127000 ഓളം വരുന്ന നമ്മുടെ വിദ്യാർത്ഥികൾ എസ്.എസ്. എൽ.സി പരീക്ഷയ്ക്ക് എഴുതി ക്കൊണ്ടിരിക്കുകയാണ്. അതിൽ ചുരുങ്ങിയത് 15 ശതമാനം ഏതാണ്ട് 18000 വിദ്യാർത്ഥികൾ പ്രീ യൂണിവേഴ്സിറ്റി ക്ലാസ്സിൽ അടുത്ത ആണ്ടിൽ ചേരുമെന്നും അങ്ങനെ നമുക്ക് 1964-65 ൽ സുമാർ 85000 വിദ്യാർത്ഥികൾ ഈ സ്റ്റേറ്റിൽ കോളേജ് വിദ്യാ ഭ്യാസം ചെയ്യുന്നതിനിടയാകും എന്നുമുള്ള വസ്തുത നാം കാണേണ്ടിയിരിക്കുന്നു. ഇവിടെയുള്ള കോളേജുകളുടെ എണ്ണം നോക്കുമ്പോൾ ആറ് ഓറിയന്റൽ കോളേജുകൾ ഉൾപ്പെടെ ഈ സ്റ്റേറ്റിൽ 90 കോളേജുകളാണുള്ളത്. ഈ വർഷം പുതിയതായി അനുവാദം കൊടുക്കുവാൻ ഉദ്ദേശിക്കുന്നത് 30 കോളേജുകൾക്കാണെന്നും അറിയുന്നു. ഈ നിലയ്ക്ക് ഉദ്ദേശ്യം നൂറ്റി ഇരുപതു കോളേ ജുകൾ ഈ സ്റ്റേറ്റിൽ അടുത്ത വർഷത്തിൽ ഉണ്ടായിരിക്കുവാൻ സാധ്യതയുണ്ട്. 80000 വിദ്യാർത്ഥി കളും 120 ഓളം കോളേജുകളു മുള്ള ഈ സ്റ്റേറ്റിൽ ഒരു യൂണി വേഴ്സിറ്റി മാത്രമാണ് ഉള്ളത് എന്നത് അത്ഭുതകരമായി തോന്നുന്നു. ഈ നിലയ്ക്ക് കേരളാ യൂണിവേഴ്സിറ്റി ഇന്നുള്ള കാര്യക്ഷമത തന്നെ നിലനിർത്തി പ്പോരുന്നതിൽ അവരെ അഭിനന്ദി ക്കേണ്ടിയിരിക്കുന്നു.

ഈയിടെ പത്രത്തിൽ വന്ന ഒരു വാർത്ത ഞാൻ ഓർത്തു പോകുകയാണ്. ഡൽഹി യൂണി വേഴ്സിറ്റിയിൽ ഇപ്പോൾ 28000 ത്തോളം വിദ്യാർത്ഥികളുണ്ട് എന്നും അതുതന്നെ കവിഞ്ഞ എണ്ണമാണ് എന്നുള്ളതുകൊണ്ട് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനു വേണ്ടി അവിടെ ഒരു പുതിയ സർവ്വകലാശാല കൂടി സ്ഥാപിക്കു വാൻ കേന്ദ്രഗവൺമെന്റ് അവ ഗാഢമായി ചിന്തിച്ചുവരുന്നു എന്നുള്ളതാണ് അത്. 28000 വിദ്യാർത്ഥികൾ തന്നെ ഒരു യൂണിവേഴ്സിറ്റിക്ക് കൂടുതലാണ് എന്ന് ഡൽഹി യൂണിവേഴ്സിറ്റി അഭിപ്രായപ്പെടുമ്പോൾ നമ്മുടെ സ്റ്റേറ്റിൽ എത്ര യൂണിവേഴ്സിറ്റി കൾ ഉണ്ടായിരിക്കണം എന്നു

ഞാൻ ചിന്തിച്ചുപോകുകയാണ്.

സർ, അടുത്തകാലത്ത് ആരംഭിക്കുന്നതടക്കം ഇന്ത്യയിലൊട്ടാകെ 55 യൂണിവേഴ്സിറ്റികളും അവയുടെ കീഴിൽ 1300 കോളേജുകളും പന്ത്രണ്ട് ലക്ഷത്തോളം വിദ്യാർത്ഥികളുമാണുള്ളത്. സുമാർ ആവറേജ് എടുത്തു നോക്കിയാൽ ഒരു യൂണിവേഴ്സിറ്റിയിൽ 20000 വിദ്യാർത്ഥികളും 24–25 ഓ കോളേജുകളും മാത്രമാണുള്ളത് എന്ന് കാണാവുന്നതാണ്. ഈ കണക്കുകളുടെ അടിസ്ഥാനത്തിൽ കേരളത്തിൽ മൂന്നോ നാലോ യൂണിവേഴ്സിറ്റികൾക്ക് സാധ്യതയുണ്ട് എന്ന് പറയാതെ നിർവ്വാഹമില്ല.

സർ, ഇനി മറ്റൊരു വാദം, അടിയന്തരാവസ്ഥ നിലവിലുള്ള ഇക്കാലത്ത് പുതിയ യൂണിവേഴ്സിറ്റികൾ ആരംഭിക്കുന്നതിന് ആവശ്യപ്പെടുന്നത് നീതിയുക്തമാണോ എന്നുള്ളതാണ്. എന്നാൽ കേന്ദ്ര ഗവൺമെന്റും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനും ഈ അഭിപ്രായം നിലനിർത്തുന്നതായി തോന്നുന്നില്ല. ഈ അടുത്തകാലത്തു പത്തോളം പുതിയ യൂണിവേഴ്സിറ്റികൾ മധുര, ബാംഗ്ലൂർ, ഉദയപ്പൂർ മുതലായ സ്ഥലങ്ങളിൽ ആരംഭിക്കുന്നതിന് തീരുമാനം എടുത്തിരിക്കുകയാണ്. എന്നാൽ ഈ അവസരത്തിൽപോലും കേരളത്തെപ്പറ്റി പരിചിന്തിച്ചിട്ടില്ലാ എന്നുള്ളത് ഖേദകരമാണ്. മറ്റ് സ്റ്റേറ്റുകളിലുള്ള യൂണിവേഴ്സിറ്റികളുടെ എണ്ണം നാം ഈ അവസരത്തിൽ ഒന്നു പരിചിന്തിക്കുന്നത് ആവശ്യമാണ് എന്ന് ഞാൻ കരുതുന്നു. യു.പി. യിൽ പത്തോളം യൂണിവേഴ്സിറ്റികൾ ഇന്നു നിലവിലുണ്ട്. വെസ്റ്റ് ബംഗാളിൽ ഏഴും മുമ്പത്തെ ബോംബെ സംസ്ഥാനത്ത് ഏഴും ആന്ധ്രയിൽ മൂന്നും മദ്രാസിൽ അടുത്തുതന്നെ ആരംഭിക്കാൻ പോകുന്ന മധുര ഉൾപ്പെടെ മൂന്നും ബിഹാറിൽ നാലും മൈസൂറിൽ മൂന്നും പഞ്ചാബിൽ നാലും യൂണിവേഴ്സിറ്റികളാണ് ഇപ്പോൾ ഉള്ളത്. എന്നാൽ 85000 വിദ്യാർത്ഥികളും 120 ഓളം കോളേജുകളുമുള്ള കേരളത്തിൽ ഒരു യൂണിവേഴ്സിറ്റി മാത്രമാണ് പ്രവർത്തിക്കുന്നത് എന്നുള്ളത് അത്ഭുതകരമായി നാം കണക്കാക്കേണ്ടിയിരിക്കുന്നു.

സർ, ഇവിടെ സ്ഥാപിക്കുന്ന യൂണിവേഴ്സിറ്റികൾ ഏത് തരത്തിലായിരിക്കണം അവ യൂണിറ്ററി ആയിരിക്കണമോ അതല്ല അഫിലിയേറ്റഡ് യൂണിവേഴ്സിറ്റികളായിരിക്കണമോ എന്നുള്ള കാര്യങ്ങളെ സംബന്ധിച്ചെല്ലാം വളരെയധികം അഭിപ്രായ വ്യത്യാസങ്ങളുണ്ടായിരിക്കും. സിൻഡിക്കേറ്റ് ഇതിനെ സംബന്ധിച്ച് ചില അഭിപ്രായങ്ങൾ സമർപ്പിച്ചിട്ടുണ്ടെന്നാണ് എനിക്ക് അറിയാൻ കഴിഞ്ഞിട്ടുള്ളത്. വളരെയധികം പരിചിന്തനത്തിന് ശേഷം തീരുമാനിക്കേണ്ട വിഷയമാണ് ഇതെന്ന് മാത്രമേ ഞാൻ ഈ അവസരത്തിൽ പറയുന്നുള്ളൂ.

അതുപോലെതന്നെ ഇപ്പോൾ കോഴിക്കോട്ടും എറണാകുളത്തുമുള്ള യൂണി വേഴ്സിറ്റി കേന്ദ്രങ്ങൾ സമ്പൂർണ്ണ സർവ്വകലാശാലകളായി ഉയർത്തേണ്ടതാണ് എന്ന് പലർക്കും അഭിപ്രായമുണ്ട്. ഇതും പരിചിന്തിക്കേണ്ടതാണ്. സർ, ഒരു കാര്യം ഈ അവസരത്തിൽ തീർത്തുപറയാൻ കഴിയും. ഏത് തരത്തിലുള്ള യൂണിവേഴ്സിറ്റികളാണ് ഇവിടെ സ്ഥാപിക്കേണ്ടതെന്നുള്ളതിനെ സംബന്ധിച്ച് അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകാമെങ്കിലും ഈ സ്റ്റേറ്റിൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം പരിഗണിക്കുമ്പോഴും ഒട്ടാകെയുള്ള കോളേജുകളുടെ എണ്ണം കണക്കിലെടുക്കുമ്പോഴും ബിരുദാനന്തര പഠനത്തിനും ഗവേഷണത്തിനുമുള്ള സൗകര്യങ്ങൾ കണക്കിലെടുക്കുമ്പോഴും കോളേജു വിദ്യാഭ്യാസത്തിന്റെ നിലവാരം കണക്കിലെടുക്കുമ്പോഴും നമ്മുടെ സ്റ്റേറ്റിൽ കൂടുതലായി യൂണിവേഴ്സിറ്റികൾ സ്ഥാപിക്കേണ്ടതാണ് എന്ന കാര്യത്തിൽ ആർക്കും അഭിപ്രായവ്യത്യാസമുണ്ടായിരിക്കുകയില്ല. ഇതിനു പുറമേ കോളേജ് വിദ്യാഭ്യാസ കാര്യങ്ങൾക്കുവേണ്ടി കേന്ദ്രം ചെലവഴിക്കുന്ന തുകയുടെ ന്യായമായ വിഹിതം ഈ സ്റ്റേറ്റിന് കിട്ടുമാറാക്കുന്നതിനും ഒരു യൂണിവേഴ്സിറ്റി മാത്രം വച്ചുകൊണ്ടുപോകുന്നത് ഉചിതമായിരിക്കുകയില്ല എന്ന കാര്യം തീർച്ചയാണ്. ഈ വക കാര്യങ്ങൾ എല്ലാം പരിഗണിക്കുമ്പോൾ ഈ സ്റ്റേറ്റിൽ ഒന്നിലധികം യൂണിവേഴ്സിറ്റികൾ സ്ഥാപിക്കണമെന്നുള്ള കാര്യത്തിൽ യാതൊരു സംശയത്തിനും അഭിപ്രായ വ്യത്യാസത്തിനും ഇടയില്ല എന്ന് ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ട് പ്രമേയം സർവ്വസമ്മതമായി സഭ പാസ്സാക്കണമെന്നുള്ള അപേക്ഷയോട് കൂടിയും അങ്ങനെ പാസ്സാക്കും എന്നുള്ള പ്രതീക്ഷയോട് കൂടിയും ഞാൻ ഈ പ്രമേയം സഭയുടെ പരിചിന്തനത്തിനായി സമർപ്പിച്ചുകൊള്ളുന്നു.''

**എം. ഗോപാലൻകുട്ടി നായർ**

ഒന്ന്, രണ്ട് കേരള നിയമസഭകളിൽ കൊടുവള്ളി നിയോജക മണ്ഡലത്തിൽ നിന്ന് കോൺഗ്രസ് പ്രതിനിധിയായാണ് എം. ഗോപാലൻകുട്ടി നായർ നിയമസഭയിൽ എത്തിയത്. കോൺഗ്രസ് നിയമസഭാ കക്ഷി ഡെപ്യൂട്ടി ചീഫ് വിപ്പ്, കിഴക്കോത്ത് പഞ്ചായത്ത് ബോർഡ് പ്രസിഡന്റ്, മലബാർ മാർക്കറ്റ് കമ്മിറ്റി, കെ.പി.സി.സി., സംസ്ഥാന ഹജ്ജ് കമ്മിറ്റി എന്നിവയിൽ അംഗം, കോഴിക്കോട് ആഫ്റ്റർ കെയർ ഷെൽട്ടർ ഹോം ചെയർമാൻ, കോഴിക്കോട് സഹകരണ പ്രിന്റിംഗ് പ്രസ്സ് ഡയറക്ടർ, കൊടുവള്ളി സഹകരണ റൂറൽ ബാങ്ക് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.




# 2013 ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താൽപര്യ സംരക്ഷണ ആക്റ്റ്

***(The Kerala Protection of Interests of Deposition in Financial Establishments Act, 2013)***



**റ്റി. മനോഹരൻ നായർ**
സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

സംസ്ഥാനത്തെ സ്വകാര്യ സാമ്പത്തിക സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനായി നിർമ്മിക്കപ്പെട്ട ഒരു നിയമമാണിത്. വൻതോതിലുള്ള ലാഭവിഹിതവും പലിശയും വാഗ്ദാനം ചെയ്തും ദുർഗ്രഹമായ പദ്ധതികൾ ആവിഷ്കരിച്ചും ജനങ്ങളുടെ പണം ധനകാര്യ സ്ഥാപനങ്ങളിൽ നിക്ഷേപിക്കാൻ പ്രേരിപ്പിച്ച് നിക്ഷേപങ്ങൾ സ്വീകരിച്ചശേഷം വാഗ്ദാന ലംഘനം നടത്തി നിക്ഷേപകരുടെ പണവുമായി കടന്നുകളഞ്ഞ അനേകം വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും തട്ടിപ്പുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. കൂടാതെ, ഇത്തരക്കാർ നടത്തുന്ന വിശ്വാസവഞ്ചന പൊതുസമൂഹത്തിന്റെ നിലനിൽപ്പിന് ഭീഷണി ആയിത്തീരുകയും ചെയ്തു. പ്രസ്തുത സാഹചര്യത്തിൽ നിക്ഷേപകരുടെ താൽപര്യങ്ങൾ സംരക്ഷിക്കാനും പണം തിരികെ ലഭിക്കാനും ഇത്തരം തട്ടിപ്പുകളെ വ്യക്തമായ കുറ്റകൃത്യമായി നിർവചിക്കാനും ഉദ്ദേശിച്ചുകൊണ്ട് നിർമ്മിക്കപ്പെട്ട ഒരു നിയമമാണിത്. കൂടാതെ, സമാനതരത്തിലുള്ള അനധികൃത പണമിടപാട് സ്ഥാപനങ്ങളെ നിയന്ത്രിക്കേണ്ടതാണെന്ന് ഭാരതീയ റിസർവ് ബാങ്ക് സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടുന്ന ഒരു സാഹചര്യവും ഉണ്ടായിരുന്നു.

അക്കാലത്ത് കൊമേഴ്സ്യൽ ബാങ്കുകൾ നൽകുന്ന പലിശയെക്കാൾ കൂടുതൽ പലിശ നൽകി നിക്ഷേപകരെ പറ്റിച്ചിരുന്ന 'ടോട്ടൽ ഫോർ യു' പോലുള്ള സ്ഥാപനങ്ങൾ നിരവധി നിക്ഷേപരെ വഞ്ചിച്ച സാഹചര്യവും നില

നിന്നിരുന്നു. നിലവിലുള്ള നിയമ പ്രകാരം അത്തരക്കാർക്കെതിരെ നടപടികൾ കൈക്കൊള്ളുവാൻ നിയമമുണ്ടായിരുന്നെങ്കിലും നിക്ഷേപകർക്ക് അവരുടെ നഷ്ട മായ തുക തിരികെ ലഭിക്കുവാൻ പര്യാപ്തമായ നിയമ വ്യവസ്ഥ കൾ ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. പ്രസ്തുത കുറവ് പരിഹരിക്കുക എന്നതാണ് ഈ നിയമത്തിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യം.

പതിമൂന്നാം കേരള നിയമ സഭയിൽ അന്നത്തെ ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി കെ.എം. മാണി യാണ് ഈ ബിൽ 2013 ഫെബ്രു വരി 14 ാം തീയതി സഭയിൽ അവതരിപ്പിച്ചത്. സബ്ജക്ട് കമ്മിറ്റിയുടെ വിശദമായ പരിശോ ധനയ്ക്കുശേഷം ഫെബ്രുവരി 19 ാം തീയതി സഭ പാസാക്കിയ ബിൽ ഗവർണ്ണറുടെ അനുമതി ക്കായി അയയ്ക്കപ്പെട്ടെങ്കിലും ഗവർണ്ണർ അനുമതി നൽകുന്ന തിനുപകരം രാഷ്ട്രപതിയുടെ അംഗീകാരത്തിനായി റിസർവ് ചെയ്യുകയാണുണ്ടായത്. ഏക ദേശം രണ്ടുവർഷക്കാലത്തിനു ശേഷം 2015 ജനുവരി 31 ാം തീയതിയാണ് രാഷ്ട്രപതി ഈ ബില്ലിന് അന്തിമാനുമതി നൽകിയത്.

ഈ നിയമത്തിൽ ആകെ പതിനാറ് വകുപ്പുകളാണുള്ളത്. നിക്ഷേപം മടക്കി നൽകാത്ത സ്ഥാപനങ്ങളുടെ ജംഗമ വസ്തു ക്കൾ ജപ്തി ചെയ്യുന്നതിനും നിക്ഷേപകരെ വഞ്ചിക്കുന്നവർക്ക് 10 വർഷം വരെ തടവ് നൽകുന്ന തിനും ഇതിൽ വ്യവസ്ഥ ചെയ്യുന്നു. കൂടാതെ അന്വേഷണ വിചാരണയ്ക്ക് പ്രത്യേക കോടതി സ്ഥാപിക്കുന്നതിനും ധനകാര്യ സ്ഥാപനത്തിലെ വസ്തു കൈകാര്യം ചെയ്ത് ഡെപ്പോ സിറ്റേഴ്സിനെ വഞ്ചിക്കുവാൻ വേണ്ടി ബിനാമികളുടെ പേരിലോ വേറെ ആരുടെയെങ്കിലും പേരിലോ മുമ്പു തന്നെ കൈമാറ്റം ചെയ്താൽ ആ കൈമാറ്റം റദ്ദ് ചെയ്തുകൊണ്ട് പ്രസ്തുത വസ്തു ലേലം ചെയ്യുന്നതിനുള്ള അധികാരവും ഈ നിയമം നൽകുന്നുണ്ട്. അത്തരത്തിൽ വിവിധ നടപടികളിലൂടെ നിക്ഷേ പകരുടെ പണം പരിരക്ഷിക്കുന്ന തിനും കബളിപ്പിക്കുന്ന ആളുക ളുടെ പേരിൽ നടപടികൾ സ്വീകരിക്കുന്നതിനും അത്തര ക്കാരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിനും ഉദ്ദേശിച്ചു കൊണ്ടുള്ള ഈ നിയമം അക്കാ ലത്ത് പരക്കെ അംഗീകരിക്കപ്പെ ടുകയുണ്ടായി.

## 'നിങ്ങളുടെ മാവും പൂക്കും'

2013 ഫെബ്രുവരി 14 ാം തീയതി ഈ ബിൽ സഭയിൽ അവതരിപ്പിച്ച വേളയിൽ ചർച്ച യിൽ പങ്കെടുത്തുകൊണ്ട് പി.സി. വിഷ്ണുനാഥ് പ്രസംഗിച്ചത് ഇപ്രകാരമായിരുന്നു.

'ആദ്യമായി മാണി സാറിനെ പ്രത്യേകമായി അഭിനന്ദിക്കുക യാണ്. ഇതിന്റെ ഉദ്ദേശ്യകാരണ ങ്ങളിൽ വിവരിക്കുന്നതുപോലെ വൻതോതിലുള്ള ലാഭവിഹിതവും പലിശയുമൊക്കെ വാഗ്ദാനം ചെയ്ത് വലിയ പരസ്യങ്ങളിൽ ക്കൂടിയൊക്കെ പലരൂപത്തിൽ ആളുകളെ പ്രലോഭിപ്പിക്കുമ്പോൾ സാധാരണക്കാരായവരും മധ്യ വർഗ്ഗക്കാരായവരും റിട്ടയർ ചെയ്ത ഉദ്യോഗസ്ഥന്മാരും പെൻഷൻ പറ്റിയ മുഴുവൻ തുകയും മക്കളുടെ വിവാഹാവശ്യ ത്തിനുവേണ്ടി ഇത്തരം സ്ഥാപന ങ്ങളിൽ കൊണ്ടുവന്ന് നിക്ഷേ പിക്കുകയാണ്. ഇടത്തട്ടുകാരായ, സാധാരണക്കാരായ പാവങ്ങളെ കബളിപ്പിച്ചുകൊണ്ട് നമ്മുടെ നാട്ടിൽ കഴിയുന്ന ഇത്തരം ആളു കളേയും സ്ഥാപനങ്ങളേയും നിയ ന്ത്രിക്കുന്നതിനും ചൂഷണം തട യുന്നതിനും വേണ്ടിയാണ് നിക്ഷേപകരുടെ താൽപര്യ സംര ക്ഷണ ബിൽ ബഹുമാന്യനായ മാണി സാർ ഇവിടെ കൊണ്ടു വന്നിട്ടുള്ളത്. ഇത്തരത്തിലുള്ള ധാരാളം തട്ടിപ്പുകൾ നമ്മുടെ നാട്ടിൽ നടക്കുകയാണ്. ടോട്ടൽ ഫോർ യൂ തട്ടിപ്പിനെക്കുറിച്ച് നമുക്കറിയാം. ഞാൻ സമയ ക്കുറവുകൊണ്ടും മറ്റുള്ളവർ കാര്യങ്ങൾ വിശദീകരിച്ചതു കൊണ്ടും എല്ലാവർക്കും അറി യുന്ന കാര്യമായതുകൊണ്ടു മാണ് പറയാൻ ഉദ്ദേശിക്കുന്നത്. ഇരുപത്തിരണ്ടോ ഇരുപത്തി മൂന്നോ വയസ്സുള്ള ശബരിനാഥൻ എന്ന മീശ മുളയ്ക്കാത്ത ഒരു പയ്യൻ 500 കോടി രൂപയുടെ തട്ടിപ്പ് നടത്തുമ്പോൾ, അങ്ങനെ ഒരാൾ ഒറ്റയ്ക്ക് ആരുടേയും സഹായമില്ലാതെയാണ് അതൊക്കെ ചെയ്തതെന്ന് വിശ്വസിക്കാൻ പ്രയാസമാണ്. ആ സമയത്തുവന്ന വാർത്ത കൾ മാത്രം വായിക്കാം- 'ടോട്ടൽ തട്ടിപ്പ് - വിവാദ സി.ഡി. പരിശോ ധിക്കാനാകില്ലെന്ന് സി-ഡാക്ക്'. ഈ വിവാദ സി.ഡി.യിൽ ഡോക്ടർ രമണിയുടെ സംഭാഷ ണമാണുള്ളത്. ഡോ. രമണി പറ യുന്നതെന്താണ്? ഇതിനകത്ത് ചില മന്ത്രിമാരുടെ മക്കളുടെ പേര്, അത് മൊഴി കൊടുക്കരു തെന്ന് ഒരു ഡി.വൈ.എസ്.പി. അവരോട് ആവശ്യപ്പെട്ടുവെന്നാ ണ് ഡോ. രമണിയുടെ മൊഴി. 'പോലീസും എന്റെ പണം അപ ഹരിച്ചു എന്ന് ശബരി പറയുന്നു' മറ്റൊരു സ്ഥലത്ത്. 'മന്ത്രിപുത്ര ന്മാരെ രക്ഷിക്കാൻ ക്രൈം ബ്രാഞ്ച് രമണിയിൽ സമ്മർദ്ദം ചെലുത്തി' മറ്റൊരു വാർത്ത. ഇതൊക്കെ മാതൃഭൂമി, മലയാള മനോരമ, കേരള കൗമുദി, മംഗളം, മാധ്യമം തുടങ്ങിയ പത്രങ്ങളിൽ വന്ന വാർത്തകളാണ്. അല്ലാതെ പാർട്ടി പത്രമല്ല. ലിസ് എന്നു പറയുന്ന സ്ഥാപനവും ഇതു പോലെയായിരുന്നു. വലിയ പരസ്യമായിരുന്നു. കേരളത്തിലെ ആ ഘട്ടത്തിലുള്ള എല്ലാ ടി.വി. ചാനലുകളുടെയും പ്രൈം പ്രോഗ്രാമെല്ലാം സ്പോൺസർ ചെയ്തിരുന്നത് ലിസ്സാണ്. പരസ്യവാചകം എന്താണ്? 'നിങ്ങളുടെ മാവും പൂക്കും' ആരുടെ മാവാണ് പൂത്തത്? ലിസ്സിന്റെ ഒരു കാലമുണ്ടായി രുന്നു. അതുപോലെ ധാരാളം സ്ഥാപനങ്ങൾ ഇത്തരത്തിൽ മോഹപ്പരസ്യങ്ങളെല്ലാം നൽകി ആളുകളെ കബളിപ്പിച്ച സാഹചര്യ ത്തിലാണ് ഇങ്ങനെയൊരു നിയമം കൊണ്ടുവരുന്നതിനെ

ക്കുറിച്ച് ബഹുമാന്യനായ ധന കാര്യ വകുപ്പുമന്ത്രി ചിന്തിച്ചത്, യു.ഡി.എഫ്. ഗവൺമെന്റ് ആലോ ചിച്ചതെന്നാണ് ഞാൻ മനസ്സിലാ ക്കുന്നത്.'

### 'Today is a historical day'

ചർച്ചയ്ക്ക് മറുപടി പറഞ്ഞ, ബില്ലിന്റെ ചുമതലയുള്ള ധന കാര്യമന്ത്രി കെ.എം. മാണിയുടെ പ്രസംഗം അവസാനിക്കുന്നത് വളരെ നാടകീയമായിട്ടായിരുന്നു.

'ഞാൻ 2011-12 ലെ ബജറ്റ് അവതരിപ്പിച്ചപ്പോൾ ഇതിനു വേണ്ടി ഒരു നിയമനിർമ്മാണം കൊണ്ടുവരുമെന്ന് ബജറ്റിനകത്ത് വാഗ്ദാനം നൽകിയിരുന്നു. അതു കൊണ്ട് ഒരു പർട്ടിക്കുലർ പർപ്പ സിനുവേണ്ടിയാണ് ഇതു കൊണ്ടു വന്നത്. കബളിപ്പിക്കപ്പെടുന്ന ആളുകളെ സംരക്ഷിച്ചുകൊണ്ട് കബളിപ്പിക്കുന്ന ആളിന്റെ കൈ യിൽ നിന്ന് ഏത് നിലയിലാ യാലും അത് ഈടാക്കിയെടു ക്കുന്നതിനു വേണ്ടിയാണ് ഇതു കൊണ്ടുവന്നിരിക്കുന്നത്. ഞാൻ ഈ നിയമം വായിക്കുന്നില്ല. വളരെ വളരെ ലൂപ്ഹോൾസൊ ക്കെയുണ്ടെന്ന് പറഞ്ഞു. പക്ഷേ എല്ലാ ലൂപ്ഹോൾസുകളെയും മാറ്റിക്കൊണ്ടാണ് ഇതുകൊണ്ടു വന്നിരിക്കുന്നത്. ഇതിന്റെ മൂന്നാ മത്തെ ക്ലാസ് വായിച്ചപ്പോൾ എനിക്കുതന്നെ അത്ഭുതം തോന്നി. നല്ലതുപോലെ ഡ്രാഫ്റ്റ് ചെയ്തിരിക്കുന്നു.

ഈ വാചകം വായിച്ചു കൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്. '............ അങ്ങനെയുള്ള ധനകാര്യ സ്ഥാപനത്തിലെ നിക്ഷേപകരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്ന തിനുവേണ്ടി, സർക്കാരിന്, ആ ധനകാര്യ സ്ഥാപനം ശേഖരിച്ച നിക്ഷേപങ്ങളിൽ നിന്നും അതു മുഖേനയും ആ ധനകാര്യ സ്ഥാപ നത്തിന്റെ പേരിലോ മറ്റ് ഏതെ ങ്കിലും ആളുടെയോ സ്ഥാപനത്തി ന്റെയോ പേരിലോ വാങ്ങിയ ഏതെങ്കിലും വസ്തുക്കളോ ആ ധനകാര്യ സ്ഥാപനത്തിന്റെ പേരിലോ അല്ലെങ്കിൽ മറ്റാരുടെ യെങ്കിലും പേരിലോ സമാഹരിച്ച തായി ആരോപിക്കപ്പെടുന്ന പണമോ വസ്തുക്കളോ, അത്തരം പണമോ വസ്തുക്കളോ ജപ്തി ചെയ്യുന്നതിന് ലഭ്യമല്ലെങ്കിലോ, നിക്ഷേപങ്ങൾ മടക്കി നൽകുന്ന തിന് മതിയാകുകയില്ല എന്നോ അതിന് ന്യായമായും തോന്നുന്നു വെങ്കിൽ, പ്രസ്തുത ധനകാര്യ സ്ഥാപനത്തിന്റെയോ, പ്രസ്തുത ധനകാര്യ സ്ഥാപനത്തിന്റെ പ്രമോട്ടർ, പാർട്ട്ണർ, ഡയറക്ടർ, മാനേജർ അല്ലെങ്കിൽ അംഗം എന്നിവരുടെയോ വസ്തു ക്കൾ അല്ലെങ്കിൽ ആ ധനകാര്യ സ്ഥാപനത്തിൽ നിന്ന് പണം കടം വാങ്ങി തിരികെ അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയ ഒരാളിൽ നിന്നും അയാളുടെ വീഴ്ചയുടെ വ്യാപ്തിയോളവും അല്ലെങ്കിൽ ആരുടെ പേരിലാണോ ധനകാര്യ സ്ഥാപനം ശേഖരിച്ച നിക്ഷേപ ങ്ങളിൽ നിന്നും അതുമുഖേനയും വസ്തുക്കൾ വാങ്ങിയിട്ടുള്ളത്, ആ ആളുടെ അങ്ങനെയുള്ള മറ്റേതെങ്കിലും വസ്തുക്കളോ, സർക്കാരിന് യുക്തമെന്ന് തോന്നുന്ന രീതിയിൽ, ജപ്തി ചെയ്തുകൊണ്ടുള്ള......' ഈ നെറ്റിനകത്ത് ഞാനങ്ങ് അത്ഭുത പ്പെടുകയാണ്. എന്തൊരു ഡ്രാഫ്റ്റിംഗാണ് ഈ നിയമം. ഈ നെറ്റിനകത്ത് കുടുങ്ങാത്ത വാളയുണ്ടോ? ഇതിൽ കുടു ങ്ങാത്ത മീൻ ഉണ്ടോ? ഏത് വമ്പനെയും ഈ വലയ്ക്കകത്ത് കുടുക്കാൻ കഴിയത്തക്കവണ്ണമാണ് ഈ ബില്ല് ഡ്രാഫ്റ്റ് ചെയ്തിരി ക്കുന്നത്. ഇതൊരു മാതൃകാ നിയമമാണ്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് ഈ മാതൃക അവലംബിക്കാവുന്നതാണ്. അതുകൊണ്ട് *today is a historical day.* ഇങ്ങനെയൊരു നിയമനിർമ്മാണം സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുന്ന ഈ ദിവസം വളരെ മനോഹര മാണ്. എല്ലാവരും സഹകരിച്ചു കൊണ്ട് നമുക്കിത് സബ്ജക്ട് കമ്മിറ്റിക്ക് വിട്ട് വേഗം ഇത് പാസ്സാക്കണം, അതിന് സഹകരി ക്കണം എന്ന് അഭ്യർത്ഥിച്ചു കൊണ്ട് എന്റെ വാക്കുകൾ ഞാൻ ഉപസംഹരിക്കുന്നു.'

### നെറ്റിൽ കുടുങ്ങാതെ വാളകൾ

ഏറെ ജാഗ്രതയോടെയും ഗൃഹപാഠം നടത്തിയും മുൻകരു തലുകൾ കൈക്കൊണ്ടും രൂപം കൊടുത്ത ഒരു നിയമമായിട്ടുകൂടി അത് നിലവിൽ വന്നതിനുശേഷം പൂർണ്ണമായ തോതിൽ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കു വാൻ കഴിഞ്ഞോ എന്ന കാര്യം സമഗ്രമായി പരിശോധിക്കപ്പെടേ ണ്ടതുണ്ട്. സ്വകാര്യ നിക്ഷേപ തട്ടിപ്പ് എന്ന ആസൂത്രിത കുറ്റ കൃത്യത്തെ ഒരു പ്രത്യേക നിയമ ത്തിന്റെ പരിധിയിൽ കൊണ്ടു വന്നുകൊണ്ട് സമൂഹത്തിൽ ആഴത്തിൽ വേരൂന്നിയിരിക്കുന്ന ഇത്തരം തട്ടിപ്പുകൾക്ക് പൂർണ്ണ വിരാമമിടുക എന്ന ഉദ്ദേശ്യ ത്തോടെ ഒരു പ്രത്യേക നിയമ നിർമ്മാണം നടത്തിക്കൊണ്ട് സർക്കാർ എടുത്ത തീവ്ര പരി ശ്രമം തുടർ പ്രവർത്തനങ്ങളുടെ അഭാവത്തിൽ വേണ്ടത്ര കാര്യ ക്ഷമമായി പ്രവർത്തിച്ചു കാണു ന്നില്ല. നിലവിൽ ഏറിയും കുറ ഞ്ഞുമുള്ള തരത്തിൽ നമ്മുടെ സമൂഹത്തിൽ ഇപ്പോഴും ഇത്തരം തട്ടിപ്പുകൾ നടന്നുവരുന്നു എന്നത് ഗൗരവപൂർവ്വം വീക്ഷിക്കപ്പെടേ ണ്ടതാണ്. നിയമനിർമ്മാണവേള യിൽ വിഭാവനം ചെയ്തിരുന്ന തുപോലെ, സാധാരണ ഗതിയിൽ അത്ര എളുപ്പത്തിൽ നിഷ്കാസനം ചെയ്യാൻ കഴിയുന്ന ഒരു കുറ്റ കൃത്യമല്ല ഈ രംഗത്ത് നടന്നു വരുന്നത് എന്നത് പ്രത്യേകമായി പരിഗണിക്കപ്പെടേണ്ടതുമാണ്. നിയമം നിലവിൽ വന്നതിനു ശേഷം ഒരു വ്യാഴവട്ടക്കാലം പൂർത്തിയാക്കിയെങ്കിലും നിയമ ത്തിലെ വ്യവസ്ഥകൾ വേണ്ടത്ര ഫലപ്രദമായി പ്രയോഗത്തിൽ കൊണ്ടുവരാൻ നാളിതുവരെ കഴിഞ്ഞിട്ടില്ല എന്നതും നമ്മുടെ നിയമസംവിധാനങ്ങൾ ഇക്കാര്യത്തിൽ അത്രത്തോളം കാര്യക്ഷമമായി പ്രവർത്തിക്കു ന്നില്ല എന്നതും വിമർശനാത്മക മായി കാണപ്പെടേണ്ടതാണ്.

*(തുടരും...)*




## പാലൊളി: നിശ്ശബ്ദനായ വിപ്ലവകാരി

**പി.എസ്. ശ്രീകല**

മൈത്രി ബുക്സ് : തിരുവനന്തപുരം, 2024

V212,21y7MOH
32R4

(മുൻമന്ത്രി പാലൊളി മുഹമ്മദ്കുട്ടിയെ കുറിച്ചുള്ള ഓർമ്മക്കുറിപ്പുകൾ)





## പറഞ്ഞതിൽ പാതി

**ബിനോയ് വിശ്വം**

ഗ്രീൻ ബുക്സ് : തൃശ്ശൂർ, 2018.

W691,4wBIN
32Q8

(മഹത് വ്യക്തിത്വങ്ങളെ ക്കുറിച്ചുള്ള വിചാരങ്ങളും ഓർമ്മകളും രാഷ്ട്രീയ ചിന്തകളും)




## ക്യാപ്റ്റൻ

**അനിൽ കുമാർ എ. വി.**

എ.വി. പാപ്പാത്തി പുസ്തകങ്ങൾ : തിരുവനന്തപുരം, 2021

V212,21y7VIJ
32R1

(മുഖ്യമന്ത്രി പിണറായി വിജയന്റെ രാഷ്ട്രീയ ജീവചരിത്രം)





## ശൂദ്രനും സ്ത്രീയും ഭഗവദ്ഗീതയും

**ഡോ. പി. മുരളീധരൻ**

മൈത്രി ബുക്സ്: തിരുവനന്തപുരം, 2022.

R66,6(Y15-5926)
32R2

(ഭഗവദ്ഗീതാ പഠനം)





## അൻബോട് രാജമാണിക്യം (രണ്ടാം പതിപ്പ് )

**എം. ജി. രാജമാണിക്യം ഐ.എ.എസ്.**

ഒലിവ് ബുക്സ്: കോഴിക്കോട്, 2024.

W,8wRAJ 32R4

(എം.ജി. രാജമാണിക്യം ഐ.എ.എസ്.-ന്റെ ജീവിതകഥ.)





## ചരിത്രത്തിലെ നേരും നുണയും

**വെള്ളനാട് രാമചന്ദ്രൻ**

പരിധി പബ്ലിക്കേഷൻസ് : തിരുവനന്തപുരം, 2023.

V212:6 32R4

(പാരമ്പര്യമായി ധരിച്ചു വച്ചിരിക്കുന്ന ചില ചരിത്ര വസ്തുതകളെ ആധുനിക തെളിവുകളുടെയും പുത്തൻ സാഹചര്യങ്ങളുടെയും പിൻബലത്തിൽ വിചാരണ ചെയ്യുന്ന 10 ലേഖനങ്ങളുടെ സമാഹാരം)





### മതം മാനവികത ഭീകരത

**അലിഫ്ഷാഹ് എഡി.**

പേരക്ക ബുക്സ് :
മലപ്പുറം, 2020

W:3(Q)    32R0

(മതത്തെ, മാനവികതയെ, ഭീകരതയെ വിചാരണ ചെയ്യുന്ന പുസ്തകം)





### VINES

**Yadu Vijayakrishnan**

Quantic Books:
Thiruvananthapuram, 2024.

O111,3YAD,V    R4

(Horror fiction)




### ദലിതരും സാമൂഹിക നീതിയും

**രാം പുനിയാനി**
വിവ. ദീപ്തി ജെ. എസ്.

മൈത്രി ബുക്സ്:
തിരുവനന്തപുരം, 2018.

Y5927:44:5(z)    32Q8

(ഇന്ത്യയിലെ ദളിതരുടെ സാമൂഹികാവസ്ഥയും ദളിത് അവകാശങ്ങൾക്കായുള്ള പോരാട്ടങ്ങളും വിശകലനം ചെയ്യുന്ന ഗ്രന്ഥം)





### The Power of One Thought : Master Your Mind, Master Your Life

**B.K.Shivani**

Harper Collins Publishers:
Haryana, 2023.

S:44    R3


(This book narrates the power of effective thinking and personal empowerment)




## The Path To Truth: Mystical Experiences of a Yogi

**Jagadguru Swami Isa**
Tr.: Lalitha Santhakumar

Isa Viswa Prajnana Trust:
Thiruvananthapuram, 2023.
2:3    R3
(Translation of Malayalam book "Saphalamiya Atmiya Yatra". Spiritual journey and mystical experiences of Swami Isa contained in this book)




### Sociology and Modern Social Problems

**Charles A. Ellwood**

Romanson:
Thiruvananthapuram, 2023.

Y:4    R3

(This book refers to current social problems and simple principles of sociology)

**ARIVORAM**
BIMONTHLY I **OCTOBER 2025** I PRICE ₹ 50/-











# അറിവോരം

കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ് മാഗസിൻ

Printed and Published by Dr. N. Krishna Kumar, Secretary, Kerala Legislature Secretariat on behalf of Kerala Legislative Assembly and Printed at Niyamasabha Printing Press, Thiruvananthapuram and Published from Data Resource Development 'B' Section. Kerala Legislature Secretariat, Vikas Bhavan P.O, Thiruvananthapuram-695 033, Chief Editor- A. N. Shamseer.